## അധ്യായം ആറ്

# ആധുനികകവിത ഒന്നാം ഘട്ടം: താളമാതൃകകൾ

മലയാളത്തിലെ ഭാഷാവൃത്തങ്ങൾക്കു പൊതുവെ നാടോടിസംസ്കാരവുമായി ഗാഢബന്ധമുണ്ട്. പ്രസിദ്ധരായ കവികളിലൂടെ പ്രചാരത്തിൽവന്ന പ്രധാനവൃത്തങ്ങൾതന്നെ നാടോടിപ്പാട്ടുകളിലെ വിവിധതാളക്രമങ്ങളെയും ഗതിക്രമങ്ങളെയും ആധാരമാക്കി രൂപംകൊണ്ടതാണ്. മലയാളവൃത്തങ്ങൾക്ക് ലക്ഷണം നല്കിയ ആദ്യകാലഗ്രന്ഥങ്ങൾതന്നെ ഈ ബന്ധം തിരിച്ചറിഞ്ഞിട്ടുമുണ്ട്. കാകളി, കേക, അന്നനട, തരംഗിണി, മഞ്ജരി, നതോന്നത എന്നിങ്ങനെ നാടോടിപ്പാട്ടുകളിൽനിന്നുരുവംകൊണ്ട വൃത്തങ്ങൾക്കും അവയുടെ ചില വകഭേദങ്ങൾക്കും എ. ആർ. രാജരാജവർമ്മയെഴുതിയ വൃത്തമഞ്ജരിയിൽ സംസ്കൃതത്തിലെയും മലയാളത്തിലെയും മറ്റു വൃത്തങ്ങൾക്കൊപ്പം ലക്ഷണങ്ങളും ഉദാഹരണങ്ങളും നല്കിയിട്ടുണ്ട്. നാടോടിപ്പാട്ടുകളിൽ അക്ഷരക്കണക്കിലും മാത്രാക്രമത്തിലും പൊതുവെ കാണാറുള്ള ശൈഥില്യങ്ങളെ ഒഴിവാക്കി പ്രധാനകവികളുടെ കവിതകളിലൂടെ പ്രചാരത്തിൽവന്ന വൃത്തങ്ങളെ അടിസ്ഥാനമാക്കിയാണ് ഈ നിർവചനങ്ങൾ രൂപപ്പെട്ടത്.

ഇങ്ങനെ പൂർവികകവികൾ കവിതയുടെ മുഖ്യധാരയിലെത്തിച്ച വൃത്തങ്ങൾക്കൊപ്പം നാടോടിപ്പാട്ടുകളിലൂടെ പ്രസിദ്ധമായ മറ്റു താളക്രമങ്ങളും കവിതകളിൽ സമൃദ്ധമായി പ്രയോഗിക്കുകയെന്നതാണ് ആധുനികകവിതയുടെ ആദ്യഘട്ടത്തിലെ കവികൾ കൈക്കൊണ്ട രൂപപരമായ ഒരു പ്രധാന രചനാപദ്ധതി. നാടോടിപ്പാട്ടുകളെ അനുസ്മരിപ്പിക്കുന്ന ശ്ലഥഗതി അവരുടെ ചില കവിതകളിലുണ്ടെങ്കിലും നാടോടിപ്പാട്ടുകൾക്കു പൊതുവെയുള്ള രൂപപരമായ ശൈഥില്യങ്ങൾ ഒഴിവാക്കി മറ്റു വൃത്തങ്ങളെപ്പോലെ ക്രമബദ്ധമാക്കുകയെന്ന സാമാന്യരീതിയാണ് മിക്ക രചനകളിലും കാണുന്നത്. ഒപ്പം നാടോടിമട്ടിൽ സ്വന്തമായ ചില താളക്രമങ്ങൾ

രൂപപ്പെടുത്തുന്നതിനുള്ള സാധ്യതയും പല കവികളും പ്രയോജനപ്പെടുത്തിയിട്ടുണ്ട്.

ഇരുപതാം നൂറ്റാണ്ടിന്റെ തുടക്കത്തിൽ പ്രസിദ്ധീകൃതമായ *വൃത്തമഞ്ജരി*ക്കുശേഷം ഇത്തരത്തിൽ പ്രചാരം നേടിയ താളക്രമങ്ങളാണ് ഈ അധ്യായത്തിൽ പഠനവിധേയമാക്കുന്നത്. *വൃത്തമഞ്ജരി*യിൽത്തന്നെ പരാമർശിക്കപ്പെട്ട പ്രധാനവൃത്തങ്ങളിലുള്ള കവിതകൾ ഒഴിവാക്കിയിരിക്കുന്നു. എന്നാൽ താളവ്യവസ്ഥയുടെ കാര്യത്തിൽ വൃത്തമഞ്ജരിയിൽനിന്നു വ്യത്യസ്തമായ പരിചരണം ആവശ്യപ്പെടുന്ന ചില വൃത്തങ്ങൾ മാത്രം അവയുടെ ഘടനാപരമായ പ്രത്യേകതകൾകൊണ്ടുതന്നെ ഇവിടെ പരിഗണിക്കുന്നുണ്ട്.

കവിതകളുടെ രൂപപരമായ പ്രത്യേകതകൾ വ്യക്തമാക്കുന്നതിന് വൃത്തശാസ്ത്രസങ്കേതങ്ങൾക്കൊപ്പം താളശാസ്ത്രത്തിലെ അടിസ്ഥാനസങ്കേതങ്ങളും ഇതിൽ ഉപയോഗിച്ചിട്ടുണ്ട്. കവിതയിലെ താളക്രമങ്ങളെ മാത്രാസംഖ്യയെ അടിസ്ഥാനമാക്കി വിവിധ ഗതിഗതികളായി തിരിച്ചിരിക്കുന്നു. മൂന്നു മാത്രയിലും ആറു മാത്രയിലുമുള്ള ഗണങ്ങൾ ഉൾക്കൊള്ളുന്ന ത്ര്യശ്രഗതിഭേദങ്ങൾ, നാലും എട്ടും മാത്രയിലുള്ള ഗണങ്ങൾ വരുന്ന ചതുരശ്രഗതിഭേദങ്ങൾ, അഞ്ചു മാത്രയുള്ള ഖണ്ഡഗതി, ഏഴു മാത്രയുള്ള മിശ്രഗതി എന്നിങ്ങനെയാണ് വിഭജനം. പദ്യത്തിലെ ഓരോ ഗണവും ഓരോ താളക്രിയയ്ക്കു തുല്യമാണ് എന്ന സാധ്യതയാണ് ഇവിടെ പ്രയോജനപ്പെടുത്തുന്നത്. ഈ ഗതിഭേദങ്ങളിൽ ഉൾപ്പെടാത്ത താളക്രമങ്ങളെ പ്രത്യേകമായി വിശദീകരിക്കുന്നു.

**6. 1. ത്ര്യശ്രഗതി മൂന്നു മാത്ര**

ത്ര്യശ്രഗതിക്ക് കവിതയിൽ ഓരോഗണത്തിലും മൂന്നു മാത്ര വരുന്നത്, ഓരോ ഗണത്തിലും ആറു മാത്ര വരുന്നത് എന്നു രണ്ടു ഭേദമുണ്ട്. ആറു മാത്രയുള്ള ഭേദത്തെ അപേക്ഷിച്ച് ചടുലമാണ് മൂന്നു മാത്രയുള്ള ഭേദം. ഈ വിഭാഗത്തിലുൾപ്പെടുന്ന ചില മാതൃകകൾ ഇവിടെ വിവരിക്കുന്നു.

**6. 1. .1.** ഒരു ഗുരുവിനെത്തുടർന്ന് ഒരു ലഘു എന്ന ക്രമത്തിൽ ഒരു ഗണത്തിൽ മൂന്നു മാത്ര വീതം വരുന്ന താളക്രമത്തിന് പര്യസ്തചാമരം എന്നു പേരിടുന്ന കെ. കെ. വാദ്ധ്യാർ ''വളരെ പഴക്കവും പ്രാബല്യവുമുള്ള ഒരു വൃത്തകുടുംബത്തെയാണ് ഇതു പ്രതിനിധീകരിക്കുന്നത്''[1] എന്നു ചൂണ്ടിക്കാണിക്കുന്നു. *ഇരുപത്തിനാലുവൃത്തം, നിരണംകൃതികൾ* എന്നിവയിൽനിന്ന് അദ്ദേഹം ഉദാഹരണങ്ങളും നല്കുന്നു. ''രാമരാമ രാമരാമ രാമരാമ പാഹിമാം എന്ന സന്ധ്യാനാമകീർത്തനത്തിലെ വൃത്തവും ഇതുതന്നെ''[2] ഓരോ ഗണത്തിലും ലഘു, ഗുരു എന്ന ക്രമമുള്ള സംസ്കൃതവൃത്തമായ പഞ്ചചാമരത്തിനു വിപരീതമായ ഗുരുലഘുക്രമമാവാം പര്യ

സ്തചാമരം എന്ന് ഈ വൃത്തത്തിനു പേരിട്ടതിനു കാരണം.

ഈ താളക്രമത്തിൽ അക്ഷരങ്ങൾക്ക് ഊനതയും ഇരട്ടിപ്പും വരുത്തിയുള്ള പല മാതൃകകൾ കവിതയിൽ സുലഭമാണ്. വൈലോപ്പിള്ളിയുടെ പ്രഭാതഗാനം എന്ന കവിതയിൽനിന്ന് ഉദാഹരണം:

കൽത്തു/റുങ്കി/രുട്ടിൽ/നിന്നു/

കാല്യ/കിരണ/കമ്ര/മാം

മുക്തി/ഗോപു/രത്തി/ലമ്മ/

മുന്നി/ലായ് ക/ടക്ക/വേ

ഉൾത്തു/ടിപ്പൊ/രൊത്തു/ പിൻ-

തു/ടർന്നു/ പോക/ സഹജ/രേ

ഇദ്ദി/നം ശ്വ/സിച്ച/ നമ്മ/ളെത്ര/ സുകൃത/ശാലി/കൾ![3]

ഇവിടെ മാത്രാസംഖ്യക്കു വ്യത്യാസം വരാത്ത തരത്തിൽ ചില ഗണങ്ങൾ സർവലഘുവാക്കിയിരിക്കുന്നത് ശ്രദ്ധേയം. അങ്ങനെ താളഗതി നിലനിർത്തിക്കൊണ്ടുതന്നെ അക്ഷരസംഖ്യയിലും ഗുരുലഘുക്രമത്തിലും സംസ്കൃതവൃത്തങ്ങളിൽ സാധാരണ കാണാറില്ലാത്ത സ്വാതന്ത്ര്യം ഈ ഘടനയിൽ പ്രയോജനപ്പെടുത്തുന്നു.

**6. 1. .2.** ഈ താളഘടനയുടെ മധ്യത്തിൽ ഊനത വരുത്തിയ രീതിയിലും വൈലോപ്പിള്ളിക്കവിതയുണ്ട്:

ഇടികൾ/ കേട്ടു,/ മിന്നൽ ക/,-

ണ്ടിടയി/ടെബ്ഭ/യന്നു/വോ?

കൊടിയ/ കാറ്റു/ ചീറ്റ/വേ

കിടില/മാർന്നു/ ചൂളി/യോ? [4]

ഈ രീതിയിലാണ് കുഞ്ഞിരാമൻ നായരുടെ വീരകേരളം എന്ന കവിത:

ഉയിരു/ണർന്നു/ മേല്ക്കു/മേ-

ലുയരു/മാത്മ/ഗീതി/യിൽ,

വിമല/മൊത്തി/ണങ്ങി/യീ,

വിതത/മന്ദ്ര/ദുന്ദു/ഭി [5]

വരിയുടെ മധ്യത്തിൽ ഊനതയുള്ളതും ഇല്ലാത്തതുമായ വരികൾ ഇടകലർത്തി താളവൈചിത്ര്യം വരുത്തിയതാണ് വൈലോപ്പിള്ളിയുടെ മാനഭംഗം എന്ന കവിത.

ഇതുക/ണക്കു/ കാണു/കി-

ല്ലിതര/ദിക്കി/ലെങ്ങു/മേ,

പുതുമ/കൾക്കു/ കേളി/കേട്ട/ കേര/ളത്തി/ലെന്നി/യേ [6]

**6. 2. ത്ര്യശ്രഗതി ആറു മാത്ര (ഷണ്മാത്രാഗതി)**

**6. 2. 1.** കാകളിയുടെ രണ്ടുപാദത്തിലും അന്ത്യഗണത്തിന് ഒരക്ഷരം കുറവുള്ള വൃത്തത്തെ ദ്രുതകാകളി എന്നാണ് *വൃത്തമഞ്ജരി* വിളിക്കുന്നത്.[7] "ഈ ദ്രുതകാകളിയിൽ മഗണവും ചേർക്കാറുണ്ട്" എന്നും "പാനപ്പാട്ടുകൾക്കും ഇതുതന്നെയാണ് വൃത്തം" എന്നും[8] തുടർന്നുള്ള വിശദീകരണത്തിൽ കാണാം. ചൊല്ലിലും വർണ്ണവിന്യാസത്തിലും ഭിന്നമായ പാന സർപ്പിണിതന്നെയാണെന്ന് *വൃത്തവിചാര*ത്തിൽ സമർത്ഥിക്കുന്നു.[9] *വൃത്തമഞ്ജരി*യിലെ ദ്രുതകാകളിലക്ഷണത്തിനിണങ്ങുന്ന തരത്തിലുള്ള ചില ശീലുകൾ വൃത്തവിചാരത്തിൽ ഉദ്ധരിച്ചിട്ടുണ്ട്. ഉദാഹരണങ്ങൾ:

1. ഇന്നെന്റെ/ മാരൻ വ/രുമെന്നു/ ചൊല്ലി

കാമുറി/ത്തേങ്ങാ ക/ടം വാങ്ങി/ വച്ചു.

2. മുപ്പത്തി/മൂന്നു മ/രം നട്ട/ കാലം

മൂന്നു മ/രമതി/ലേറെ മു/ളച്ചു.[10]

അതായത് *വൃത്തമഞ്ജരി*യിലെ ഉദാഹരണങ്ങൾ പാനയെന്ന സർപ്പിണിക്കു യോജിച്ചവയാണെന്നും ലക്ഷണത്തിനനുസരിച്ച് ശരിയായ ഉദാഹരണങ്ങൾ മേല്പറഞ്ഞ ശീലുകളാണെന്നുമാണ് *വൃത്തവിചാര*ത്തിൽ വ്യക്തമാക്കുന്നത്. മഗണം കൂടി വരുന്നതിനാൽ സ്വാഭാവികമായും അഞ്ചു മാത്രയിലധിഷ്ഠിതമായ കാകളിയുടെ ഖണ്ഡഗതിയിലല്ല, ആറു മാത്രയിലുള്ള ത്ര്യശ്രഗതിഭേദത്തിലാണ് ഈ താളക്രമം ഉൾപ്പെടുന്നത്. *വൃത്തമഞ്ജരി*യിൽ കാണുന്ന ഉദാഹരണങ്ങളിൽനിന്നു ഭിന്നവും നാടോടിപ്പാട്ടുകളിൽ പ്രസിദ്ധവുമായ ഈ ഘടനയിലാണ് ചങ്ങമ്പുഴയുടെ വനബാല എന്ന കവിത:

കാനന/ച്ഛായയിൽ/ത്തന്നെ ക/ഴിച്ചു

കാതരേ,/ നീ നിന്റെ/ ശൈശവ/കാലം;

പച്ചച്ചെ/ടികളും,/ പൂക്കളു/മോരോ/

കൊച്ചുകി/ളികളു/മൊത്തു നീ/ വാണു[11]

പി. കുഞ്ഞിരാമൻ നായരും ഈ താളക്രമം കവിതയിൽ പ്രയോഗിച്ചിട്ടുണ്ട്. ഉദാഹരണം:

ജീവിതം/ നീർത്തും മ/രുഭൂമി/ പൂക്കും

പൂവന/മാക്കും ന/വമീനി/ലാവേ[12]

**6. 2. 2.** ഈ താളഘടനയ്ക്ക് അക്ഷരവിന്യാസവൈവിധ്യത്തിലൂടെ നിർമ്മിച്ച ഇരട്ടിപ്പുരൂപങ്ങൾ ചങ്ങമ്പുഴക്കവിതയിൽക്കാണാം:

വിരസത/ കലരുമി/പ്പരിഭവം/ മൂലം

വെറുതെ നീ/,യെന്തിനെൻ/ പരിസരം/ മൂടി?

തുടുടുടെ/ക്കുതുകങ്ങൾ/ തളിരിട്ടി/ന്നോള-

മിടവിടാ/തതിലെത്ര/ കതിരുതിർ/ന്നാടി? [13]

ബാലാമണിയമ്മയുടെ പ്രാർത്ഥന എന്ന കവിതയ്ക്കും ഇതേ ഘടനതന്നെ.

ജയജയ/ ശാരദേ/ ദേവീ പ/വിത്രേ,

ജഗദഭി/പൂജിത/ധന്യച/രിത്രേ,

തിരുവടി/പ്പാദുകൾ/ പിന്തുടർ/ന്നീടാൻ

വരമരു/ളേണമേ/ ഞങ്ങൾക്കു/ ഭദ്രേ[14]

ഈ താളരീതി പിന്തുടരുന്ന ചങ്ങമ്പുഴയുടെ കാവ്യനർത്തകി എന്ന പ്രസിദ്ധമായ കവിതയുടെ അവസാനത്തെ ഈരടിയിൽ മറ്റൊരു പ്രത്യേകതയും കാണാം:

പോവുന്നോ/ നിൻ നൃത്തം/ നിർത്തി നീ,/ ദേവി?/ - അയ്യോ

പോവല്ലേ,/ പോവല്ലേ,/ പോവല്ലേ,/ ദേവീ![15]

ഇവിടെ 'അയ്യോ' എന്ന രണ്ടക്ഷരം ഇതരഭാഗങ്ങളുടെ താളഘടനയെക്കാൾ കൂടുതലാണ്. കാകളിയുടെ രീതിയിൽ ഊനത വന്ന ഇട നികത്തി ചൊല്ലിയാലും ഈ ഭാഗം താളത്തിലൊതുങ്ങില്ലെന്നും ചൊല്ലുന്ന കാലത്തിന്റെ ഇരട്ടി വേഗതയിൽ ഈ അക്ഷരങ്ങൾ ഉച്ചരിച്ചാലേ താളത്തിനൊക്കുകയുള്ളു എന്നും ശ്രദ്ധിക്കേണ്ടതുണ്ട്. അങ്ങനെ കവിതയിൽ വർണവിന്യാസഭേദങ്ങൾക്കൊപ്പം കാലഭേദംകൂടി വരുത്തുന്നതിനുദാഹരണമായി ഈ വരികൾ കണക്കാക്കാം. ഈ പ്രക്രിയയ്ക്ക് നാടോടിപ്പാട്ടുകളുടെയും നാടോടിത്താളങ്ങളുടെയും സ്വഭാവത്തോടു സാധർമ്യമുണ്ട്.

തിരുവാതിരപ്പാട്ടിലെ പുലവൃത്തത്തിൽ സമാനമായ താളഘടനയിലുള്ള വരികളുണ്ട്:

തളരാത്ത/ വെള്ളോത്തീ/ തളിരിവെ/ള്ളോത്തീ

നാളെ എ/നിക്കൊരു/ പാകൊണ്ട/ത്തരണേ

പായുംകൊ/ണ്ടടിയനെ/തിലേ മ/രേണം

:	പടിപ്പെര/ മതിലിന്റെ/ പൊറമേ വ/രേണം[16]

അതായത് ഈ ഇരട്ടിപ്പുരൂപവും നാടോടിപ്പാട്ടുകളിൽനിന്നുരുവംകൊണ്ടതാണെന്നു കാണാം.

**6. 2. 3.** 'മാവേലി നാടു വാണീടും കാലം' എന്ന ഓണപ്പാട്ട്, വടക്കൻപാട്ടുകൾ എന്നിവയിലൂടെ പ്രസിദ്ധമായ താളഘടനയിലാണ് ഉള്ളൂരിന്റെ സ്വപ്നവും ജീവിതവും എന്ന കവിത:

എണ്ണമ/റ്റുള്ള കി/നാക്കൾ കാ/ണ്മൂ
കണ്ണട/ച്ചാട്ടു മ/യങ്ങിയാൽ/ നാം
ബന്ധമി/ല്ലൊന്നിനു,/ മെങ്ങുനി/ന്നോ
പൊന്തുന്നു/ വ, ന്നവ/ പോയിടു/ന്നു [17]

ഈ താളഘടനയിലാണ് ജി. ശങ്കരക്കുറുപ്പിന്റെ ഒരു ഗാനം എന്ന കവിത.

പാതിരാ/പ്പൂവും ചി/രിച്ചുതു/ള്ളു-
മാതിര/ക്കാലമ/രികിലെ/ത്തി;
അമ്പിളി/ക്കൈനാറി/പ്പൂവു ചൂ/ടി,
മുന്നിൽ നി/ലാവിനേ/യും നട/ത്തി[18]

"ഒരു പുതിയ തിരുവാതിരപ്പാട്ട്" എന്നാണ് കവി ഈ കവിതയ്ക്കു നല്കുന്ന അടിക്കുറിപ്പ്.[19]

ഇടപ്പള്ളി രാഘവൻപിള്ളയും ചങ്ങമ്പുഴ കൃഷ്ണപിള്ളയും ഈ താളഘടനയിലുൾപ്പെടുന്ന ധാരാളം കവിതകൾ രചിച്ചിട്ടുണ്ട്. ഇടപ്പള്ളി രാഘവൻപിള്ളയുടെ കളിത്തോണിയിൽ എന്ന കവിത ഉദാഹരണം:

ഇന്നലെ/ ഞാനൊരു/ സ്വപ്നം ക/ണ്ടു
ഇന്നതൊ/ന്നോതാന/സാദ്ധ്യം തോ/ഴീ![20]

നാടോടിപ്പാട്ടുകളിലൂടെ പ്രസിദ്ധമായ ഈ താളഘടന ചങ്ങമ്പുഴക്കവിതകളിലൂടെ കൂടുതൽ ജനപ്രിയമായി. അദ്ദേഹത്തിന്റെ ഒട്ടേറെക്കവിതകൾ ഈ രൂപത്തിലുണ്ട്. ഉദാഹരണം:

വേനലും/ മഞ്ഞും മ/ഴയുമാ/യി-
ക്കാലം പ/തുക്കെക്ക/ടന്നുപോ/യി.
ആയിരം/ മൊട്ടുകൾ/ പൂക്കളാ/യി;
ആയിരം/ പൂക്കള/ടർന്നുപോ/യി.[21]

വൈലോപ്പിള്ളി ശ്രീധരമേനോന്റെ പല കവിതകളിലും ഈ താളഘടനയുണ്ട്. ഉദാഹരണം:

കൂരിരു/ട്ടിന്റെ കി/ടാത്തി,യെ/ന്നാൽ

സൂര്യപ്ര/കാശത്തി/ന്നുറ്റ തോ/ഴി,

ചീത്തകൾ/ കൊത്തിവ/ലിക്കുകി/ലു-

മേറ്റവും/ വൃത്തിവെ/ടുപ്പെഴു/ന്നോൾ[22]

ഇടശ്ശേരി ഗോവിന്ദൻ നായരുടെ കവിതകളിലും ഈ താളക്രമത്തിനു പ്രചാരമുണ്ട്. ഉദാഹരണം:

നൂറു ശ/തമാനം/ ഞാനൊരാ/ര്യ-

ക്കൂറും കു/ടുമയു/മുള്ള ഹി/ന്ദു[23]

പി. കുഞ്ഞിരാമൻ നായരുടെ ധാരാളം കവിതകൾ ഈ താളക്രമത്തിൽ രചിക്കപ്പെട്ടവയാണ്. ഉദാഹരണം:

പാടാൻ തു/ടങ്ങും ക/ടലിൻ നെ/ഞ്ചിൽ

ഭാവനാ/മുത്തിന്നൊ/ളി തെളി/ഞ്ഞു.[24]

ബാലാമണിയമ്മയുടെ എങ്ങുപോയ്? എന്ന കവിതയ്ക്ക് ഈ താളക്രമമാണ്.

എങ്ങുപോ/യെങ്ങു പോ/യെന്റെ മു/റ്റ-

ത്തെന്നും വ/രാറുള്ള/ കൊച്ചുമ/ക്കൾ?[25]

വൈലോപ്പിള്ളി ചിലയിടങ്ങളിൽ ഇതിനെ മറ്റു വൃത്തങ്ങളോടിടകലർത്തി പ്രയോഗിക്കുന്നു. മഞ്ജരിവൃത്തവുമായി ചേർക്കുന്നതിനുദാഹരണം:

കാക്ക ക/രഞ്ഞൂ പു/ളിമര/ത്തിൽ,

ഏല്ക്കുക/ നേരം പു/ലർന്നുവ/ല്ലൊ.

ഉണ്ണീ, വെ/ളിച്ചം പ/രക്കുന്ന/തും കണ്ടു/

തിണ്ണയിൽ/ ചെന്നു ന/മുക്കിരി/ക്കാം[26]

ഇടശ്ശേരിക്കവിതയിലും ഇത്തരം വരികളുണ്ട്:

ചേതന/ പോലവേ/ കാത്തത/ല്ലേ

ചേച്ചിയി/ച്ചേലണി/പ്പാവക/ളെ

ചേറാണ്ടൊ/രെന്റെ കൈ/ തൊട്ടുപോ/യാ, ലൊട്ടു/

ചേതം, വ/രുമെന്നു/ ചൊന്നത/ല്ലേ?[27]

ഈ ഉദാഹരണങ്ങളിൽ മൂന്നാം വരി കാകളിയുടെ ഘടനയായതിനാൽ മൂന്നും നാലും വരികൾ ചേർത്തു മഞ്ജരിയായി കണക്കാക്കാം. മഞ്ജരിയുടെ രണ്ടാം പാദത്തിന്റെ ഘടനയാണ് ഈ താളത്തിനുള്ളത് എന്ന പ്രത്യേകതയാണ് താളക്രമത്തിന് അടിസ്ഥാനവ്യത്യാസം വരുത്താതെതന്നെ ഇത്തരം കലർത്തൽ സാധ്യമാക്കുന്നത്.

**6. 2. 4.** കുമാരനാശാന്റെ *ചണ്ഡാലഭിക്ഷുകി*യിലെ മൂന്നും നാലും ഖണ്ഡങ്ങളിലുപയോഗിച്ചിട്ടുള്ള താളമാതൃകകൾ *വൃത്തമഞ്ജരീ*പരാമർശമില്ലാത്തതാണ്. മൂന്നാം ഖണ്ഡത്തിൽ,

വെയിൽ മങ്ങി/ച്ചൂടുമൊ/ട്ടൊട്ടൊതു/ങ്ങി
സ്വയമെഴു/ന്നേറ്റുടൻ/ ഭിക്ഷു പോ/യി
വിലയേറു/മെന്തോ ക/ളഞ്ഞു കേ/ഴും
നിലയാർന്ന/ബ്ബാലയും/ വീടു പൂ/കി[28]

എന്നു തുടങ്ങുന്ന വരികൾ പ്രായേണ ഒരു ഗണത്തിൽ അഞ്ചു മാത്ര വീതം വരുന്ന ഖണ്ഡഗതിയിൽ ഉൾപ്പെട്ടതാണെങ്കിലും നാലാം വരിയിലെ ആദ്യഗണംപോലെ ചിലയിടങ്ങളിൽ ആറു മാത്രയുള്ള ഗണങ്ങൾ കാണുന്നത് ചൊല്ലലിൽ ത്ര്യശ്രഗതിയുടെ വകഭേദമായ ഷണ്മാത്രാഗതിയുടെയും സാധ്യത സൂചിപ്പിക്കുന്നു.

''ഇരട്ടിപ്പായിട്ടും അല്ലാതെയും ഉപയോഗിക്കുന്ന വടക്കൻപാട്ടിന് (മാവേലി നാടു വാണീടും കാലം എന്ന മട്ട്) ചങ്ങമ്പുഴയുടെ കാലത്തും അതിനു ശേഷവും പ്രചാരമുണ്ടായി.''[29]

എന്നു പി. നാരായണക്കുറുപ്പ് പറയുന്നു. മാവേലി ഇരട്ടിപ്പ് എന്നു വ്യവഹരിക്കപ്പെടുന്ന ഈ വൃത്തം[30] ചങ്ങമ്പുഴയ്ക്കു മുമ്പുതന്നെ ആശാൻ ഉപയോഗിക്കുന്നുണ്ട്.

ജി. ശങ്കരക്കുറുപ്പിന്റെ ചില കവിതകളും ഈ താളക്രമത്തിൽ ഉൾപ്പെടുന്നു:

ഉലകമാം/ ദർശന/ശാലയി/ങ്കൽ
വിലസുമൊ/രേ ചിത്ര/കംബള/ത്തിൽ
അരുണകി/രണവും/ പാതിര/ത്താരവു-/
മൊരുമി/ച്ചിരിപ്പൂ /വെറുംപുൽക്കൊ/ടി[31]

ചന്ദനക്കട്ടിൽ എന്ന കവിതയിൽ[32] ഈ താളത്തിന്റെ ഇരട്ടിച്ചും അല്ലാതെയുമുള്ള രൂപങ്ങൾ ഇടകലർത്തുന്നതു കാണാം.

ചങ്ങമ്പുഴ കൃഷ്ണപിള്ളയുടെ ഏറെക്കവിതകൾ ഈ താളക്രമത്തിലാണ്. ഉദാഹരണം:

വിജയനും/ സോമനും/ യൗവന/ത്തിൽ

വികസിത/കാന്തിയ/ണിഞ്ഞി/രുന്നു.

ഒരു ഞെട്ടി/ലങ്കുരി/ച്ചാത്തശോ/ഭം

വിലസിടും/ രണ്ടോമൽ/പ്പൂക്കൾപോ/ലെ[33]

ഈ താളക്രമം വൈലോപ്പിള്ളിയും ഉപയോഗിക്കുന്നു. ഉദാഹരണം:

കുതിരയും/ കഴുതയും/ പണ്ടുപ/ണ്ടേ-

യൊരുതറ/വാട്ടുകാ,/രെങ്കിലെ/ന്തേ?

ഒരു പരി/ഹാസമി/ച്ചാർച്ച, പാർ/ത്താൽ

ഇരുവരു/മന്യോന്യ/മത്ര ഭി/ന്നം[34]

ഇടശ്ശേരിയുടെ പല പ്രസിദ്ധകവിതകളും ഈ താളരീതിയിലാണ്:

തുണിനെയ്യും/ മില്ലിൽ പ/ണിമുട/ക്കം

പണിയില്ല/ പട്ടിണി/ നാൾവഴ/ക്കം[35]

കുഞ്ഞിരാമൻ നായരുടെ കവിതകളിലും ഈ താളക്രമത്തിനു പ്രചാരമുണ്ട്. വൈരം വിഴുങ്ങി എന്ന കവിതയിലെ ആദ്യഖണ്ഡത്തിൽനിന്നും ഉദാഹരണം:

പുകൾപൊങ്ങും/ പുണ്യം പു/ലർത്തിപ്പോ/രും

പുലരിതൻ/ കൊച്ചനി/യത്തിയാ/യി,

പിറവിയെ/ടുത്ത നിൻ/ജന്മനാ/ളീ-

ദ്ധരണിക്കൊ/രുത്സവ/മായിരു/ന്നു! [36]

ബാലാമണിയമ്മയുടെ കുളക്കടവിൽ എന്ന കവിതയ്ക്ക് ഈ താളരീതിയാണ്.

അരുണാർക്ക/ദീപ്തിയാ/പ്പാമ്പിൻകാ/വി-

ന്നളകളി/ലേക്കും കി/നിഞ്ഞൊലി/ച്ചു. [37]

ഇടപ്പള്ളി രാഘവൻപിള്ള ഈ താളത്തിന്റെ ഇരട്ടിപ്പിൽ വൈചിത്ര്യങ്ങൾ വരുത്തുന്നു. അപരാധി എന്ന കവിതയിൽ മാവേലിയുടെ ആദ്യഗുരുവിനു മാത്രം ഇരട്ടിപ്പു വരുത്തുന്ന പതിവു രീതിതന്നെ:

അപരാധി/യാണു ഞാൻ,/ ലോകമേ,/ നി-

ന്നനുകമ്പ/യെന്നിലൊ/ഴുക്കിടേ/ണ്ടാ!

അകളങ്ക/ഹൃത്തുക്ക/ളൊന്നുപോ/ലും

തകരാതി/രുന്നിട്ടി/ല്ലിത്രനാ/ളും[38]

എന്നാൽ ഉണരുക എന്ന കവിതയിൽ മറ്റു പല ഗണങ്ങൾക്കും ഇരട്ടിപ്പു വരുത്തുന്ന

തിലൂടെ താളത്തിനു ഘടനാവൈവിധ്യം നല്കുന്നു:

ഉണരുക,/ യുണരുക,/ യോമനേ,/ നീ-
യൂഴിവി/ട്ടോടിയെ/ാളിച്ചു രാ/ത്രി;
വിളറിയ/ വളർമതി/യുഡുനിര/യെ
വേഗം വി/ളിച്ചു ഗ/മിച്ചതെ/ങ്ങോ.[39]

**6. 2. 5.** താളരീതി സമാനമായിരിക്കെത്തന്നെ വർണസന്നിവേശത്തിൽ വ്യത്യാസം വരുത്തിയിട്ടുള്ള ചില കവിതകളുമുണ്ട്. ഉള്ളൂരിന്റെ നർമ്മസല്ലാപം എന്ന കവിത നോക്കുക:

കുമുദിനിയൊ/ടോതിനാൻ/ മന്ദവാ/യു:
സുമുഖിയൊരു/ മുഗ്ധ നീ/ തർക്കമി/ല്ല
മധുരമൃദു/ഹാസമെ/ന്തിപ്രകാ/രം
വിധുവിനുടെ/ നേർക്കു നീ/ തൂകിടു/ന്നു?[40]

ഉള്ളൂരിന്റെ പുഴമൊഴി[41] എന്ന കവിതയിലും ഇതേ താളഘടന കാണാം. എന്നാൽ ഓരോ വരിയിലെയും ആദ്യഗണത്തിലെ 'തകതകിട' എന്ന മട്ടിലുള്ള വർണഘടനയിലൂടെ അഞ്ചു മാത്ര വീതം വരുന്ന ഖണ്ഡഗതിയാണിതെന്ന സംശയം ദൂരീകരിച്ചുകൊണ്ട് ഈ ഘടനയുടെ ചൊൽവടിവ് ആറു മാത്രയുള്ള ത്ര്യശ്രഗതിയിലുറപ്പിക്കുന്ന രീതി ഇടപ്പള്ളിയുടെയും ചങ്ങമ്പുഴയുടെയും കവിതകളിൽക്കാണാം. ഇടപ്പള്ളിയുടെ സഖികൾ എന്ന കവിതയിലെ വരികൾ നോക്കുക:

പരഭൃതികേ!/ നീയെന്താ/ണെന്നോടി/ത്ഥം
പരിഭവമാ/യോരോന്നു/രച്ചിടു/ന്നൂ?
അതികഠിനം/ താവക/മീവച/നം
മതിതളിർ മേ/ തട്ടിത്ത/കർത്തീടു/ന്നൂ![42]

ഇവിടെ 'തകതകധിം' എന്ന രീതിയിൽ ആദ്യഗണത്തിലെ അഞ്ച് അക്ഷരങ്ങളുടെ മാത്രാസംഖ്യ ആറ് ആകുന്നതിലൂടെ ഗതിക്രമം ത്ര്യശ്രഗതിയുടെ വകഭേദമാകുന്നു.

ചങ്ങമ്പുഴക്കവിതയിലും ഈ രീതിക്ക് ധാരാളം മാതൃകകളുണ്ട്:

അവനിയി,ലെൻ/ കാമുക/നാമധേ/യം
അയി സഖി, നീ/യാരോടും/ ചൊല്ലരു/തേ!
ഒരു നിമിഷം/ നീയൊന്നു/ കണ്ണട/യ്ക്കൂ
വിരവിലതീ/ മണ്ണിലെ/ഴുതിടാം/ ഞാൻ. [43]

**6. 2. 6.** ഓരോ ഗണത്തിലും ചൊൽവടിവനുസരിച്ച് ആറു മാത്ര വീതം വരാവുന്ന ശ്ലഥകാകളിയുടെ ഓരോ വരിയിലെയും ആദ്യക്ഷരം ഈരണ്ടു ലഘുവാക്കുകയും ഒപ്പം രണ്ടാം പാദത്തിൽ അവസാനത്തെ രണ്ട് അക്ഷരം കുറയ്ക്കുകയും ചെയ്തു നിർമ്മിച്ച താളഘടനയ്ക്ക് ചങ്ങമ്പുഴയുടെ വാഴക്കുലയിലൂടെ വലിയ പ്രചാരം സിദ്ധിച്ചു. ആ കവിതയിൽനിന്ന് ഉദാഹരണം:

മലയപ്പു/ലയനാ/ മാടത്തിൻ/ മുറ്റത്തു/
മഴ വന്ന/ നാളൊരു/ വാഴ ന/ട്ടു.
മനതാരി/ലാശകൾ/പോലതി/ലോരോരോ/
മരതക/ക്കൂമ്പു പൊ/ടിച്ചുവ/ന്നു.[44]

മഞ്ജരിവൃത്തത്തിലുള്ള വരികളുടെ ആദ്യക്ഷരമായ ഗുരുവിനെ രണ്ടു ലഘുവാക്കിയാൽ ലഭിക്കുന്ന ഈ താളഘടനയിലാണ് ജി. ശങ്കരക്കുറുപ്പിന്റെ പഥികന്റെ പാട്ട് എന്ന പ്രസിദ്ധകവിത.

മുകളിൽ മി/ന്നുന്നൊരു/ താരമേ/ ചൊൽക നീ-/
യകലെയെ/ങ്ങാനും പ്ര/ഭാതമു/ണ്ടോ?
അരിമ കോ/ലുന്ന നി/ന്നാനന്ദ/മിങ്ങനെ/
വിരിവതെ/ന്തദ്ഭുത/ഹർഷവാ/യ്പാൽ?[45]

ഇടശ്ശേരിക്കവിതകളിലും ഈ രീതിയിലുള്ള വരികൾ കാണാം.

പുതുമഴ/യ്ക്കാകവേ/ പൂട്ടിമ/റിച്ചിട്ടു/
പുതിലിറ/ങ്ങിക്കൊണ്ടോ/രിപ്പറ/മ്പിൽ
പടുമുള/ പൊട്ടിപ്പ/ടർന്നോരു/ മുൾച്ചീര-/
ച്ചെടിയിതാ/ നില്പൂ ത/ഴച്ചു പൊ/ന്തി[46]

കൂടാതെ കല്യാണപ്പുടവയെന്ന കവിതയിലെ രണ്ടാം ഖണ്ഡത്തിലെ ചില വരികൾക്കും[47] ഈ ക്രമംതന്നെ.

പി. കുഞ്ഞിരാമൻ നായരുടെ കലാകാരൻ എന്ന കവിതയിലെ രണ്ടാം ഖണ്ഡത്തിന് ഈ താളക്രമമാണ്.

അളികളും/ കാറ്റും പ/രത്തിക്കി/ളരുമാ/
നളിനത്തിൻ/ പാവന/സൗരഭ/ത്തെ
തടവിക്കു/ളുർമയി/ലാണ്ടു, സ/മീരനാ-/

ത്തടിനിതൻ/ പുണ്യോർമ്മി/ശീകരത്തെ[48]

അദ്ദേഹത്തിന്റെ പുലരി[49] എന്ന കവിത മറ്റൊരുദാഹരണം.

**6. 2. 7.** അപൂർവം ചിലയിടങ്ങളിൽ വള്ളത്തോൾക്കവിതയിൽ സാധാരണ കാണാത്ത ചില താളക്രമങ്ങളുണ്ട്. പ്രേമഗീതം എന്ന കവിതയിൽ പ്രധാനവൃത്തം കാകളിയാണെങ്കിലും ഇടയ്ക്ക് പല ശീലുകളിലുള്ള ഈരടികളായി പത്തു വരികളുണ്ട്. ഇതിൽ രണ്ട് ഈരടികൾ ഒരേ ശീലിലാണ്.

(1) തരികൊരു/ ചുംബനം,/ തരികൊരാ/ലിംഗനം;/

തരുണി, നീ/യെൻ തനി/ത്തങ്കമ/ല്ലേ![50]

(2) ഒളിമിന്നു/മെന്നുടെ/ പൊന്നിൻകി/നാവുകൾ/

പുളകങ്ങൾ/ പൂശിപ്പു/ളച്ചിട/ട്ടേ![51]

ഈ ഈരടികൾ ഒരു ഗണത്തിൽ ആറു മാത്രകൾ വീതം വരുന്ന ത്ര്യശ്രഗതിയുടെ ഇരട്ടിപ്പുരൂപത്തിലാണ്. രണ്ടാം വരിയിലെ അന്ത്യഗണത്തിൽ ഒരു ഗുരുവക്ഷരം മാത്രമേയുള്ളൂ എന്ന പ്രത്യേകതയുമുണ്ട്. അത്തരത്തിൽ ഗണഘടനയിലും രണ്ടാം പാദത്തിന്റെ അന്ത്യത്തിലെ ഊനതയ്ക്കും ഇതു മഞ്ജരിവൃത്തത്തിനു തുല്യമാണ്. അക്ഷരങ്ങളിൽ വരുത്തുന്ന ഇരട്ടിപ്പാണ് ഈ ഘടനയുടെ സവിശേഷത.

ചങ്ങമ്പുഴയുടെ പല കവിതകളിലും ഈ രീതിയുണ്ട്. സോളമന്റെ ഗീതങ്ങളുടെ വിവർത്തനമായ ദിവ്യഗീതം എന്ന കവിത ഉദാഹരണം:

തവ രാഗം/ വയിനിലും/ മധുരം- ത/ന്നധരത്താ-/

ലവനെന്നിൽ/ച്ചൊരിയട്ടേ/ ചുംബന/ങ്ങൾ!

തവ വിവിധ/ മഹിതതര/ലേപന/ദ്രവ്യങ്ങൾ/

തടവീടും/ സൗരഭ്യ/ലഹരിക/ളാൽ[52]

വൈലോപ്പിള്ളിയും സമാനമായ താളക്രമത്തിലുള്ള വരികൾ രചിച്ചിട്ടുണ്ട്.

ഗതി മുട്ടി,/ നീതിതൻ/ വെടി പൊട്ടി,/ മൂന്നു പേർ/

മൃതിപെട്ടു/ തൊഴിലാളർ/ പെരുമല/യിൽ[53]

ഇടശ്ശേരിക്കവിതകളിലും ഈ രീതിക്കു പ്രചാരമുണ്ട്:

പ്രിയതരമാം/ ഞങ്ങൾക്കാ/ പുരയിടം,/ സ്വർഗവും/

പകരം കൊ/ടുക്കാമ/തിന്നു വേ/ണ്ടി

അവിടെ ജ/നിച്ചു ഞാ/നവിടെ വ/ളർന്നു ഞാ-/

നവിടെക്കി/ടന്നു താൻ/ മൃതി മോഹി/പ്പൂ[54]

ബാലാമണിയമ്മയുടെ വൃദ്ധകന്യ എന്ന കവിത മറ്റൊരുദാഹരണം:

അരികിലേ/ക്കിളവെയിൽ/ നീന്തുവാ/നെന്തേയീ-/

യരുവിതൻ/ വക്കത്തു/ ഞാനിരി/ക്കെ?

പുലരിക/ളൊന്നിലും/ മുൻപു കാ/ണാത്തൊരു/

പൊലിമയെ/മ്പാടും പ/രക്കാനെ/ന്തേ?[55]

മാവേലി, മാവേലി ഇരട്ടിപ്പ്, മഞ്ജരി, മഞ്ജരി ഇരട്ടിപ്പ് എന്നിവ ഇടകലർത്തി ഉപയോഗിക്കുന്ന രീതി വൈലോപ്പിള്ളിക്കവിതയിൽ കാണാം.

പുഴു കേറി/ത്തിന്നെന്റെ/ കരിവേപ്പു/ കാലിയായ്,/

കഴുവേറി/പ്പുഴുവിനെ/ ഞാനര/യ്ക്കും.

പച്ചില/യൊക്കെയും/ കത്രിക/പ്പല്ലിനാൽ/

പപ്പടം/പോലവൻ/ തിന്നുവ/ല്ലോ[56]

ഇതിൽ ആദ്യത്തെ ഈരടി മഞ്ജരി ഇരട്ടിപ്പും രണ്ടാം ഈരടി മഞ്ജരിയുമാണ്. ഇതിനു തുടർച്ചയായിക്കാണുന്നത് മാവേലിയെന്നറിയപ്പെടുന്ന വടക്കൻപാട്ടുരീതിയിലുള്ള വരികളാണ്:

കാർക്കിച്ചു/ വെറ്റില/ച്ചണ്ടി തു/പ്പി-

ക്കർഷകൻ/ പോയിക്ക/ഴിഞ്ഞനേ/രം[57]

മറ്റൊരു ഉദാഹരണം:

പത്തരി/ക്കൊരു കല്ലു/വീതമു/ണ്ടേ

പറ്റില്ല/ കല്ലിവ/യൊക്കെ നീ/ക്കാൻ

മഞ്ചാടി/യോളം മു/ഴുത്തവ/യുണ്ടതിൽ/

മൺതരി/പ്രായവു/മേറെയു/ണ്ടേ [58]

ഇതിൽ ആദ്യവരി മാവേലി ഇരട്ടിപ്പും രണ്ടാം വരി മാവേലിയും മൂന്നും നാലും വരികൾ ചേർന്നാൽ മഞ്ജരിയുമാണ്.

കുരങ്ങുരാമൻ [59] എന്ന കവിതയിൽ ഇത്തരം ഘടന കൂടുതൽ ശ്ലഥമാകുന്നതു കാണാം. ആറുമാത്ര വീതമുള്ള ത്ര്യശ്രഗതിഭേദത്തിൽ ചൊല്ലാനുള്ള സാധ്യതയാണ് ഈ കലർപ്പുകളിൽ ഉപയോഗിക്കുന്നത്.

**6. 2. 8.** ഗതിഭേദമേതെന്ന കാര്യത്തിൽ വിവിധവൃത്തശാസ്ത്രകാരന്മാർക്ക് മതഭേദമുള്ള ഒരു ചൊൽവടിവിന് ആധുനികമലയാളകവിതയിൽ വലിയ പ്രചാരമുണ്ട്. *വൃത്തമഞ്ജരി*യിൽ ദ്രു

തകാകളി, പാന, സർപ്പിണി എന്നിങ്ങനെ ഒരേ പേരു വിളിക്കുന്ന പാനപ്പാട്ടിന്റെ ഓരോ വരിയുടെയും അന്ത്യാക്ഷരം ഉപേക്ഷിച്ചാൽ ഈ താളഘടന ലഭിക്കും. ഖണ്ഡഗതിയിലുള്ള ചൊൽവടിവിന് ഓരോ വരിയുടെയും ആദ്യഗണം അനാഗതമായി കണക്കാക്കണം. ഉദാഹരണം:

xഅന്തി/യിൽ നിൻ ചി/റകിൽനി/ന്നെങ്ങു/

xചിന്തി/ടുന്നു ശ/ബളവർ/ണ്ണത്താൽ/

xനിന്നു/ കത്തവേ/ മേഘമേൽ/മച്ചു/

xനിന്നി/ലേക്കു തി/രിച്ചവർ/ പോന്നു [60]

ഇതേ അക്ഷരഘടന ആറു മാത്ര വീതം വരുന്ന ത്ര്യശ്രഗതിയിലാണെന്നു സൂചിപ്പിക്കുന്ന ഒരു ഗീതം ഗീതാഞ്ജലീവിവർത്തനത്തിൽക്കാണാം:

എന്നെ-/ക്കണ്ടെത്താ/നുള്ള നിൻ/ യാത്ര

എത്ര- /കാലംമുൻ/പാരംഭി/ച്ചാവോ?

നിന്റെ-/ സൂര്യനും/ ചന്ദ്രനു/മെന്നും

നിന്നെ-/ യുണ്ടോ മ/റയ്ക്കാനാ/വുന്നു?[61]

ചൊൽവടിവനുസരിച്ച് ആദ്യഗണത്തിലുള്ള ഊനത '—' അടയാളത്തിലൂടെ കവിതയിൽത്തന്നെ സൂചിപ്പിച്ചിട്ടുണ്ട്. 'കോടക്കാർമുകിൽവർണ്ണനന്നേരം'. എന്നിങ്ങനെയുള്ള പാട്ടുകളിൽ ഉപയോഗിച്ചിട്ടുള്ള ഈ താളക്രമത്തെ ഊനസർപ്പിണിയെന്നാണ് *വൃത്തവിചാര*ത്തിൽ വ്യവഹരിക്കുന്നത്.[62]

ചങ്ങമ്പുഴക്കവിതയിലും സമാനരൂപത്തിലുള്ള വരികൾ കാണാം:

സ്തബ്ധ/മായീ സ/ഭാസദ/നാന്തം

ലബ്ധ/സംഗീത/സാന്ദ്രപ്ര/ശാന്തം.

സ്വർണ്ണ/സിംഹാസ/നത്തിലി/രിക്കും

മന്ന/വന്റെ ക/ടമിഴി/ക്കോണിൽ[63]

വൈലോപ്പിള്ളി ശ്രീധരമേനോന്റെ പല പ്രസിദ്ധകവിതകളും ഈ താളക്രമത്തിലാണ്.

പൊന്നു/ഷസ്സിന്റെ/ കൊയ്ത്തിൽനി/ന്നൂരി-

ച്ചിന്നി/യ കതിർ/ ചുറ്റും കി/ടക്കെ,/

മേവി/ കൊയ്ത്തുകാർ/ പുഞ്ചയിൽ,/ ഗ്രാമ-

ജീവി/തകഥാ/നാടക/ഭൂവിൽ[64]

പി. കുഞ്ഞിരാമൻ നായരും ഈ താളക്രമം ഉപയോഗിക്കുന്നു.

ആരു/ തീർത്തതെ/ന്നുള്ളതുൾ/ക്കാവി-

ലോരാ/തുള്ള പു/ലരിപ്പൊൻ/കോവിൽ

ഭാസ്സിൽ/ മുക്കി വി/ഷുക്കണി,/ സത്യ-

ഭാസ്ക/രമണി/മംഗള/മേനി[65]

ഈ രീതി ബാലാമണിയമ്മയും ഉപയോഗിച്ചിട്ടുണ്ട്.

ഓണ/വിൽപ്പന/ കോൾകൊള്ളും/ ഷാപ്പിൽ

ഞാനു/മമ്മയു/മിന്നലെ/ച്ചെന്നു [66]

ലഭ്യമായ താളക്രമത്തിൽ, കൂടുതൽ ലഘുവർണങ്ങൾ വിന്യസിച്ച് ഇരട്ടിപ്പു സൃഷ്ടിക്കുന്ന രീതി ചങ്ങമ്പുഴ ഈ ഘടനയിൽ പ്രയോഗിക്കുന്നു:

അനുഭ/വങ്ങളേ/, നിങ്ങളി/നിമേ-

ലനുവ/ദിക്കില്ലാ/ സ്വപ്നം ര/ചിക്കാൻ.

മധുര/ചിന്തകൾ/ ചാലിച്ച/ ചായം

വിധി മു/ഴുവനും/ തട്ടിക്ക/ളഞ്ഞു[67]

ഉപസർപ്പിണിയുടെ പാദാന്ത്യത്തിൽ ഊനത വരുന്ന ഊനോപസർപ്പിണിക്കുള്ള സാധ്യത *വൃത്തവിചാര*കാരൻ സൂചിപ്പിക്കുന്നു.[68] ആ സാധ്യത പ്രയോജനപ്പെടുത്തുന്നതിനുദാഹരണമാണ് മുകളിലുദ്ധരിച്ച വരികൾ.

ഈ താളശൈലിയിലുള്ള കവിതകൾ ഇടശ്ശേരിയും രചിച്ചിട്ടുണ്ട്.

ശോണ/മാണിക്യ/രത്നം പോ/ലുള്ളിൽ-/

ശ്ശോഭാ/പൂരം പൊ/ഴിപ്പതി/തെന്തോ?[69]

ഈ താളക്രമത്തെ സംബന്ധിച്ചു പ്രധാനമാണ് ഇടശ്ശേരിയുടെ നാളത്തെ പാട്ട് എന്ന കവിത.

നേടീ/ ഞങ്ങൾ മ/നുഷ്യാവ/കാശം

പാടീ /ഞങ്ങൾ മ/നോജ്ഞാഭി/ലാഷം

ആടീ/ ഞങ്ങൾ സ/മൃദ്ധിതൻ/ നൃത്തം

കൂടീ/ ഞങ്ങളി/ലേകത്വ/ബോധം[70]

എന്നീ വരികളിൽ രണ്ടാമക്ഷരം ഗുരുവാകുന്നതിലൂടെ യതി രണ്ടാമക്ഷരത്തിലാണെന്നു

സൂചിപ്പിക്കുകയും ഗതിക്രമം ആറുമാത്രയിലുള്ള ത്ര്യശ്രത്തിലുറപ്പിക്കുകയും ചെയ്യുന്നു. തുടർന്ന് ആറു മാത്രയുള്ള ത്ര്യശ്രഗതിയിൽത്തന്നെ വ്യത്യസ്തമായ ഒരു താളഘടന നല്കുകയും ചെയ്യുന്നു:

ദുരിതങ്ങ/ളില്ലിനി-/

ദ്ദോഷങ്ങ/ളില്ലിനി-/

ച്ചരിതങ്ങൾ/ക്കുണ്ടാമേ/ ചാരുX/ത്വം.[71]

**6. 2. 9.** പി. കുഞ്ഞിരാമൻ നായരുടെ അലമാല എന്ന കവിതയിൽ മറ്റൊരു രീതി കാണാം.

നീല/മാമല/ച്ചോടുമു/തൽക്കിതാ/

പറ്റടി/വെച്ചു ന/ടന്നു ഞ/ങ്ങൾ

നാഗ/മൂതുന്ന/ ചന്ദന/ക്കാവിലും/

പറ്റടി/വെച്ചു ന/ടന്നു ഞ/ങ്ങൾ[72]

മഞ്ജരിവൃത്തത്തിന്റെ ഒന്നാം വരിയിലെ ആദ്യഗണത്തിൽ ഒരക്ഷരം കുറച്ചാൽ ഈ ഘടന ലഭിക്കും. ശ്ലഥകാകളിയുടെ ഘടനയെ അടിസ്ഥാനമാക്കി നിരീക്ഷിക്കുമ്പോൾ, ഈ ഈരടികളിലെ ആദ്യവരികളിൽ ആദ്യഗണത്തിലും രണ്ടാം വരികളിൽ അന്ത്യഗണത്തിനും ഊനത സംഭവിക്കുന്ന സവിശേഷത കാണാം. ഇതേ വരികൾ പ്രപഞ്ചം[73] എന്ന കവിതയിലും ആവർത്തിക്കുന്നു. അലമാലയിൽ ഇത്തരത്തിലുള്ള കുറച്ചു വരികൾക്കു ശേഷം[74] മഞ്ജരിവൃത്തത്തിലേക്കു കടക്കുന്നു എന്നതു താളഘടനയുടെ ഗോത്രബന്ധം വ്യക്തമാക്കുന്നു.

**6. 2. 10.** മഞ്ജരിവൃത്തത്തിന്റെ രണ്ടാം വരിയിൽ ഒരക്ഷരം കുറഞ്ഞ രീതിയിലും കുഞ്ഞിരാമൻ നായരുടെ ചില കവിതകളുണ്ട്. ഉദാഹരണം.

മഞ്ഞക്കി/ളി പാടി;/ പിന്നെയും/ പൂത്തല്ലോ/

പൊന്നോണ/ക്കാലത്തിൻ/ മന്ദാ/രം;

പാരാതെ/തട്ടിത്തു/റക്കയായ്/പ്പുത്തരി-/

പ്പാടങ്ങൾ /പൂട്ടിയ/ പത്താ/യം[75]

ഈ വരികൾ ചൊല്ലലിൽ താളബദ്ധമാക്കുന്നതിന് രണ്ടാം വരിയിലെ മൂന്നും നാലും ഗണങ്ങളിലുള്ള ഓരോ അക്ഷരം നീട്ടിച്ചൊല്ലേണ്ടതുണ്ട്. അദ്ദേഹത്തിന്റെ വിത്തറ്റ കൃഷി[76] യിലും ഇത്തരം വരികൾ കാണാം.

**6. 2. 11.** കുമാരനാശാന്റെ ചണ്ഡാലഭിക്ഷുകിയിലെ നാലാം ഖണ്ഡത്തിൽ,

ഭിക്ഷുണീ/മന്ദിരം/ തന്നിൽ-/ ബുദ്ധ-

ശിക്ഷിത/ വാണു മാ/തംഗി

ഭൂഷണ/മൊക്കെ വെ/ടിഞ്ഞു-/ ബാല-

തോഷിച്ചു/ കൂന്തല/രിഞ്ഞു[77]

എന്ന വരികൾ ആറു മാത്രയുള്ള ത്ര്യശ്രഗതിയിലുൾപ്പെടുന്നു. ഇതേ ഗതിഭേദത്തിലുള്ള ശ്ലഥകാകളിയുമായി താരതമ്യപ്പെടുത്തുമ്പോൾ ചൊൽവടിവനുസരിച്ച് ആദ്യപാദത്തിലെ മൂന്നും നാലും ഗണങ്ങളിൽ ഓരോ അക്ഷരവും രണ്ടാം പാദത്തിൽ നാലക്ഷരങ്ങളും കുറവുണ്ട്. സാമൂഹികാംശങ്ങൾ കൂടുതലുള്ള കാവ്യത്തിലാണ് നാടോടിപ്പാട്ടുകളിൽനിന്നുരുവം കൊണ്ട ഈ താളമാതൃകയുടെ സാന്നിധ്യമെന്നത് ആശാൻകവിതയിൽ വന്നുചേർന്ന പരിണാമത്തിന്റെകൂടി സൂചകമാണ്. *പുഷ്പവാടി* എന്ന സമാഹാരത്തിലെ കുട്ടിയും തള്ളയും[78] എന്ന കവിതയിൽ ഈ താളമാതൃകയ്ക്ക് ദാർശനികതലം നല്കുന്ന വിധം ആശാൻ ഉപയോഗിച്ചിട്ടുണ്ട്. ഇതിന്റെ ചൊൽവടിവിനെക്കുറിച്ച് താരാട്ടുമട്ട് എന്നാണ് അവിടെ സൂചിപ്പിച്ചിരിക്കുന്നത്.[79] അത് ഇരയിമ്മൻ തമ്പിയുടെ പ്രസിദ്ധമായ 'ഓമനത്തിങ്കൾക്കിടാവോ'[80] എന്ന താരാട്ടിന്റെ താളമാതൃകയിലായതിനാലാവണം.

നാടോടിപ്പാട്ടുകളിലും ഈ ഘടനയിലുള്ള വരികൾ കാണാം. പാണരുടെ പാട്ടുകളിൽനിന്ന് ഒരുദാഹരണം:

ശാപത്തെ/ വേഗാലെ/ാഴിക്ക-/ മുനി-

കോപത്തെ/യാർക്കും സ/ഹിക്കാ

ആപത്തേ/ തീർത്തു പാ/ലിക്കാ-/ പരി

താപത്തെ/ പോക്കിത്തു/ണയ്ക്കാ[81]

പടയണിയിലെ പുലവൃത്തപ്പാട്ടുകളിലും ഈ താളഘടന സുലഭമാണ്:

മുക്കണ്ണ/രും മദ/യാന-/ മലർ

മാതു പി/ടിവടി/വായി

മാരമാൽ/ പൂണ്ടതു/ പോലെ-/ മദ-

മോടു വ/നവാസം/ പുക്ക് [82]

ഇതിൽത്തന്നെ ഘടനാവൈചിത്ര്യം വരുത്തിയുള്ള രൂപങ്ങളും നാടോടിപ്പാട്ടുകളിൽത്തന്നെയുണ്ട്.

മാരിമ/ഴകൾ ചൊ/രിഞ്ഞേ-/ചെറു

വയലുക/ളൊക്കെ നി/റഞ്ഞേ[83]

എന്നു തുടങ്ങുന്ന പാട്ടിൽ രണ്ടാം വരിയിലെ ആദ്യഗണത്തിൽ താളഭംഗം വരാതെ തന്നെ ഒരക്ഷരം കൂടുതൽ സന്നിവേശിപ്പിച്ചിരിക്കുന്നു.

ഈ താളമാതൃകയിൽ കൂടുതൽ അക്ഷരങ്ങൾ സന്നിവേശിപ്പിച്ചും അല്ലാതെയുമുള്ള രൂപങ്ങൾക്ക് ആധുനികതയുടെ കാലഘട്ടത്തിൽ വലിയ പ്രചാരമുണ്ട്. ഉള്ളൂരിന്റെ കൂകാലാപം എന്ന കവിതയിൽനിന്ന് ഉദാഹരണം:

വാരികു/ടത്താൽക്കി/ണറ്റിൽ-/ നിന്നു

കോരിയെ/ടുക്കും സ/ഖാവേ!

അങ്ങൊന്നു/ നോക്കുകിൽ/ക്കാണാം-/ താഴെ

മങ്ഗല/മാർന്നൊരു/ ചിത്രം[84]

ജി. ശങ്കരക്കുറുപ്പിന്റെ എന്തസത്താണീയുറക്കം എന്ന കവിതയും ഈ താളക്രമത്തിലാണ് :

എന്തസ/ത്താണീയു/റക്ക-/ മിതി-/

നില്ലൊരു/ നാളും മു/ടക്കം [85]

ഇടപ്പള്ളിയുടെ ഒടുക്കത്തെ താരാട്ട് എന്ന കവിതയുടെ തലക്കെട്ടിൽ ഈ താളത്തിന്റെ പ്രസിദ്ധമാതൃകയായ താരാട്ടിനോടുള്ള സാധർമ്മ്യം കാണാം. ആ കവിതയിൽനിന്ന് ഉദാഹരണം:

അമ്മതൻ/ വാത്സല്യ/സത്തേ! -/സ്നേഹ-

പ്പൊന്മയ/ക്കൂട്ടിലെ/ത്തത്തേ!

കല്യാഭ/ കോലുമ/ഹസ്സേ! -/യാർക്കും

കല്യാണ/മേറ്റും മ/ഹസ്സേ! [86]

മൂന്നാം ഗണത്തിന്റെ അന്ത്യത്തിലെ രണ്ടാമക്ഷരമെന്ന യതിസ്ഥാനത്ത് പ്രാസം നിബന്ധിക്കുന്നതിലൂടെ താളാത്മകത വരുത്തുന്നതിനുള്ള സാധ്യത ഈ വരികളിൽ പ്രയോജനപ്പെടുത്തിയിരിക്കുന്നു. ചങ്ങമ്പുഴക്കവിതയിൽനിന്ന് ഒരു ഉദാഹരണം:

എങ്ങുപോയെങ്ങുപോയ് തോഴീ- നാഥൻ

ഇങ്ങിതാ ഞാനേകയായി. [87]

വൈലോപ്പിള്ളി ശ്രീധരമേനോൻ ഈ താളക്രമത്തിൽ ചില കവിതകൾ രചിച്ചിട്ടുണ്ട്.

പശ്ചിമസന്ധ്യയെരിഞ്ഞൂ- ചെറു-

പിച്ചകപ്പൂവു വിരിഞ്ഞൂ.[88]

ഇടശ്ശേരിക്കവിതകളിലും ഈ താളക്രമം കാണാം:

ഓമലേ, നിന്നെക്കുറിച്ചു - ള്ളാദ്യ -

കോമളവീചി ജനിച്ചു![89]

ഈ താളരീതി കുഞ്ഞിരാമൻ നായർ സമൃദ്ധമായി ഉപയോഗിക്കുന്നു. ഒരു ഉദാഹരണം:

സാന്ധ്യപ്രഭ കോർത്ത കൊമ്പും- കൃഷ്ണ

ഫാലത്തിലമ്പിളിക്കൂമ്പും

ഒത്തുഗളമണിനാദ- ലയ-

വിത്തിൻ വിരിപ്പുമടക്കീ [90]

ഓരോ വരിയിലെയും ആദ്യക്ഷരത്തെ ഈരണ്ടു ലഘുവാക്കിയുള്ള ഇരട്ടിപ്പുരൂപം ചങ്ങമ്പുഴ പ്രയോഗിച്ചിട്ടുണ്ട്:

ഉലകിനെ/ച്ചുംബിച്ചു/ണർത്തും-/വിണ്ണിൻ

മഹനീയ/തേജോവി/ലാസം,

മമ നയ/നങ്ങളിൽ/ മന്ദം-/കുളിർ-

മഴവില്ലിൻ/ ചാറു ത/ളിച്ചു.[91]

**6. 2. 12.** താരാട്ടിലൂടെ പ്രസിദ്ധമായ ഈരടിക്കൊടുവിൽ ഒരക്ഷരംകൂടിച്ചേർത്ത ഒരു താളഘടന വൈലോപ്പിള്ളിയുടെ കൃഷ്ണാഷ്ടമിയിൽ കാണാം.

നല്ലൊരു/ നീതിമാ/നാണേx/ സാക്ഷാൽ

ദില്ലിയിൽ/ വാഴുമീ/ ഷാഹൻ/ഷാ

തെണ്ടിന/ടപ്പതി/നങ്ങോx/രെന്നെ-

ക്കൊണ്ടു തു/റുങ്കിന/കത്താx/ക്കി[92]

താളക്രമം നിലനിർത്തിക്കൊണ്ടുതന്നെ അക്ഷരസംഖ്യയിൽ കുറവുവരുത്തിയ ചില വരികളും ഇതേ കവിതയിലുണ്ട്.

ചേതംx/ വന്നിതു/ ഞങ്ങൾx/ക്കെന്നാൽ

സ്വാദു പെ/രുക്കുംx/ സ്വാതന്ത്ര്യം[93]

ഇതിൽത്തന്നെ ഒന്നാം വരിയിലെ നീട്ടിച്ചൊല്ലേണ്ട ഇടകളെ അക്ഷരങ്ങൾകൊണ്ടു നികത്തി നിർമ്മിച്ച മറ്റൊരു ഘടനയും വൈലോപ്പിള്ളി ഉപയോഗിക്കുന്നു. ചേറ്റുപുഴയിലെ ആദ്യഭാഗത്തെ വരികൾ ഈ രീതിയിലാണ്.

ചേറ്റുപു/ഴക്കൊല/പ്പാലമ/ടുത്താൽ

ചേട്ടന/തൊന്നു പ/റഞ്ഞേx/യ്ക്കൂ...

ബസ്സിലി/രുന്നു ബ/ഡായികൾ/ ചൊല്ലി ര-/

സിച്ചു ചി/രിപ്പു ചെ/റുപ്പx/ക്കാർ[94]

ഇതിൽ ആദ്യ ഈരടിയിലെയും രണ്ടാം ഈരടിയിലെയും ആദ്യവരികൾ തമ്മിൽ അക്ഷരസംഖ്യയിൽക്കാണുന്ന വ്യത്യാസവും ശ്രദ്ധേയമാണ്.

പശു എന്ന കവിതയിൽ ഈ താളഘടനയിൽത്തന്നെ ഇരട്ടിപ്പു വരുത്തിയ വരികളുമുണ്ട്. ഉദാഹരണം:

കയറെടു/ത്തെങ്ങോട്ടു/ പോകുന്നു,/ കോവാലാ?/

നിയമത്തിൻ/ നില നമ്മൾ/ തേറേx/ണ്ടേ?[95]

ഇത്തരത്തിൽ ഇരട്ടിപ്പു വരുത്തിയ വരികൾ കുഞ്ഞിരാമൻ നായരുടെ കവിതയിലും കാണാം.

കൊയ്ത്തരി/വാളുമായ്/പ്പാടത്തു/ ചെന്നപ്പോൾ/

കതിരുക/ളാകെപ്പ/തിരാx/യീ.

പാളിപ്പ/തുങ്ങുന്നു/ മാമര/ച്ചില്ലയിൽ/

ഓർത്തുചി/രിക്കും വെ/യിൽനാx/ളം

നോക്കി ഹ/സിക്കുന്നു/ കുന്നിൻചെ/രുവിലെ/

കല്യാണ/വീട്ടിൽക്കി/ളികൾ[96]

ഇതിൽ ആറാം വരിയിൽ ഒരക്ഷരത്തിന്റെ കുറവുണ്ടെന്നതും ശ്രദ്ധേയം.

**6. 2. 13.** വൈലോപ്പിള്ളിയുടെ ചങ്ങാലിപ്രാവ് എന്ന കവിതയ്ക്ക് സവിശേഷമായ ഒരു താളഘടനയാണുള്ളത്. മൂന്നു വരിയുള്ള ഖണ്ഡത്തിലെ ആദ്യവരി ശ്ലഥകാകളിയുടെ വർണങ്ങളിൽ ഇരട്ടിപ്പുവരുത്തി അന്ത്യാക്ഷരം ഉപേക്ഷിച്ച രൂപത്തിലാണ്. രണ്ടാം വരി ശ്ലഥകാകളിയുടെ ഇരട്ടിപ്പുതന്നെ. മഞ്ജരിവൃത്തത്തിന്റെ രണ്ടാം വരിയുടെ ഇരട്ടിപ്പാണ് മൂന്നാംവരി. ആറുമാത്രയുള്ള ത്ര്യശ്രഗതിയിൽ ചൊല്ലാവുന്ന ഘടനയാണ് ഈ വരികളെ ചേർത്തുനിർത്തുന്നത്.

ചെറുപുള്ളി/ച്ചിറകുള്ള/ ചങ്ങാലി/പ്രാവേ,

തലതല്ലി/ക്കരയുന്ന/തെന്തുകൊ/ണ്ടോ?, നിന്റെ/

തലതല്ലി/ക്കരയുന്ന/തെന്തുകൊ/ണ്ടോ? [97]

ഓരോ വരിയുടെയും ആദ്യരണ്ടു ഗണങ്ങളിൽ 'തകധിംധിം' എന്ന ഘടനയിലുള്ള വർണാ

വർത്തനവും ഓരോ പാദത്തിന്റെയും അന്ത്യത്തിൽ അക്ഷരസംഖ്യയിലുള്ള ഭേദവും ഈ ഘടനയെ ശ്രദ്ധേയമാക്കുന്നു.

**6. 2. 14.** അമ്പിളിയമ്മാവൻ എന്ന ഉള്ളൂർക്കവിത ത്ര്യശ്രഗതിയിലുള്ള മറ്റൊരു രൂപത്തിലാണ്. ഉദാഹരണം:

അമ്പിളി/യമ്മാ/വാ! - എ/വിടെ നീ
മുന്നിൽനി/ന്നോടിടു/ന്നു?
രാത്രി മ/രുമക/നേ! - ന/മുക്കുള്ള
യാത്ര മു/ടക്കിക്കൂ/ടാ![98]

ഇവിടെയും കൂട്ടക്ഷരങ്ങളുടെ ആധിക്യമുള്ളതിനാൽ ആറു മാത്ര വീതമുള്ള ചൊൽവടിവായാണ് കണക്കാക്കാവുന്നത്. ഒന്നാം വരിയിലെ മൂന്നാം ഗണത്തിന്റെ മധ്യത്തിലും രണ്ടാം വരിയുടെ അന്ത്യഗണത്തിലും വർണങ്ങൾക്ക് ഊനം വന്നിരിക്കുന്നു. അത്തരത്തിൽ നാടോടി ഗാനഘടനയെ ഓർമ്മിപ്പിക്കുന്നതാണ് ഈ കവിതയും.

പി. കുഞ്ഞിരാമൻ നായരുടെ എന്റെ ദേശം എന്ന കവിതയിൽ ഈ ഘടനയിൽത്തന്നെ അക്ഷരങ്ങളുടെ ഇരട്ടിപ്പിലൂടെ ചടുലത നല്കുന്നു.

അമ്പിളി/യമ്മാ/മാ- തി/രിഞ്ഞു നീ
കേരള/നാടു കാ/ണൂ
കരളിൽ കു/ളിരുചി/ന്തും- മ/ഹിമകൾ/
കൈതൊഴു/മെന്റെ ദേശം[99]

**6. 2. 15.** ഉള്ളൂരിന്റെ മാവ് എന്ന കവിതയിൽ മറ്റൊരു മട്ടു കാണാം.

കമ്പും ക/വരവും/ തിങ്ങി-
ക്കൊമ്പും കു/ഴയും ഞെ/രുങ്ങി
കാറ്റത്തു/ കായ്കനി/യാടി-
ക്കാണും പ/റവകൾ/ തേടി[100]

ഇവിടെയും ആറു മാത്രയുള്ള ത്ര്യശ്രഗതിതന്നെ. എന്നാൽ മൂന്നു ഗണങ്ങൾ മാത്രമുള്ള ഓരോ വരിയിലും പൂർണമായ രണ്ടു ഗണങ്ങൾക്കു ശേഷം മൂന്നാം ഗണത്തിൽ ഊനത വരുത്തിയിരിക്കുന്നു. താരാട്ടുമട്ടിലുള്ള ഒരു ഈരടിയിലെ രണ്ടാം വരിയുടെ ഘടനയാണിതിന്.

**6. 2. 16.** താളഘടനയിൽ ഏറെ പ്രത്യേകതകളുള്ളതാണ് ഉള്ളൂരിന്റെ ഈശ്വരപ്രാർത്ഥന എന്ന

കവിത:

കരുണ/ വേണ/മേ - കൃ/ഷ്ണ, കൃഷ്ണ!

കഞ്ജ/ലോച/ന!

കഴൽ തൊ/ഴാം തൊ/ഴാം - കൃ/ഷ്ണ, കൃഷ്ണ!

കംസ/നാശന[101]

ഒന്നാം വരിയിൽ നാലും രണ്ടാം വരിയിൽ രണ്ടരയും ഗണങ്ങൾ വരുന്ന ഈരടിയായാണ് വൃത്തഘടന. ഒരു ഗണത്തിൽ മൂന്നു മാത്ര വീതം വരുന്ന ത്ര്യശ്രഗതിയിലാണ് ഈ വരികളുടെ ചൊൽവടിവ് എന്നു തോന്നുമെങ്കിലും ഒന്നാം വരിയിലെ അന്ത്യഗണത്തിൽ അക്ഷരങ്ങൾ മറ്റു ഭാഗങ്ങളെക്കാൾ രണ്ടിരട്ടി വേഗതയിലാണ് ഉച്ചരിക്കേണ്ടതെന്നതിനാൽ ഓരോ ഗണത്തിലും ആറുമാത്രയുള്ള ത്ര്യശ്രഗതിഭേദത്തിലാണ് ഇത് ഉൾപ്പെടുത്താവുന്നത്. അങ്ങനെ കാലവ്യത്യാസവും അതുകൊണ്ടുതന്നെ ലയപരിണാമവും വരുന്ന ഈ രീതി കീർത്തനങ്ങളിൽ സുലഭമാണെങ്കിലും ഭാഷാവൃത്തങ്ങളിൽ കുറവാണ്.

**6. 2. 17.** വള്ളത്തോളിന്റെ പ്രേമഗീതത്തിലുള്ള,

പിഞ്ചു മാ/xന്തളിർ/തിന്നു പൂ/xങ്കുയിൽ

പഞ്ചമ/xസ്വരം/ പാടുന്നു/xxx [102]

എന്ന ഈരടി തിരുവാതിരപ്പാട്ടിൽ പ്രസിദ്ധമായ 'ഓമനക്കുട്ടൻ ഗോവിന്ദൻ' എന്ന ഗാനത്തിന്റെ മട്ടിലുള്ളതാണ്.

കൈകൊട്ടിക്കളിപ്പാട്ടുകളിൽ പ്രയോഗമുള്ളതും ഭാഷാവൃത്തദീപികയിൽ ഓമനക്കുട്ടൻ എന്നു പേർ വിളിക്കുന്നതുമായ[103] ഈ താളഘടനയിലാണ് ഹൈനെയുടെ കവിതയ്ക്ക് ജി. ശങ്കരക്കുറുപ്പ് നിർവഹിച്ച വിവർത്തനമായ രാഗദീപ്തി എന്ന കവിത:

വാരാശി/xക്കുണ്ട/തിന്റെ മൗ/xക്തികം,

വാനത്തി/xന്നതിൻ/ താരകം/xxx,

എൻ കരളിന്നുണ്ടെൻ കരളിന്നു-

ണ്ടെൻ കരളിന്നനുരാഗം[104]

ധീംധീംധീം/xധീംധീം/ധീംധീംധീം/xധീംധീം

ധീംധീംധീം/xധീംധീം/ധീംധീംധീം/xxx

എന്ന സാങ്കല്പികവായ്ത്താരിയുടെ ഘടനയിൽ ഒരു ഗണത്തിൽ ആറു മാത്ര വീതം വരുന്നതിലൂടെ ത്ര്യശ്രഗതിയിൽ ഉൾപ്പെടുന്നതാണ് ഇതിന്റെ ചൊൽവടിവ്.

ഇടപ്പള്ളി രാഘവൻപിള്ളയുടെ ചന്ദ്രികയിൽ എന്ന കവിതയുടെ താളവും ഇതുതന്നെ:

മോടികൂടീടുമാലയമലർ-

വാടിയിലിരുന്നീവിധം

ഓതുകയാണു മുഗ്ദ്ധയായ ത-

ന്നോമനയോടക്കാമുകൻ [105]

ചങ്ങമ്പുഴയുടെ കവിതകളിൽ ഈ താളഘടനയുടെ സമൃദ്ധമായ സാന്നിധ്യമുണ്ട്. മോഹിനി എന്ന കവിതയിൽനിന്ന് ഉദാഹരണം:

കാമനീയകധാമമായെന്നെ-

ക്കാണണമിന്നെൻ കാമുകൻ.[106]

ഈ താളക്രമം വൈലോപ്പിള്ളിക്കവിതകളിലും കാണാം.

മുഗ്ധരാഗമുദിച്ചു തങ്ങളിൽ

മുത്തിനും പവിഴത്തിനും [107]

ഇടശ്ശേരിയുടെ പല കവിതകളിലും ഈ താളരീതിയുണ്ട്. ഉദാഹരണം:

അമ്മതൻമിഴിയാനന്ദം വഴി-

ഞ്ഞുണ്മയിൽ വിടർന്നീടവേ,[108]

ഈ താളക്രമത്തിന് കുഞ്ഞിരാമൻ നായർക്കവിതയിലും പ്രചാരമുണ്ട്.

അന്തിവിണ്ണണിമൺചെരാതിലെ-

പ്പൊൻതിരി, താരം, മങ്ങുമ്പോൾ,

നേർത്തൊരമ്പിളിത്തോണി, മാമര-

ച്ചാർത്തിൽ മങ്ങി മറയുമ്പോൾ [109]

ബാലാമണിയമ്മയുടെ ചില കവിതകൾക്ക് ഈ താളരീതിയാണ്. ഹോസ്റ്റലിലേക്ക് എന്ന കവിത ഉദാഹരണം:

പോകയായ് ഞങ്ങൾ പോകയായ്, ആർക്കു-

മാകുലമതിലില്ലപോൽ.

അങ്ങക/xലെയ/കലെയു/xണ്ടത്രേ

ഞങ്ങൾ കാ/xണാത്ത/ പട്ടണം[110]

ഇവിടെ ആവർത്തിക്കുന്ന അകലെ എന്ന പദത്തിലൂടെ സൃഷ്ടിക്കുന്ന ദൂരം ധ്വനിപ്പിക്കാൻ അക്ഷരങ്ങൾക്ക് ഊനതയുള്ള ഗണങ്ങൾ സഹായിക്കുന്നു.

**6. 2. 18.** *വൃത്തമഞ്ജരി*യിൽ ലക്ഷ്യലക്ഷണങ്ങളുണ്ടെങ്കിലും ഘടനാപരമായി ചില അധിക മാനങ്ങളുള്ള ഘടനയാണ് ഉള്ളൂരിന്റെ ശരണോപഹാരം എന്ന കവിതയിലെ വരികൾക്കുള്ളത്:

ശരണമ/xയ്യപ്പാ!/ ശരണ, മേ/വരും

ശരണമെ/xന്നടി/പണിവോനേ!/

ശരണമെന്നെന്നുമടിയങ്ങൾക്കങ്ങേ-

ച്ചരണതാരിണ - ഭഗവാനേ![111]

ഈ കവിതയുടെ അടിക്കുറിപ്പിൽ ചൊൽവടിവിനെക്കുറിച്ചുള്ള സൂചനയുമുണ്ട്:

"ഈ കീർത്തനം പാടേണ്ടത് 'നരനായിങ്ങനെ' എന്ന മട്ടിലാണ്. ഇതിന് 'സമാസമം' എന്ന പേർ വൃത്തമഞ്ജരിയിൽ നൽകി കാണുന്നു."[112]

കുത്തിയോട്ടപ്പാട്ടുകളിലും സമാനമായ താളഘടനയുണ്ട്:

കരുണയില്ലാതെ കഠിനവാക്കുകൾ

കരളിലമ്പുപോൽ തറച്ചിട്ടും

കണവനെ പരിചരണം ചെയ്തവൾ

കരഞ്ഞു കണ്ണുനീർ പൊഴിക്കുന്നു[113]

സമാസമം എന്ന വൃത്തത്തിന്റെ *വൃത്തമഞ്ജരീ*ലക്ഷണം ഇങ്ങനെയാണ്:

വിഷമത്തിൽ സമസമം സമത്തിൽ സമസം ഗുരു

എന്നുള്ളർദ്ധസമം വൃത്തം സമാസമസമാഹ്വയം.[114]

അതായത് മലയാളകീർത്തനങ്ങളിലൂടെയും നാടോടിപ്പാട്ടുകളിലൂടെയും പ്രസിദ്ധമായ ഒരു താളഘടനയെ സംസ്കൃതത്തിലെ അർദ്ധസമവൃത്തത്തിന്റെ രീതിയിൽ ലക്ഷണം ചെയ്തിരിക്കയാണിവിടെ. ഇതിനോടു പ്രത്യക്ഷത്തിൽ വിയോജിക്കുന്നില്ലെങ്കിലും പ്രസ്തുതതാളഘടനയുടെ ഉറവിടം വ്യക്തമാക്കുന്നതിലൂടെ അതിന്റെ ഘടനാപരവും സാംസ്കാരികവുമായ സ്വത്വമെന്തെന്ന് ഉള്ളൂരിന്റെ അടിക്കുറിപ്പ് വ്യക്തമാക്കുന്നു. കീർത്തനങ്ങൾക്കു മാത്രമല്ല ഉള്ളൂർ ഈ താളഘടന ഉപയോഗിക്കുന്നത്. പെരുമാൾ മൂപ്പൻ എന്ന കവിതയിൽ,

അലകടൽക്കരയ്ക്കണിയലായ് മിന്നു-

മരിയ തന്മണിസദനത്തിൽ

വിലസി വിശ്രമകുതുകിയായൊരു

വിപുലതൻ പതി ചില കാലം[115]

എന്നും, തത്വോപദേശം എന്ന കവിതയിൽ,

സുമുഖിയല്ലേ ഞാൻ? സുഭഗയല്ലേ ഞാൻ?

സുമശരവധൂസമയല്ലേ!

കണവൻതന്നുള്ളെൻ പ്രണയരത്നത്തിൻ

കനകച്ചെപ്പാക്കാൻ കഴിവീലേ?[116]

എന്നും വ്യത്യസ്തകാവ്യപ്രമേയങ്ങൾക്കൊപ്പം ഈ ഘടന കാണാം.

തിരുവാതിരപ്പാട്ടിലൂടെ പ്രസിദ്ധമായ,

ഓമനക്കുട്ടൻ/ ഗോവിന്ദൻ ബല/

രാമനെക്കൂടെ/ ക്കൂടാതെ

എന്ന ഈരടിയെ നാലു ഖണ്ഡങ്ങളായിത്തിരിച്ച്, ഓരോ ഖണ്ഡത്തിലെയും ആദ്യ ഗുരുവിനെ ഈരണ്ടു ലഘുക്കളാക്കിയാൽ ഈ താളഘടന ലഭിക്കും. ഈ സാദൃശ്യം *വൃത്ത ശില്പ*ത്തിലും[117] *വൃത്തവിചാര*ത്തിലും[118] ചൂണ്ടിക്കാണിക്കുന്നുണ്ട്. അതായത്,

തകധീംധീം/xധീംധീം/തകധീംധീം/xധീംധീം

തകധീംധീം/xധീംധീം/തകധീംധീം/xxx

എന്നാണ് ഇവിടുത്തെ താളഘടന. *ഭാഷാവൃത്തദീപിക*യിൽ ഈ വൃത്തത്തിന് ഓമന ക്കുട്ടൻ എന്നുതന്നെ പേരു നല്കുന്നു.[119] ഓമനക്കുട്ടൻ ഇരട്ടിപ്പ് എന്നു പറയാവുന്ന ഈ വൃത്തം ഊനഅന്നനടയാണെന്നാണ് *മലയാള വൃത്തപഠന*ത്തിന്റെ പക്ഷം.[120]

വള്ളത്തോളിന്റെ പ്രേമഗീതത്തിൽ ഈ ഘടനയിലുള്ള ഒരു ഈരടിയുണ്ട്. പക്ഷേ ഇവിടെ എല്ലാ ഗണത്തിന്റെയും ആദിയിലുള്ള ഗുരുവിനെ ഈരണ്ടു ലഘുക്കളാക്കുന്നില്ല.

കരളിൻകമ്പികൾ/ മീട്ടി ഞാനോരോ

മുരളീഗീതങ്ങൾ/ വിതറീടും[121]

രണ്ടാം ഗണത്തിലെ ആദ്യവർണം ഗുരുവായിത്തന്നെ നിലനിർത്തിയിരിക്കുന്നു. ഇത്ത രത്തിൽ ചില ഗണങ്ങളുടെ ആദ്യഗുരുവിനെ അങ്ങനെത്തന്നെ നിലനിർത്തുന്ന തരത്തിൽ ജി. ശങ്കരക്കുറുപ്പും ഈ താളക്രമം ഉപയോഗിക്കുന്നു:

മിഴിയിമ/യ്ക്കാതെ/യങ്ങയെ/ക്കാത്തു-/

കഴിവൂ ഞാൻ;/ കാണ്മീ/ലങ്ങയെ.

തിരയുന്നൂ/ കൺകൾ/ വീഥിയിൽ,/ നാഥ,

-കരളിന്നാ/നന്ദ/മാണതും[122]

മാത്രാസംഖ്യയിലും ഗണവിഭജനത്തിലും സമാനതയുള്ള ഈ താളഭേദങ്ങൾ ഇടക

ലർത്തിയും അദ്ദേഹം ഉപയോഗിക്കുന്നു:

ചെന്നു ഞാൻ/ വയ/ലിന്റെ വ/ക്കത്തു
നിന്നു രാ/വിലെ/ പിന്നെയും
മുകിലിൻ പോ/ളയിൽ/ മുറ്റി നി/ല്ക്കുന്നു
മുകളിൽ വെ/ട്ടത്തിൻ/ വെൺകതിർ[123]

ഇടപ്പള്ളിയുടെ ഹൃദയാഞ്ജലിയിൽ ഈ താളരൂപം കാണാം:

ഇരുൾതിങ്ങുമെന്റെ ഹൃദയത്തിലെന്താ-
ണിനിയും നിൻ കാന്തി ചൊരിയാത്തൂ?[124]

ചങ്ങമ്പുഴക്കവിതയിലും ഈ താളത്തിനു വലിയ പ്രചാരമുണ്ട്:

വരിക പോയിടാം മണിയറയിലേ-
ക്കരുതേവമെന്നിൽ പരിഭവം.
പരിതപിക്കായ്കെൻ പ്രിയതമേ വരൂ
പറയാമിക്കഥ മുഴുവൻ ഞാൻ[125]

വൈലോപ്പിള്ളിയുടെ വിഷുക്കണിയിലും ഈ താളക്രമം കാണാം.

'കനകക്കിങ്ങിണി, വള കൈമോതിര-
മണിഞ്ഞു വായുണ്ണി കണി കാണ്മാൻ'
കതിരവൻ കിഴക്കുദിക്കുമ്പോൾ, വിഷു-
ക്കണി കാണാനമ്മ വിളിക്കുമ്പോൾ[126]

ഇടശ്ശേരിയുടെ ലവണാസുരവധത്തിലെ ഹനൂമാൻ എന്ന കവിതയിൽ ചില വരികൾക്ക് ഈ താളക്രമമാണ്:

ജനനിതന്നുടെയരികത്തേയ്ക്കത്രേ-
യനുചരിപ്പിപ്പരിവരെന്നെ[127]

കുഞ്ഞിരാമൻ നായരുടെ കവിതകളിലും ഈ ഘടനയ്ക്കു പ്രചാരമുണ്ട്. ശരണംവിളി! എന്ന കവിതയിലെ ചില വരികൾ ഉദാഹരണം:

ദുരിതവാസനാരതി വലയ്ക്കയാൽ
മരണം ഞെക്കുമീ നരകത്തിൽ
നിലയംവിട്ടൊരു ചെറുതാരംപോലെ
നിപതിപ്പൂ ഞാനെന്നടിതെറ്റി![128]

ബാലാമണിയമ്മയുടെ വഴിത്തിരിവിൽ എന്ന കവിത മറ്റൊരുദാഹരണം:

വഴിത്തിരിവതുവളരെ ക്ലേശദം;

കുഴിയും കുന്നുമായ്ക്കിടക്കുന്നു.

മിനുത്ത പാതമേൽ ചരിച്ച കാൽകളീ

വനത്തിൻമുന്നിൽപ്പിൻതിരിയുന്നു.[129]

**6. 2. 19.** ഒരു ഗണത്തിൽ ആറു മാത്ര വീതം വരുന്ന ത്ര്യശ്രഗതീഭേദത്തിൽ ഉൾപ്പെടുന്ന ഒരു സവിശേഷഘടനയ്ക്ക് പഞ്ചാരിതാളത്തിന്റെ ഘടനയുമായി സാദൃശ്യമുണ്ട്. ചങ്ങമ്പുഴയുടെ ''ഒരു പുതിയ തുയിലുണർത്തുപാട്ട്'' എന്ന അടിക്കുറിപ്പുള്ള[130] രാക്കിളികൾ എന്ന കവിതയിലെ വരികൾ ഉദാഹരണം:

യുവാവ്: അഴകലകൾ/ ചുരുളുവിരി/-

ഞ്ഞൊഴുകിവരും/ കവനകലേ/

യുവതി: കവനകലേ/, കലിതഫലേ/,

കരുണരസ/ജലവിമലേ[131]

ഇതിൽ സംഭാഷണഭാഗത്തെ ഓരോ ഗണവും അഞ്ച് അടി, ഒരു ഇട എന്ന ലക്ഷണമുള്ള പഞ്ചാരിതാളത്തെ അനുസ്മരിപ്പിക്കുന്നു. കുഞ്ചൻ നമ്പിയാരുടെ പഞ്ചാരിതാളത്തിലുള്ള വരികൾക്ക് ഈ ഗണഘടനയാണെന്നതും ശ്രദ്ധേയം. അദ്ദേഹത്തിന്റെ *കിരാതം തുള്ളലിൽ* പഞ്ചാരിതാളത്തിലുള്ള വരികൾ നോക്കുക:

വിജയകരം/ വിപുലതരം/

വിശിഖവരം/ വിമതഹരം[132]

എന്നാൽ ചങ്ങമ്പുഴക്കവിതയിലെ തുടർന്നുള്ള വരികളിൽ താള-ഗതിക്രമങ്ങൾ നില നിർത്തിക്കൊണ്ടുതന്നെ അക്ഷരവിന്യാസത്തിൽ വൈചിത്ര്യം വരുന്നതു കാണാം:

തഴ കെട്ടി, മഴ കിട്ടി-

ത്തരുനിരയിൽത്തളിർ പൊട്ടി[133]

ജി. ശങ്കരക്കുറുപ്പിന്റെ പാടാവൂ തിരുനാമം എന്ന കവിതയാണ് മറ്റൊരു ഉദാഹരണം:

പീലിത്തിരു/മുടി ചന്ദന/-

ഫാലക്കുറി/ മണികുണ്ഡല/-

മാടും പ്രഭ/യലതല്ലും/

പൂങ്കവിളിണ/, കരുണാകുല/-

തിരുനയനം/, തിരുനാസിക/

തിരുവദനം/ കാണാവൂ[134]

ഈ താളഘടനയ്ക്കു സദൃശമാണ് വൈലോപ്പിള്ളിയുടെ തുയിലുണർത്തൽ എന്ന കവിത. ഉദാഹരണം:

ആടിക്ക/ാറാകാശ,-

ത്താശകളിൽ/ക്കൂരിരുളും;

മാലിറ്റി/റ്റുറയുന്നൂ

മരമെല്ലാം,/ മനമെല്ലാം[135]

ഈ കവിതയുടെ തലക്കെട്ടിനൊപ്പം കവിതയുടെ ചൊൽവടിവു സൂചിപ്പിക്കാൻ ‘‘വന്നാലും വന്നാലും വന്നാലും തോഴികളേ എന്ന രീതി’’[136] എന്നു ചേർത്തിട്ടുണ്ട്. എന്നാൽ ഇതേ ഘടനയുള്ള പൂങ്കോഴികൾ കൂകുന്നു എന്ന കവിതയുടെ തലക്കെട്ടിനൊപ്പം ‘‘നേരം പോയ് നേരം പോയ്, പൂക്കൈത മറപറ്റി എന്ന മട്ട്’’ എന്നാണ് ചൊല്ലലിനെക്കുറിച്ചുള്ള സൂചന.[137] ഒരേ താളക്രമമുള്ള രണ്ടു നാടോടിപ്പാട്ടുകളാണ് ഈ ഘടനാനിർമ്മാണത്തിനു പ്രേരകമായത് എന്നു വ്യക്തം.

ഈ താളരീതിയുടെ പതിഞ്ഞതും ഇരട്ടിച്ചതുമായ രൂപങ്ങൾ പി. കുഞ്ഞിരാമൻ നായരുടെ കവിതകളിൽ കാണാം. ഉദാഹരണം:

കരിനാഗം/ ചുരുളിട്ടു/ ഭജനംപാർ/ത്തമരുന്ന/

കൈതപ്പൂ/മതിലിനകം/ കുഴലൂതീ/ പാമ്പാട്ടി/

വനമുല്ല/യിടവേലി/പ്പടികേറി/ക്കുടം പൂട്ടി/

മൂവന്തി,/ താമര/ക്കടവിലി/റങ്ങുമ്പോൾ/[138]

ഇതിലെ ഗണങ്ങളിൽ ‘തകധീംധീം’, ‘ധീംധീംധീം’, ‘തകതകധിം’ എന്നീ മട്ടിലുള്ള ഗണങ്ങൾ ഇടകലരുന്നു. ഇതിൽ ലഘുവക്ഷരങ്ങളുടെ സമൃദ്ധിയിലൂടെ ‘തകതകധിം’ എന്ന രീതിയിൽ ഇരട്ടിപ്പു വരുത്തിയ ഘടനയിലും അദ്ദേഹത്തിന്റെ ചില കവിതകളുണ്ട്.

അടവിതടം/ തടവുമിളം/ മൃഗതതികൾ/ക്കുയിരരുളാൻ,/

പുലരിമറ/പ്പൊരുളുണരും/ കുരുവികുലം/ മരുവിവരും/[139]

**6. 2. 20.**ത്ര്യശ്രഗതിയിലുള്ള കുറത്തിപ്പാട്ടിനെ അനുസ്മരിപ്പിക്കുന്നതാണ് ഉള്ളൂരിന്റെ തത്ത എന്ന കവിത:

പഞ്ച/വർണ്ണ/പ്പെൺകൊ/ടിയേ!

പൈങ്കി/ളിയേ!/ വാവാ!

വാടി/ടാമോ/ പൂമേ/നി?

വന്നി/രിയ/രികിൽ [140]

ഈ വരികളിലെ വർണസംഖ്യതന്നെ ശ്രദ്ധിക്കുക. ചൊൽവടിവ് സമാനമായിരിക്കുമ്പോൾത്തന്നെ ആദ്യവരിയിൽ എട്ടും രണ്ടാം വരിയിൽ ആറും മൂന്നാം വരിയിൽ ഏഴും നാലാം വരിയിൽ ആറുമാണ് വർണങ്ങൾ. ഇതിൽ മൂന്നു മാത്രയുള്ള ത്ര്യശ്രഗതിയുടെ രീതിയാണെങ്കിലും ഇതിന്റെ രൂപവൈവിധ്യങ്ങളിൽ ആറു മാത്രയും വരും. ഇരട്ടിപ്പുരൂപങ്ങളിൽ (**6. 2. 21.**) ഇക്കാര്യം കൂടുതൽ വ്യക്തമാണ്.

കൈകൊട്ടിക്കളിയിലുപയോഗിക്കുന്ന പാതാളരരാമായണം കുറത്തിപ്പാട്ടിലെ വരികൾ നോക്കുക:

കാമ/വൈരി/തന്റെ/ തിരു/മുമ്പി/ലതി/മോ-/ദാൽ-/

കാത/രത/ നീക്കി/ വിള/യാടി/നോരു/ ത-/ത്തേ-[141]

*വൃത്തമഞ്ജരി*യിൽ ഈ ഘടനയിലുള്ള വരികൾ സംസ്കൃതവൃത്തപദ്ധതിയിലെ ഇന്ദുവദനയായി കല്പിച്ചിരിക്കുന്നു. എന്നാൽ അക്ഷരത്തിന്റെ മാത്രാവ്യവസ്ഥ കൃത്യമാകാത്തതതിനാൽ "ഇതിൽ ഗുരുക്കളെ പലേടത്തും ലഘുക്കളായി ഉച്ചരിക്കേണ്ടിവരും"[142] എന്നും ആ ഗ്രന്ഥത്തിൽ ചൂണ്ടിക്കാണിക്കുന്നു. ഇവിടെയും കേരളത്തിലെ നാടോടിപ്പാട്ടുകളിൽ സുലഭമായ ഒരു താളക്രമത്തെ സംസ്കൃതരീതിയിൽ ലക്ഷണം ചെയ്യുമ്പോഴുള്ള പൊരുത്തക്കേട് വ്യക്തമാണ്. ഉള്ളൂരിന്റെ വരികളിലാവട്ടെ താളഘടനയിൽ സമാനമായിരിക്കെത്തന്നെ അക്ഷരങ്ങൾപോലും കുറവുള്ളതായിക്കാണാം. അങ്ങനെ ഇത് വർണവൃത്തമായ ഇന്ദുവദനയിൽനിന്നു ഭിന്നമാകുന്നു.

ജി. ശങ്കരക്കുറുപ്പിന്റെ ഗീതാഞ്ജലിവിവർത്തനത്തിലും സമാനമായ താളക്രമം കാണാം:

എത്ര/ കാലം/ കാത്തി/രിക്കും/

നശ്വ/രമാം/ വസ്തു

ആകു/ലനിർ/ന്നിദ്ര/രാത്രി-/

യെങ്ങ/നെ ഞാൻ/ പോക്കും[143]

**6. 2. 21.** ഈ താളക്രമത്തിന്റെ ഇരട്ടിപ്പായി കുറത്തിപ്പാട്ടിൽ കാണുന്ന രൂപം ത്ര്യശ്രഗതിയിൽത്തന്നെ ആറു മാത്ര വീതമുള്ള ഗണങ്ങളിൽ അധിഷ്ഠിതമാണ്. *പാതാളരാമായണം*

*കുറത്തിപ്പാട്ടിൽ*നിന്നും ഉദാഹരണം:

കഴിയ്ക്കും/ യാഗത്തെ/ മുടക്കും/ ദുഷ്ടരെ/

വധിച്ചു/ കൊൾവതി/നാ-യി-/

കരുണ/യോടയി/ തരിക/ നിന്നുടെ/

സുതനാം/ രാഘവൻ/ത-ന്നെ-[144]

ജി. യുടെ ഗീതാഞ്ജലിവിവർത്തനത്തിൽ ഈ താളത്തിലുള്ള വരികൾ കാണാം:

മലിന/മാകിന/ വസനം/ മാറ്റണം/

മലിനമീ/യെന്നഹ/ങ്കാ-രം- [145]

ഇതിന്റെ പതിഞ്ഞും മുറുകിയുമുള്ള രൂപങ്ങൾ ഗീതാഞ്ജലിവിവർത്തനം നാലാം ഗീതത്തിൽ ജി. ഇടകലർത്തി ഉപയോഗിക്കുന്നു:

പതിഞ്ഞ രൂപം:

എന്നെ വിപ/ത്തിങ്കൽനിന്നു

കാത്തരുളാ/നല്ലാ,

ഞാനപേക്ഷി/പ്പതു വിഭോ!/

ഞാനപേക്ഷി/ക്കുന്നു[146]

മുറുകിയ രൂപം:

ഗുരുവാമാപത്തിൽ, /ഭയമെൻ ചിത്തത്തിൽ/

വരാതിരിക്കണ/മെന്നേ![147]

കുറത്തിയുടെ ഇരട്ടിപ്പുരൂപത്തിൽ ലഘു-ഗുരുവിന്യാസത്തിലൂടെ വൈചിത്ര്യങ്ങൾ സൃഷ്ടിക്കുന്നതിന് ചങ്ങമ്പുഴക്കവിതയിൽ പല മാതൃകകളുണ്ട്. ഒരു കഥ എന്ന കവിതയിലെ ആദ്യ ഈരടി നോക്കുക:

കരുണരസം/ കരകവിയും/ കഥ പറയാം/- പക്ഷേ

കരളുരുകി/ക്കരളുരുകി/ക്കരയരുതി/ന്നാരും[148]

ഓരോ ഗണത്തിലും ആറു മാത്ര വീതം വരുന്ന ത്ര്യശ്രഗതിയുടെ വകഭേദമാണ് ഇതിന്റെ ചൊൽവടിവ്. രണ്ടു വരിയിലെയും ആദ്യത്തെ മൂന്നു ഗണങ്ങളിലെ നാലു ലഘു, ഒരു ഗുരു എന്ന ഘടന ഇക്കാര്യം സൂചിപ്പിക്കുന്നു. കവിതയുടെ തുടർന്നുള്ള വരികളിൽ ചങ്ങമ്പുഴ വീണ്ടും അക്ഷരവിന്യാസത്തിൽ വൈചിത്ര്യം വരുത്തുന്നു:

ശാന്തിവായ്ക്കും/ പൂവനത്തി/ലൊന്നിൽ വന്നൊ/രോമൽ-

ക്കാന്തിയേന്തും/ ചെമ്പനിനീർ/ച്ചെമ്പകം വ/ളർന്നു[149]

ഈ ഘടനയാണ് മറ്റു ചില കവിതകളിൽ ചങ്ങമ്പുഴ പ്രധാനമായി പ്രയോഗിക്കുന്നത്. ഉദാഹരണം:

സാനുമോദം,/ നിദ്രയിലീ-/ലോകമാക/മാനം

പൂനിലാവോ/ടൊത്തുചേർന്നു/ ലാലസിക്കും/ നേരം

പാതിരാക്കു/യിലുണർന്നു-/പാടിയതിൻ/ ശേഷം

പാലപൂത്തു/ പരിമളം-/താവിനില്ക്കും/നേരം[150]

ഇവിടെ അക്ഷരങ്ങളിൽ ലഘുക്കൾ കുറയുകയും ഗുരുവക്ഷരങ്ങളുടെ എണ്ണം കൂടുകയും ചെയ്യുന്നു.

അദ്ദേഹത്തിന്റെ ആ രംഗം എന്ന കവിതയിൽ അക്ഷരവിന്യാസത്തിൽ വൈചിത്ര്യമുള്ള മറ്റൊരു രൂപം കാണാം. ഇതിൽ താളത്തിന്റെ യതിസ്ഥാനങ്ങൾ ലഘുവക്ഷരങ്ങൾകൊണ്ടു നികത്തുന്നു:

കനകതാരകൾ/ കതിർചൊരിഞ്ഞൊര-/

ക്കളിമലരണി/ക്കാവിൽ;

കവനലോലുപ/രിരുവർ ഞങ്ങളൊ-/

രതുലനാടക/മാടി![151]

ഗണങ്ങളുടെ മാത്രാസംഖ്യ തുല്യമാക്കിക്കൊണ്ടുതന്നെ ഗുരുപ്രധാനമായ വരിയും ലഘുപ്രധാനമായ വരിയും ചേർത്തും അദ്ദേഹം ഈരടി നിർമ്മിക്കുന്നതു കാണാം:

ആ മലയിൽ/പ്പുല്ലു ചെത്തി/ നിന്നിടുന്ന/ ബാലാ/

അരുതു ചെത്തരു/തവിടെനിന്നേവ/,മവിടെ നില്ക്കുമ/പ്പുല്കൾ[152]

കുറത്തിയുടെ വ്യത്യസ്തഘടനകൾ വൈലോപ്പിള്ളിക്കവിതയിലും കാണാം. രണ്ടു കാറ്റുകൾ എന്ന കവിതയിൽ പതിഞ്ഞതും ഇരട്ടിച്ചതുമായ രൂപങ്ങൾ അദ്ദേഹം ഉപയോഗിച്ചിട്ടുണ്ട്.

നീലസഹ്യ/മുടികളിൽ/നിന്നു മന്ദം/ വീശി,-

യേലലവം/ഗാദികൾതൻ /തൂമണങ്ങൾ/ പൂശി[153]

ഇതിന്റെ ഇരട്ടിപ്പുരീതിയിലാണ്,

അരിയപശ്ചിമ/ക്കടലലകളെ-/

ത്തഴുകുവാൻ കരം/ നീട്ടി,-

യഴകിലംബര/ച്ചെരുവിൽ മേഞ്ഞിടു-/

മജനിരകളെ/യാട്ടി.[154]

എന്നിങ്ങനെയുള്ള വരികൾ.

കുറത്തിയുടെതന്നെ വകഭേദമാണ് വൈലോപ്പിള്ളിയുടെ ഒരുവൾ എന്ന കവിതയുടെ ഘടന.

പലതരമാം/ കാഴ്ച കണ്ടൂ/

പല കഥകൾ/ കേട്ടൂ,

പല മുഖവും/ം പരിചയിച്ചൂ/

പലയിടവും/ ചെന്നൂ[155]

കുറത്തിപ്പാട്ടിന്റെ താളഘടന പി. കുഞ്ഞിനായരും സമൃദ്ധമായി ഉപയോഗിച്ചിട്ടുണ്ട്. ഉദാഹരണം:

പൂചൊരിയും/ നീലശൈല-/

കാനനങ്ങൾ/ ചുറ്റി

കാൽകഴയ്ക്കു/മൊറ്റയടി-/

പ്പാതയോരം/ പറ്റി[156]

കുറത്തിയുടെ പതിഞ്ഞതും ഇരട്ടിച്ചതുമായ രൂപങ്ങൾ ഇടശ്ശേരിക്കവിതയിലുമുണ്ട്.

നീലവർണ്ണ/നിചോളത്താൽ/ നീളെ മേനി/ മൂടി

ബാലയെന്നെ/യിങ്ങിരുത്തി/പ്പോയി സന്ധ്യാ/ചേടി[157]

എന്നും,

പ്രണയവിവശ/നണയുമരികി/ലെപ്പൊഴോ മ/ന്നാഥൻ

ഘൃണിശരചയ/പാടിതപടു/ധ്വാന്തഗജ/യൂഥൻ?[158]

എന്നും ഉള്ള വരികൾ ഉദാഹരണം.

മുഹമ്മദബ്ദുറഹിമാൻ എന്ന കവിതയുടെ ചൊൽവടിവു സൂചിപ്പിക്കാൻ തലക്കെട്ടിനൊപ്പം ''താമരപ്പൂങ്കാവനിയിൽ താമസിക്കുന്നോളേ എന്ന മട്ട്- മാപ്പിളപ്പാട്ട്''[159] എന്നു കാണുന്നതു ശ്രദ്ധേയമാണ്.

മാപ്പിളപ്പാട്ടുകൾ എന്ന വിഭാഗത്തിലെ അജ്ഞാതകർതൃകങ്ങളായ പ്രണയഗാനങ്ങളിൽപ്പെടുന്നതാണ് ഇവിടെ പരാമർശിച്ചിരിക്കുന്ന ഗാനം.

“താമരപ്പൂങ്കാവനത്തില്

താമസിക്കുന്നോളെ

പഞ്ചവർണ്ണ പൈങ്കിളിയില്

പങ്ക് റങ്ക് ള്ളോളേ [160]

എന്ന ഗാനത്തിന് കുറത്തിപ്പാട്ടിന്റെ താളഘടനതന്നെ.

മാപ്പിളപ്പാട്ടിൽ ഈ താളരീതിക്ക് വലിയ പ്രചാരമുണ്ട്. അതിലെ കുറത്തിപ്പാട്ടിൽനിന്ന് ഉദാഹരണം:

ചിച്ചിലെന്നും/ ചിൽചിലെന്നും/ കാൽപടത്തി/ന്റോശാ

ഓശകേട്ട് /മാമലിയാർ/ പിന്തിരിഞ്ഞു/നോക്കി

നോക്കുന്നേരം/ കുറത്തി തന്റെ/ വരവലിയാർ/ കണ്ടേൻ

എങ്കെയുള്ളേ/ എങ്കെപ്പോരേൻ/ മലങ്കുറത്ത/ിപ്പെണ്ണേ[161]

മാപ്പിളപ്പാട്ടിലും കുറത്തിപ്പാട്ട് എന്നുതന്നെ വ്യവഹരിക്കപ്പെടുന്നതിനാൽ ഈ താളരീതിയുടെ സാംസ്കാരികമായ പ്രഭവസ്ഥാനം ഒന്നുതന്നെയെന്ന് അനുമാനിക്കാം.

**6. 2. 22.** ആറു മാത്രയുള്ള ത്ര്യശ്രഗതീഭേദത്തിലുൾപ്പെടുന്നതാണ് വൈലോപ്പിള്ളിയുടെ വിത്തും കൈക്കോട്ടും എന്ന കവിതയിൽക്കാണുന്ന താളരീതി.

പുത്തൻവരി/ഷത്തിൻ

പുലരിക്കണി/ കാണാൻ

എത്തും കിളി/ പാടീ:

‘വിത്തും കൈ/ക്കോട്ടും

ഒത്തു നിര/ക്കട്ടേ

വിത്തും കൈ/ക്കോട്ടും!’[162]

ധിംധിംതക, തകധിംതക, ധിംതകധിം എന്ന മട്ടിൽ പല മാതൃകകളിലൂടെ ഈ വരികളിൽ താളവൈചിത്ര്യം വരുത്തിയിരിക്കുന്നു. പി. കുഞ്ഞിരാമൻ നായരുടെ നവയുഗം എന്ന കവിതയ്ക്കും ഈ ഘടനയോടു സാദൃശ്യമുണ്ട്.

പൊൽക്കുടിലി/ന്നുള്ളിൽ

പൊൻകതിർ ചൊ/രിഞ്ഞു

പാരിടത്തിലെങ്ങും,/ പുഞ്ചിരി വി/രിഞ്ഞു[163]

**6. 2. 23.** ആറു മാത്ര വീതം വരുന്ന ത്ര്യശ്രഗതിയിൽപ്പെടുന്ന ഒരു താളഭേദം ജി. യുടെ വജ്ര

മേഘങ്ങൾ എന്ന കവിതയിൽക്കാണാം.

ചങ്ങല/ക്കെട്ടിൽ കി/ടക്കയാ/ണിന്നും-/

നിങ്ങടെ/ അന്തഃക/രണം-

കണ്ടിട്ടും/ കാണാതെ/ കേട്ടിട്ടും/ കേൾക്കാതെ/

മിണ്ടാതെ/ നിങ്ങളി/രിപ്പൂ- [164]

മൂന്നാം വരിയിലെ ഒന്നും മൂന്നും ഗണങ്ങൾ സർവഗുരുവാകുന്നതിനാൽ ആറു മാത്രയിലുള്ള ചൊൽവടിവ് വ്യക്തമാണ്.

**6. 2. 24.**കൈകൊട്ടിക്കളി തുടങ്ങിയ നാടോടിക്കലകൾ മുതൽ കഥകളിയിൽ വരെ പ്രചാരമുള്ള സവിശേഷനൃത്തരൂപമാണ് കുമ്മി. നൃത്തപ്രധാനമായതുകൊണ്ടുതന്നെ താളഘടനാവൈവിധ്യത്തിന് അതിൽ സവിശേഷമായ സ്ഥാനമുണ്ട്. കുമ്മിയിലൂടെ പ്രസിദ്ധമായ താളഘടനയും ആധുനികകവിതയിലുണ്ട്. ചങ്ങമ്പുഴയുടെ വസന്താഗമം എന്ന കവിതയിൽനിന്ന് ഉദാഹരണം:

മുറ്റത്തെ/ മുല്ലക/ളൊക്കെപ്പൂ/ത്തൂ

കറ്റക്കി/ടാവിന്റെ/ കൺകുളിർ/ത്തൂ.

ആയവ/നാശിച്ചി/ട്ടില്ലെന്നി/രിക്കുകി-/

ലാഗമി/ച്ചീടുമോ/ പുഷ്പകാ/ലം?- അവൻ

സ്വാഗത/മോതുമോ/ സാനുകൂ/ലം?[165]

പി. കുഞ്ഞിരാമൻ നായരുടെ പൂമ്പാറ്റ എന്ന കവിത മറ്റൊരുദാഹരണം:

പൂക്കൾ നി/രക്കുന്ന/ കാലമാ/യി

പൂമ്പാറ്റ/യ്ക്കെന്തിത്ര/ താമസ/മായ്

പുള്ളിയു/ടുപ്പുക/ളിട്ടുടൻ/ തോട്ടത്തിൽ/

പൂമ്പൊടി/യുണ്ണുവാൻ /വന്നീടേ/ണം- വേഗം/

പൂമ്പൊടി/യുണ്ണുവാൻ/ വന്നീടേ/ണം[166]

**6. 2. 25.** ആറു മാത്രയിൽ ചൊല്ലാവുന്ന ത്ര്യശ്രഗതിയിൽ ഘടനാപരമായ വൈചിത്ര്യങ്ങൾ നിർമ്മിക്കുന്നത് ഇടശ്ശേരി ഗോവിന്ദൻ നായരുടെ പല കവിതകളിലും കാണാം. പുത്തൻകലവും അരിവാളും എന്ന കവിതയിൽനിന്ന് ഉദാഹരണം:

ആരേx/ പോയ പു/കിൽക്കീ,/ പ്പാട-/

ത്തരുമയൊ/ടാരിയൻ/ വിത്തിx/ട്ടൂ?/

മേലേx/ തീമഴ/ താഴേx/ ചെങ്കനൽ/

മീനക്കൊ/ടുംവെയിൽ/ കത്തുx/മ്പോൾ[167]

ഈ ഈരടികളിലെ ആദ്യവരികളിൽ അക്ഷരങ്ങൾക്ക് ഊനതയും രണ്ടാം വരികളിൽ അക്ഷരങ്ങൾക്ക് ഇരട്ടിപ്പും നല്കുന്നതിലെ ഘടനാവൈചിത്ര്യവും ശ്രദ്ധേയം. ഇത്തരത്തിൽ ഗതിക്രമം നിലനിർത്തിക്കൊണ്ട് അക്ഷരസംഖ്യയിലും മാത്രാദൈർഘ്യത്തിലും വൈവിധ്യ മുള്ള വരികളാണ് ഈ കവിതയിലുള്ളത്. അദ്ദേഹത്തിന്റെ പ്രസിദ്ധമായ പൂതപ്പാട്ടിൽ ഈ സാധ്യത പരമാവധി പ്രയോജനപ്പെടുത്തുന്നു. ആ കവിതയിലെ ചില മാതൃകകൾ നോക്കുക:

1. കേട്ടിx/ട്ടില്ലേ തു/ടികൊx/ട്ടും കലർ-/

ന്നോട്ടുചി/ലമ്പിൻ ക/ലമ്പലു/കൾ

അയ്യx/യ്യാ, വര/വമ്പിളി/പ്പൂങ്കുല/

മെയ്യില/ണിഞ്ഞ ക/രിമ്പൂx/തം [168]

ഊനതയുള്ള ഗണങ്ങളെ അക്ഷരംകൊണ്ടു നികത്തിയാൽ മഞ്ജരിവൃത്തത്തിന്റെ ഛായയിലാകുംവിധമാണ് ഈ ഘടന.

2. പറയന്റെ/ കുന്നിന്റെ/യങ്ങേച്ചെ/രുവിലെ-/

പ്പാറx/ക്കെട്ടിന്ന/ടിയിൽ/

കിളിവാതി/ലിൽക്കൂടി/ത്തുറുകണ്ണും/ പായിച്ചു

പകലൊക്കെ/പ്പാർക്കുന്നു/ പൂതം[169]

ഈ ഈരടികളിൽ അക്ഷരങ്ങൾക്ക് കൂടുതൽ ഇരട്ടിപ്പു നല്കുകയും ഈരടിയുടെ അന്ത്യ ത്തിൽ കൂടുതൽ ഊനത നല്കുകയും ചെയ്തിരിക്കുന്നു.

3. ആറ്റിൻx/ വക്കത്തെ/ മാളിക/വീട്ടില-/

ന്നാറ്റുx/നോറ്റിട്ടൊ/രുണ്ണി പി/റന്നു.

ഉണ്ണിയ്ക്ക/രയിലെ/ക്കിങ്ങിണി/ പൊന്നു കൊ-/

ണ്ടുണ്ണിയ്ക്കു/ കാതിൽക്കു/ടക്കടു/ക്കൻ

പാപ്പ കൊ/ടുക്കുന്നു/ പാലു കൊ/ടുക്കുന്നു/

പാവ കൊ/ടുക്കുന്നു/ നങ്ങേx/ലി[170]

ഈ ഈരടികളിലെ ചില ഗണങ്ങളിൽ അക്ഷരങ്ങൾക്ക് കുറവുവരുത്തുന്നതുകൂടാതെ അന്ത്യത്തിലുള്ള ഊനത പലതരത്തിലാവുകയും ചെയ്യുന്നു.

4. തെച്ചിx/ക്കോലു പ/റിച്ചൂx/ പൂതം

ചേലൊടു/ മന്ത്രം ജ/പിച്ചൂx/ പൂതം

മറ്റോx/രുണ്ണിയെ/ നിർമ്മിച്ചു/ പൂതം

മാൺപൊ/ടെടുക്കെ/ന്നോതീx/ പൂതം[171]

ഇതിൽ ഓരോ വരിയുടെയും അന്ത്യത്തിൽ ഒരേ രീതിയിൽ ഊനത നിലനിർത്തു കയും പല ഗണങ്ങളിലും അക്ഷരസംഖ്യയിൽ കുറവു വരുത്തുകയും ചെയ്തിരിക്കുന്നു.

ഇത്തരം ഖണ്ഡങ്ങൾക്കിടയിൽ മഞ്ജരി ഇരട്ടിപ്പ്, [172] മാവേലി,[173] മാവേലി ഇരട്ടിപ്പ്, [174] കുറത്തി[175] എന്നിങ്ങനെ സമാനമായ താളഗതിയിൽച്ചൊല്ലാവുന്ന താളമാതൃകകൾ സന്നി വേശിപ്പിക്കുകയും ചെയ്തിരിക്കുന്നു. നാടോടിപ്പാട്ടുകളിലെ ശിഥിലമായ താളരീതികളെ ക്രമ പ്പെടുത്തി ഉപയോഗിക്കുന്ന പതിവുരീതിയിൽനിന്നു മാറി അവയുടെ ശ്ലഥഗതി നിലനിർത്തുന്നു എന്നത് പൂതപ്പാട്ടിന്റെ സവിശേഷതയാണ്.

**6. 3. ചതുരശ്രഗതി നാലു മാത്ര**

**6. 3. 1.** ഉള്ളൂരിന്റെ കവിതകളിൽ ഏറെ പ്രചാരമുള്ള പ്രേമസംഗീതത്തിന്റെ താളഘടനയ്ക്കും അത്രത്തോളംതന്നെ പ്രസിദ്ധിയുണ്ട്:

ഒരൊറ്റ/ മതമു/ണ്ടുലകി/, ന്നുയിരാം/ പ്രേമം; അ/തൊന്ന/ല്ലോ

പരക്കെ/ നമ്മെ/പ്പാലമൃ/തൂട്ടും/ പാർവണ/ശശിബിം/ബം

ഭക്ത്യനു/രാഗദ/യാദിവ/പുസ്സാ/പ്പരാത്മ/ചൈത/ന്യം

പലമ/ട്ടേന്തി/പ്പാരിതി/നെങ്ങും/ പ്രകാശ/മരുളു/ന്നു.[176]

ചതുരശ്രഗതിയിലാണ് ഇതിന്റെ ചൊൽവടിവ്. നാലു മാത്ര വീതമുള്ള ആറുഗണ ങ്ങൾക്കു ശേഷം ഒരക്ഷരം മാത്രമുള്ള ഒരു ഗണം എന്ന ഘടനയെ സമാനഗതിയിലുള്ള തരം ഗിണിയുടെ ഊനരൂപമായി കണക്കാക്കാം. എൻ. വി. കൃഷ്ണവാരിയർ ഈ വൃത്തത്തിന് രാമചരിതത്തോളം പ്രാക്തനത്വം സൂചിപ്പിക്കുന്നു.[177] ഇതിന് ഋജുതരംഗിണി എന്നു പേരു നല്കുന്ന *ഭാഷാവൃത്തദീപിക* വൃത്തലക്ഷണവും നിർദ്ദേശിക്കുന്നുണ്ട്:

തരംഗിണിക്കന്ത്യമാകും

ഗണം രണ്ടും കുറച്ചഥ

ഗുരുവൊന്നവിടെച്ചേർത്താൽ

വരും ഋജുതരംഗിണി[178]

നായ് എന്ന ഉള്ളൂർക്കവിതയും ഇതേ താളത്തിൽത്തന്നെ:

നമ്മുടെ/ വീട്ടിൽ/ കാവൽ കി/ടക്കും/

നായൊരു/ നല്ല മൃ/ഗം

നമ്മെ/ക്കാണു/ന്നളവതു/ കാട്ടും/

നന്ദി മ/റക്കാ/മോ?[179]

ഈ താളഘടന ജി. ശങ്കരക്കുറുപ്പും ഉപയോഗിക്കുന്നുണ്ട്:

തത്ത്വ/ജ്ഞാനികൾ/ തൂകും/ പുഞ്ചിരി/

നുരയും/ കണ്ണീ/രിൽ

തത്തും/ പൊന്നൊളി/ നറുമീ/നുകളേ,/

കുഞ്ഞി/ക്കവിതക/ളേ[180]

ചങ്ങമ്പുഴയുടെ കാമുകന്റെ സ്വപ്നങ്ങളിലെ ചില വരികൾ ഈ താളഘടനയിലുൾപ്പെടുന്നു:

മടുത്തു/ ജീവിത/മെനിക്കു/ മഹിയിൽ/ മനസ്സു/ഖം ന/ല്കാ-

നടുത്തു/ വരുവിൻ/ വരുവിൻ/ വരുവിൻ/ കിനാക്ക/ളേ നി/ങ്ങൾ.[181]

ഇടശ്ശേരിയുടെ ത്രിവിക്രമന്നു മുമ്പിൽ എന്ന കവിത ഈ മാതൃകയിലാണ്. ഉദാഹരണം:

അച്ഛൻ/ നേടിയ/ ഭൂമ/ണ്ഡലമൊരു/

തൃക്കാ/ലടിവ/ട്ടം;

തൃക്കാ/ലടിവ/ട്ടം താൻ/ മൽപ്പുകൾ/

നേടിയ/ ലോക/ങ്ങൾ[182]

കുഞ്ഞിരാമൻ നായരുടെ പല കവിതകളിലും ഈ താളരീതി കാണാം. അമ്മയും മകനും എന്ന കവിതയിലെ ചില വരികൾ ഉദാഹരണം:

വന്നു വ/സന്തം/ കുയിലുകൾ/ കൂകീ/ ചാഞ്ചാ/ടീ പൂ/ക്കൾ

ചിന്നീ/ മധുകണ/മെങ്ങും/ മിന്നീ/ മാമ്പൂ/നിരയ/പ്പോൾ[183]

വൈലോപ്പിള്ളിയും ഈ താളക്രമം ഉപയോഗിക്കുന്നുണ്ട്. മൃതസഞ്ജീവനിയിലെ ചില വരികളിൽ ഈ ഘടന കാണാം:

വാർമഴ/വില്ലണ/ കെട്ട/ിത്തണ്ണീർ/

തുറ്റുതു/ളുമ്പീ/ടും

കാർമുകിൽ/ പെയ്കെ/ ത്തൂമി/ന്നൽക്കൊടി/

വെറുതേ/ പടരു/ന്നൂ[184]

തരംഗിണിവൃത്തത്തിലും ഈ താളക്രമത്തിലുമുള്ള വരികൾ ഇടകലർന്ന ഒരു ഘടന വൈലോപ്പിള്ളിയുടെ നഗരത്തിന്റെ ശബ്ദം എന്ന കവിതയിൽ കാണാം:

നഗരം/ മന്ത്രി/ക്കുന്നൂ/ ചെവിയിൽ,/

ശ്രദ്ധി/ച്ചീടുവ/തുണ്ട/ല്ലോ നീ/

സകലവു,/ മേതാ,/ ണേതാ,/ ണോതുക,/

തനതാ/മെൻശ/ബ്ദം?[185]

ഇതിൽ ആദ്യത്തെ ഈരടി തരംഗിണിയിലും അടുത്ത ഈരടി മേല്പറഞ്ഞ താളക്രമത്തിലു മാണ്. ഇങ്ങനെ നിർമ്മിച്ച നാലുവരിയുടെ ഘടന ആ കവിതയിൽ ആവർത്തിക്കുന്നു.

**6. 3. 2.** ചതുരശ്രഗതിയിലുള്ള മറ്റൊരു ഘടനയിലാണ് ജി. ശങ്കരക്കുറുപ്പിന്റെ ചില കവിതകൾ. ഉദാഹരണം:

പച്ചനി/ചോളം/ തോൾവരെ/യൂർത്തി-/

പ്പരിമള/മിളകും/ വീർപ്പോ/ടേ[186]

ചങ്ങമ്പുഴയുടെ മനസ്വിനി എന്ന കവിതയും ഈ താളക്രമത്തിലാണ്:

മഞ്ഞ/ത്തെച്ചി/പ്പൂങ്കുല/പോലെ/

മഞ്ജിമ/വിടരും/ പുലർകാ/ലേ,[187]

വൈലോപ്പിള്ളിയുടെ പല കവിതകളും ഈ ഘടനയിലാണ്. പന്തങ്ങൾ ഉദാഹരണം.

ചോരതു/ടിക്കും/ ചെറുക/യ്യുകളേ,/

പേറുക/ വന്നീ/പ്പന്ത/ങ്ങൾ.[188]

പി. കുഞ്ഞിരാമൻ നായരുടെ പാട്ടുകാരൻ എന്ന കവിത മറ്റൊരുദാഹരണം:

വെളിച്ച/മമൃതും/ നുണയാൻ/ നല്കി/

തെളിച്ച/മരുളി/പ്പോറ്റീ/ടും,[189]

ഇതിൽ രണ്ടു വരിയിലെയും ആദ്യഗണം 'തധിംത' എന്ന തരത്തിൽ ജഗണമാകു ന്നതു കാണുക. *വൃത്തമഞ്ജരി*യിലെ തരംഗിണിലക്ഷണരീതിയിൽ ദ്വിമാത്രഗണങ്ങളായല്ല, ചതുരശ്രഗതിരീതിയിൽ ചതുർമാത്രാഗണങ്ങളായേ ഗണവിഭജനം നടത്താനാവൂ എന്ന് ഇത്തരം വരികൾ തെളിയിക്കുന്നു. ബാലാമണിയമ്മയുടെ പല കവിതകളിലും ഈ താളരീതി കാണാം. മൈത്രി എന്ന കവിത ഉദാഹരണം:

കർക്കട/മാസ/ക്കതിരുകൾ/ വയലിൽ-/

ക്കനത്തു/ ചാഞ്ഞു കി/ടക്കു/മ്പോൾ[190]

ഇടശ്ശേരിക്കവിതകളിലും ഈ രീതിക്ക് പ്രചാരമുണ്ട്.

എങ്ങനെ/ നേടിയ/തിന്ത്യേ,/ നേടിയ/

തെങ്ങനെ/ നീയീ/ സ്വാത/ന്ത്ര്യം?[191]

അദ്ദേഹത്തിന്റെ ബിംബിസാരന്റെ ഇടയൻ പോലുള്ള ചില കവിതകളിൽ പല അക്ഷരങ്ങളും മൂന്നു മാത്രയുള്ള പ്ലുതമായി ചൊല്ലേണ്ടതുണ്ട്. ഉദാഹരണം:

യാxഗ/ശാലയി/ലേയ്ക്കു ന/ടക്കുവി-/

നാഗ/സ്വികളാ/മാടുക/ളേ

ബിംxബി/സാരന്യ/പൻ ദീ/ക്ഷിപ്പൂ/

നിങ്ങളെ/ മീളുമൊ/രxധ്വ/രം[192]

ചതുരശ്രഗതിയിലുള്ള തരംഗിണിവൃത്തത്തിന്റെ രണ്ടാം വരിയുടെ അന്ത്യത്തിൽ രണ്ടു മാത്രയ്ക്ക് ഊനം സംഭവിച്ച രൂപത്തിലാണ് ഈ താളഘടന. രണ്ടാം വരിയിൽ നാലു മാത്ര കുറഞ്ഞ ഊനതരംഗിണിക്കു മാത്രമേ *വൃത്തമഞ്ജരി* ലക്ഷണം നല്കുന്നുള്ളു. രണ്ടാം വരിയുടെ അന്ത്യത്തിൽ രണ്ടുമാത്ര കുറഞ്ഞതും നാലു മാത്ര കുറഞ്ഞതുമായ ഊനതരംഗിണികൾ ഇടകലർന്നു വരുന്നതിനും ഉദാഹരണമുണ്ട്:

നിഴലും/ വെയ്‌ലുമൊ/ളിച്ചു ക/ളിക്കും/

നിലമാ/ണിപ്പോൾ/ നെല്പാ/ടം[193]

.............................

കൂത്താ/ടുന്നു/ തേൻ നുക/രാനും-/

കൂടി മ/റന്നളി/ വെയ്‌ലിൽ[194]

**6. 3. 3.** ചതുരശ്രഗതിയിൽത്തന്നെയുള്ള മറ്റൊരു ഘടനയും പരാമർശിക്കേണ്ടതുണ്ട്. തരംഗിണീവൃത്തത്തിന്റെ രണ്ടു പാദത്തിലും ഈരണ്ടു മാത്ര കുറവുള്ള ഊനതരംഗിണീഭേദമാണിത്. ചങ്ങമ്പുഴയുടെ വസന്തോത്സവത്തിൽ മൂന്നാം രംഗത്തിലെ ചില വരികൾ ഇതിലുൾപ്പെടുന്നു.

പറയൂ,/ പറയൂ,/ ലോക/ത്തി-

പ്പരിണത/സുകൃതിനി/യേതൊരു/വൾ?[195]

വൈലോപ്പിള്ളിയുടെ കടലും കരയും എന്ന കവിതയിൽ ഈ ഘടന കാണാം.

അലിവൊടു/ നിന്നെ/ ശ്യാമേ/ ഞാൻ

ആദി/ത്യാഗ്നിസ/മക്ഷ/ത്തിൽ

പാണി/ഗ്രഹണം/ ചെയ്തീ/ലേ

പട്ടുട/യാടയു/മേകീ/ലേ?[196]

ഇടശ്ശേരിയുടെ അമ്മയും ഭാര്യയും എന്ന കവിത മറ്റൊരുദാഹരണം:

പുഷ്കല/ശോഭയൊ/ടനുരാ/ഗം

പുഷ്പകി/രീടം/ ചൂടു/ന്നു.[197]

കുഞ്ഞിരാമൻ നായരും ഈ താളക്രമം കവിതയിലുപയോഗിക്കുന്നു.

ചെമ്പു പൊ/തിഞ്ഞൊരു/ മാമല/ത-

ന്നമ്പല/മാകെ/പ്പൊന്നാ/കേ,[198]

അപൂർവമായി ബാലാമണിയമ്മയും ഈ താളരീതി ഉപയോഗിച്ചിട്ടുണ്ട്. പേരിടാത്ത ഒരു നാലുവരിക്കവിത ഉദാഹരണം:

അതിരേ/താണെ,/ ഞ്ഞെന്നറി/യാ-

ത്തഹർന്നി/ശഭ്രമ/ണാദ്ധ്വാ/വിൽ,

അവിട/ന്നെൻ തേ/രു തെളി/ക്കു-

ന്നളവെ/ന്തിനഭാ/വഭയം/ മേ?[199]

**6. 3. 4.** ചതുരശ്രഗതിയിലുള്ള തരംഗിണിയുടെ ഓരോ വരിയിലും നാലു മാത്ര വീതം കുറവുള്ള മറ്റൊരു താളരൂപം ശങ്കരക്കുറുപ്പിന്റെ ഗീതാഞ്ജലിവിവർത്തനത്തിൽ കാണാം:

താമസ/മരുതേ/ നുള്ളാൻ,/

താരിതി/നെക്കൈ/ക്കൊള്ളാൻ,/

കൊഴിയുകി/ലോ ഞാൻ/ വാടി-/

പ്പൊടിയില/താണെൻ/ പേടി[200]

മറ്റൊരു തരത്തിൽ പറഞ്ഞാൽ ഇതിലെ ഓരോ വരിയും നാലു മാത്ര വീതമുള്ള മൂന്നു ഗണം ചേർന്നതാണ്.

**6. 3. 5.** നാടോടിപ്പാട്ടിൽനിന്നുരുവംകൊണ്ട ഒരു താളഘടനയ്ക്ക് ആധുനികകവിതകളിലും പ്രചാരമുണ്ട്. ഇതും ചതുരശ്രഗതിയിലുൾപ്പെടുന്നു. ഇടപ്പള്ളി രാഘവൻപിള്ളയുടെ ഒരു കവിത ഉദാഹരണം:

പരി/മളേ!/ മമ/ സഖി!/ മദീയഹൃ/ത്തിൽ

പരി/താപ/മധി/കമായ്/ വളർ/ന്നിടു/ന്നൂ!

പക/ലവൻ/ പതി/വുപോൽ/ മറ/യും മു/മ്പി-

ലക/ളങ്ക/ഹൃദ/യമൊ/ന്നുട/ഞ്ഞുപോ/ണം.[201]

ഈ താളഘടനയിലാണ് ചങ്ങമ്പുഴയുടെ കളിത്തോപ്പിൽ എന്ന കവിത:

-കഴി/യട്ടെ/ പറ/ഞ്ഞു ഞാ/, നതി/നുമുൻ/പേ

കളി/യാക്കു/ന്നെ-/ന്തിനെൻ/ തോ-/ഴിമാ/രേ

മണി/വിള/ക്കി-/ന്നലെ/ക്കെടു/ത്തിയ/പ്പോൾ

മഴ/വില്ലാ/ക്കവി/ളത്തു/ മി-/ന്നിയി/ല്ലേ?[202]

വരികൾക്കിടയിൽ പല സ്ഥാനത്തായി വരുന്ന ഊനഗണങ്ങളിലൂടെ ലഭിക്കുന്ന ഘടനാവൈചിത്ര്യം ശ്രദ്ധേയം. ഇടശ്ശേരിയുടെ കവിതകളിൽ പലതും ഈ താളക്രമത്തിലാണ്:

തുടി/തൻ പി/മ്പുറം/ കൂനൻ/ പെറ/മ്പാൽത്തേ/മ്പി-

പ്പര/മുമ്പാ/രവം/ പോലെ/ കന/ക്കും ധ്വാ/നം,

വലം/കോലി/ട്ടടി/ക്കുന്ന/ ചടു/ലതാ/ളം,

കുട/മണി/ ഘണ/ഘണ/ മിളി/തനാ/ദം[203]

*വൃത്തമഞ്ജരി*യിൽ ഹംസപ്ലുതമെന്നപേരിൽ,

ത്രിമാത്രം ദ്വ്യക്ഷരഗണമാറെണ്ണം ഗുരുവൊറ്റയും

ആദ്യം ഗണം ലഘുമുഖമിതു ഹംസപ്ലുതാഭിധം[204]

എന്നു പ്രസ്തുതവൃത്തക്രമത്തെ നിർവചിച്ചിട്ടുണ്ടെങ്കിലും അക്ഷരക്രമം, മാത്ര എന്നിവയുടെ കാര്യത്തിൽ *വൃത്തവിചാര*കാരൻ ഈ ലക്ഷണത്തോടു വിയോജിക്കുന്നു.[205] മാത്രമല്ല ചതുർമ്മാത്രഗണഘടിതമാണ് ഈ വൃത്തമെന്ന് അദ്ദേഹം സൂചിപ്പിക്കുകയും ചെയ്യുന്നു.[206] ഏതായാലും അക്ഷരക്രമത്തിൽ കൃത്യത പാലിക്കാതെതന്നെ താളക്രമം ദീക്ഷിക്കുന്ന ഈ ഘടനയുടെ വൈവിധ്യത്തെ കുറിക്കാൻ *വൃത്തമഞ്ജരി*യിലെ ലക്ഷണം അപര്യാപ്തമാണ്. തിരുവാതിരപ്പാട്ടിൽ സമാനമായ ഒരു താളഘടന കാണാം:

ഊx/മത്തും/ മതും/മത്തും/ പൂx/ങ്കാവു/ണ്ട്

പൂx/ങ്കാവി/ലൊരു/ മരം/ പൂx/ത്തിട്ടു/ണ്ട്

ആx/ പൂവെ/ടുx/ത്തിട്ടും/ ചൂx/ടുണ്ണി/മാ-x/ ആ

ഇx/ന്നു ചൂ/ടിയാൽ/ പിന്നെ/ നാx/ളേയ്ക്കി/ല്ല-x/ ആ[207]

'മഞ്ഞച്ചേരേ നിന്റെ',[208] 'അക്കരെയില്ലത്തൊരിട്ടിത്തുപ്പൻ'[209] തുടങ്ങിയ ഇത്തരം ഗാനങ്ങളിൽപ്പലതിനും സംഭാഷണഘടനയാണുള്ളതെന്നും ശ്രദ്ധേയം.

**6. 3. 6.** ഇതേ താളക്രമത്തിലുള്ള വരിയുടെ അവസാനം ഒരു ഗുരുകൂടിച്ചേർത്ത രൂപമാണ്

ചങ്ങമ്പുഴയുടെ ഒരു കവിതാവിവർത്തനത്തിനുള്ളത്:

പതി/നായി/രംx/കാതം/ മണല്/ക്കാടു/ താx/ണ്ടി-

പ്പത/റാതെ,/ തള/രാതെ/യിവി/ടെഞാ/നെx/ത്തി!

പരി/ചിലെൻ/ തമ്പു/രാനെ/ജ്ജയ/മാല/ ചാർ/ത്തി-

പ്പല/ ഹൂണ/പ്പരി/ഷയെ/പ്പറ/പ്പിക്കാൻ/വേണ്ടി![210]

**6. 3. 7.** ഉള്ളൂരിന്റെ പല കവിതകളിലും *വൃത്തമഞ്ജരീ*പരാമർശമില്ലാത്തതും ഒപ്പം കേരള ത്തിലെ നാടോടിപ്പാട്ടുകളിലൂടെ പ്രസിദ്ധമായതുമായ താളമാതൃകകൾ കാണാം. മഹാമേരു വിന്റെ മനസ്താപം എന്ന കവിതയിലെ വരികൾ നോക്കുക:

മേx/രുമേ/രുവെ/ന്നുള്ള/ പേx/രു പൂ/, ണ്ടില്ലേ/ മഹാ/

ചാx/രുരൂ/പനാ/മൊരു/ ശൈx/ലരാ/ജൻ?

അx/ജ്ജഗ/ജ്ജ്യോതി/സ്സാകു/മx/ദ്രിതൻ/മേൽപ്പ/ണ്ടൊരു/

കൊx/ച്ചട/യ്ക്കാക്കു/രുവി/ കൂx/ടുകെ/ട്ടി[211]

ഓരോ ഗണത്തിലും നാലു മാത്ര വീതമുള്ള ചതുരശ്രഗതിയിലാണ് ഇതിന്റെ ചൊൽവ ടിവ്. ഈരടിയായി പിരിക്കുമ്പോൾ ഇരുവരികളിലെയും എട്ടു ഗണങ്ങളിൽ ഒന്നും അഞ്ചും ഗണങ്ങളിൽ വർണങ്ങൾക്ക് ഊനതയുണ്ട്. രണ്ടാം വരിയുടെ അന്ത്യത്തിലെ ഊനത നതോ ന്നതാവൃത്തത്തിലേതുപോലെയാണ്. ജി. ശങ്കരക്കുറുപ്പും ഈ താളഘടനയിലുള്ള വരികൾ രചിച്ചിട്ടുണ്ട്:

ജീx/വിതം/ വര/ളുമ്പോൾ/

വx/ന്നാലു/മവി/ടുന്നു/

താx/വിന/ കരു/ണതൻ/

ധാx/രയാ/യി [212].

ഇടപ്പള്ളി രാഘവൻപിള്ളയുടെ പുളകപ്പുതപ്പിൽ എന്ന കവിതയ്ക്കും ഈ ഘടനയാണ്:

കx/ണ്ടു ഞാ/നന്നാ/ളൊരു/ കാx/മ്യമാം/ ലോക,/ മതാ/

വിx/ണ്ടല/മല്ലാ,/ വെറും/ വസു/ധയ/ല്ലാ! [213]

ചങ്ങമ്പുഴയുടെ പല കവിതകളുടെയും താളം ഇതുതന്നെ. ഉദാഹരണം:

ആനന്ദദേവതേ, നീ പോയൊരാ വഴിവക്കിൽ

ഞാനെത്രനേരം നിന്നെ കാത്തുനിന്നു! [214].

ഈ താളഘടന ഇടശ്ശേരിയും ഉപയോഗിച്ചിട്ടുണ്ട്:

'ഞാനിനി ഹനുമാൻ നീ, രാമ'നെന്നൊരു വാദം

തേനൊലിയൻമാവിന്നു ചുവട്ടിലുണ്ടായ്[215]

പി. കുഞ്ഞിരാമൻ നായർ ഈ താളരീതി പല കവിതകളിലും ഉപയോഗിക്കുന്നു:

മിന്നിപ്പറക്കും ജോതിർ-

ഗോളങ്ങൾ വിരിയിച്ചു

പൊന്നും ചിറകിൽപ്പോറ്റി

പ്പോരുവോളേ[216]

മച്ചാട്ടിളയത് എഴുതിയ ശകുന്തളാവാക്യം തിരുവാതിരപ്പാട്ടിലെ നാലാം വൃത്തത്തിൽ ഈ താളത്തിന്റെ പ്രസിദ്ധമായ മാതൃക കാണാം.

കx/ല്യാണി/ കള/വാണി/ ചൊx/ല്ലു നീ/യാരെ/ന്നതും

കx/ല്യേ നീ/യാരു/ടയ/ പുx/ത്രിയെ/ന്നും[217]

'കളവാണീനട'യെന്നും 'കല്യാണി കളവാണി'മട്ട് എന്നും പ്രസിദ്ധമായ[218] ഈ വൃത്തത്തെ നതോന്നതയുടെ ഊനരൂപമായാണ് *മലയാള വൃത്തപഠനം* ഗണിക്കുന്നത്.[219]

വള്ളത്തോളിന്റെ പ്രേമഗീതം എന്ന കവിതയിലെ ഒരു ഈരടി നോക്കുക:

മര/ണമേ/ വരു/വരു;/ മധു/മൊഴി/ വെടി/കയാൽ/

മരു/നില/മുല/കിതു/ മമ/വേ-/ണ്ടാ[220]

ഇതിൽ രണ്ടു വരികളിലെയും അഞ്ചും എട്ടും ഗണങ്ങൾക്കുള്ള ഊനത ഓരോ അക്ഷരം ചേർത്തു നികത്തുന്നുവെങ്കിലും രണ്ടാം വരിയിലെ ആറാം ഗണത്തിന് ഊനത നല്കുകയും രണ്ടാം വരിയുടെ അന്ത്യത്തിലെ ഊനത നിലനിർത്തുകയും ചെയ്യുന്നു. ആറാം ഗണത്തിന്റെ ഊനതകൂടി നികത്തിയാൽ നതോന്നതതന്നെയാകും എന്നത് *മലയാളവൃത്തപഠന*ത്തിലെ നിരീക്ഷണത്തെ സാധൂകരിക്കുന്നു.

ജി. ശങ്കരക്കുറുപ്പിന്റെ ഗീതാഞ്ജലിവിവർത്തനത്തിലെ ഇരുപത്തിയൊന്നാം ഗീതത്തിലും ഒരു ഗണത്തിൽമാത്രം ഊനതയുള്ള താളരൂപം കാണാം:

അറി/യാം അ/റിയാം/ സ്വാമിൻ,/

ജീx/വന/പ്രവാ/ഹത്തിൽ/

അവി/ടന്നാ/ദിയി/ലെന്നോ/

ഒഴു/ക്കിയെ/ന്നെ[221]

**6. 3. 8.** ചതുരശ്രഗതിയിലുള്ള മറ്റൊരു ഘടനയാണ് ജി. യുടെ ഗീതാഞ്ജലിവിവർത്തനത്തിലെ

ഈ ഗീതത്തിന്:

നിഖിലം/ രാഗവി/ശേഷം/ വന്നിനി/

നിറകെ/ന്നന്തിമ/ഗ- തി/യിൽ

അലിയുക/ നാനാ/വിശ്വാ/നന്ദവു-

മവികല/മാസ്വര/വീ- ചി/യിൽ [222]

രണ്ടും നാലും വരിയിലെ മൂന്നാം ഗണത്തിൽ നീട്ടിച്ചൊല്ലേണ്ട ഭാഗം സൂചിപ്പിക്കുന്ന – അടയാളം കവിതയിൽത്തന്നെ സൂചിപ്പിച്ചിട്ടുണ്ട്.

**6. 3. 9.** ചതുരശ്രഗതിയിൽ ചൊല്ലാവുന്ന സവിശേഷമായ ഒരു താളക്രമമാണ് കുഞ്ഞിരാമൻ നായരുടെ ശീവോതിവിളക്ക് എന്ന കവിതയ്ക്കുള്ളത്. ഇതിൽ മാത്രാക്രമം നിലനിർത്തിക്കൊണ്ടുതന്നെ പല ഗണങ്ങളിലും അക്ഷരങ്ങൾക്ക് ഊനത വരുത്തിയിരിക്കുന്നു.

കണി/കx/ണ്ടു;x/xx/കൊടി/കേx/റീx/xx

കളി/വിള/ക്കിൽx/പ്പുതു/തിരി/കളി/ട്ടൂ;x/xx

കടൽ/കാx/ണുംx/xx/മല/നിര/യിൽx/xx

തിര/നോx/ക്കിx/ക്കരി/മുകി/ലൊളി/ച്ചൂ.

മേx/ടx/ത്തിൻx/xx/ മലർ/മുടി/യിൽx/xx

ചിതx/റിx/ ചുടു/മിഴി/ നീx ർ/ക്കണ്ണ/ങ്ങൾx/xx [223]

**6. 3. 10.** ചതുരശ്രഗതിയിൽത്തന്നെ വരികളിൽ പലതരത്തിൽ ഊനത വരുന്ന ചില കവിതകളുമുണ്ട്. ചങ്ങമ്പുഴയുടെ വസന്തോത്സവത്തിൽ രണ്ടാം രംഗത്തിലെ ചില വരികൾ ഇത്തരത്തിലുള്ളതാണ്.

ജയ ജയ,/ ജയ ജയ,/ ഗോപാ/ലാ

ജയ ജയ,/ ഗളധൃത/വനമാ/ലാ

ജയ ജയ/ കുണ്ഡല/മണ്ഡിത/ കർണ്ണ

ജയ ജയ/ ജലധര/വരവർ/ണ്ണ[224]

തരംഗിണിയുമായി താരതമ്യപ്പെടുത്തുമ്പോൾ ഇവയിൽ ഒന്നും രണ്ടും നാലും വരികൾക്ക് ഈരണ്ടു മാത്ര കുറവുണ്ട്. മൂന്നാം വരി മാത്രാസംഖ്യയിൽ തരംഗിണിതന്നെ.

ചങ്ങമ്പുഴയുടെ മറ്റൊരു കവിത:

ജയ ജയ/ കേരള/മാതേ,/ ജയ ജയ/ ജലധിസു/തേ,

ജയ ജയ /ജനചയ/പൂജിത/പാദേ,/ ജയ ജയ/ ശുഭചരി/തേ!

ജയ ജയ/ ഭൃഗുസുത/സുകൃതപി/ടാകേ,/ വസുധാ/മലതില/കേ!

ജയ ജയ/ ധാർമ്മിക/വിജയപ/താകേ, /ജയ ജയ/ മഹിതാ/നായികേ!/ [225]

ഇതിലെ വരികളിൽ മാത്രാസംഖ്യ വ്യത്യാസപ്പെടുന്നു. ആദ്യവരിയിൽ ഇരുപത്തിരണ്ട്, രണ്ടും മൂന്നും വരികളിൽ ഇരുപത്തിയാറ്, നാലാം വരിയിൽ ഇരുപത്തിയെട്ട് എന്നിങ്ങനെയാണ് മാത്രകളുടെ സംഖ്യാക്രമം. അത്തരത്തിൽ ഗതിക്രമത്തിനു പുറമേ സ്രോതോവഹയതിഘടനകൂടി ഈ വരികളിൽക്കാണാം.

**6. 3. 11.** ചതുരശ്രഗതിയിൽ അക്ഷരങ്ങൾക്കും ഗണഘടനയ്ക്കും വൈചിത്ര്യം വരുത്തുന്നതിനുള്ള സാധ്യതകൾ പ്രയോജനപ്പെടുത്തി നിർമ്മിച്ച സവിശേഷമായ ഒരു താളഘടന ജി. യുടെ ഗീതാഞ്ജലിവിവർത്തനത്തിലെ ഈ ഗീതത്തിൽക്കാണാം:

മദീയ/ജീവര/ഥത്തിൽ,

വിശാല/വിശ്വത/ലത്തിൽ,

എന്നേ/കാന്തഗൃ/ഹത്തിൻ/ ഭിത്തികൾ/

തകർത്തു/ ഞാനെ/ന്നെത്തും?/ -ഹാ!

തകർത്തു/ ഞാനെ/ന്നെത്തും? [226]

ആദ്യരണ്ടു വരികളിൽ നാലുമാത്ര വീതമുള്ള മൂന്നു ഗണം. മൂന്നാം വരിയിൽ ഇത്തരത്തിലുള്ള നാലു ഗണം. നാലാം വരിയിൽ നാലുഗണമായിരിക്കെത്തന്നെ അന്ത്യഗണത്തിൽ ഊനത. അഞ്ചാം വരിയിൽ മൂന്നു നാന്മാത്രാഗണം. ഈ ഗീതത്തിലെ തുടർന്നുള്ള ഖണ്ഡങ്ങളിലും ഇതേ താളഘടന ആവർത്തിക്കുന്നു.

**6. 3. 12.** ഇടശ്ശേരിക്കവിതയിൽ ചതുരശ്രഗതിയുടെ ക്രമം നിലനിർത്തിക്കൊണ്ടുതന്നെ അക്ഷരസംഖ്യയിലും മാത്രാദൈർഘ്യത്തിലും വൈവിധ്യങ്ങൾ നിർമ്മിക്കുന്ന രീതിക്ക് ധാരാളം ഉദാഹരണങ്ങളുണ്ട്. പുലരെപ്പുലരെപ്പൊന്നോണം എന്ന കവിത നോക്കുക:

നിത്യX/നിർമ്മല/യാം മഹി/യെ

നീരാ/ടിച്ചും/ തോർത്തി/ച്ചും

കനത്ത/ വിണ്ടല/മരുളു/ന്നൂ തൽ-/

സ്തനന്ധ/യയ്ക്കായ് /സർവ്വ/സ്വം[227]

ഇതിൽ ആദ്യവരിയിലെ ആദ്യക്ഷരം മൂന്നു മാത്രയുള്ള പ്ലുതമായി ചൊല്ലണം. മൂന്നാം വരിയൊഴിച്ചുള്ളവയിൽ തരംഗിണിയെ അപേക്ഷിച്ച് അന്ത്യത്തിൽ രണ്ടു മാത്ര കുറവുണ്ട്. മൂന്നാം വരി തരംഗിണിതന്നെ.

തുടർന്നും ഈ കവിതയിലെ വരികളിൽ ഘടനാപരമായ വൈവിധ്യമുണ്ട്.

കനത്ത/ വിണ്ടല/മരുളു/ന്നൂ ത-/

ന്നുയർത്തി/ടമ്പി/ന്നുല്ലാ/സം (2 മാത്ര ഊനം)

നിറഞ്ഞു/വല്ലോ/ തുമ്പേ (4 മാത്ര ഊനം)

നിന്റെ/ പൊൽക്കുട/മമ്പേ (ആദ്യക്ഷരം പ്ലുതം, 4 മാത്ര ഊനം)[228]

ഇതിൽ ആദ്യവരിയിൽ നാലു മാത്ര വീതമുള്ള നാലു ഗണങ്ങളിൽ ആദ്യത്തേത് ശിതാഗ്രയെന്ന വൃത്തത്തിന്റെ രീതിയിൽ ജഗണമാണെന്നു ശ്രദ്ധിക്കേണ്ടതുണ്ട്. തുടർന്നുള്ള രണ്ടു വരികളിലും ആദ്യം ജഗണംതന്നെ. രണ്ടാം വരിയുടെ അന്ത്യത്തിൽ രണ്ടു മാത്രയും മൂന്നും നാലും വരികളുടെ അന്ത്യത്തിൽ നാലു മാത്ര വീതവും കുറവുണ്ട്. നാലാം വരിയിലെ ആദ്യക്ഷരം പ്ലുതമായി ചൊല്ലുകയും വേണം.

പി. കുഞ്ഞിരാമൻ നായരും ഗതിക്രമം നിലനിർത്തിക്കൊണ്ടുതന്നെ ഘടനാവൈവിധ്യം പുലർത്തുന്നതിന് ഈ രീതി ഉപയോഗിക്കുന്നു:

കെx/ട്ടു/വള്ളം,/ കപ്പ ക/യറ്റിയ/

വള്ളം/ മീനാ/യി,

നീങ്ങു/ന്നൂ പ/ണ്ടെന്റെ പി/താമഹ-/

രാരോ /വെട്ടിയ/ തോട്ടിൽ/[229]

ഇതിൽ ആദ്യത്തെ വരി തരംഗിണിയുടെ രീതിതന്നെയെങ്കിലും ആദ്യക്ഷരം പ്ലുതമായി ഉച്ചരിക്കണം. തരംഗിണിയുമായി താരതമ്യപ്പെടുത്തുമ്പോൾ രണ്ടാം വരിയിൽ ആറു മാത്രയും നാലാം വരിയിൽ നാലു മാത്രയും കുറവുണ്ട്. മൂന്നാം വരി തരംഗിണിതന്നെ. അദ്ദേഹത്തിന്റെ ഊഞ്ഞാലാട്ടം എന്ന കവിതയും പ്രത്യേകപരാമർശം അർഹിക്കുന്നു.

പൊലി/ ഒന്നേ/ ഒന്നേ/ പോൽ

വന്നു കു/ളത്തിൽ/ കുളിർകാ/ലം;

രണ്ടേ/ രണ്ടേ/ പോൽ,/

കണ്ടോ/ ചെറുചിര/ി തേന്മാ/വിൽ?[230]

ഇതിൽ വരികളുടെ തുടക്കത്തിലുള്ള 'പൊലി' എന്ന ഭാഗം താളത്തിന്റെ അടിക്കു മുമ്പേ ചൊല്ലൽ ആരംഭിക്കേണ്ട അതീതഗ്രഹത്തിന്റെ രീതിയിലാണ്. തുടർന്നുള്ള ഈരടികളിൽ ആദ്യവരികൾക്ക് തരംഗിണിരീതിയുമായി താരതമ്യപ്പെടുത്തുമ്പോൾ ആറു മാത്രയും രണ്ടാം വരികൾക്ക് രണ്ടു മാത്രയും കുറവുണ്ട്.

**6. 3. 13.** വൈലോപ്പിള്ളിയുടെ സാന്ധ്യതാരം എന്ന കവിതയിൽ ചതുരശ്രഗതിയിലുള്ള ഒരു സവിശേഷഘടന കാണാം:

താരക/ളേ,x/ വാന/ത്തിൻ

താരൊളി/ തിരളും/ കന്യക/ളേ,

താഴോ/ട്ടേx/യ്ക്കെന്തേ/വം

തരളം/ മിഴിയാൽ/ നോക്കു/ന്നു?[231]

തരംഗിണിവൃത്തവുമായി താരതമ്യപ്പെടുത്തുമ്പോൾ ഇതിലെ നാലുവരികളുടെയും അന്ത്യത്തിൽ രണ്ടു മാത്രവീതം കുറവുള്ളതുകൂടാതെ ഒന്നും മൂന്നും വരികളുടെ മധ്യത്തിലും ഈരണ്ടു മാത്രയ്ക്കു കുറവുവരുന്നു. ചൊല്ലലിൽ ചതുരശ്രഗതിസ്വഭാവം നിലനിർത്തുകയും ചെയ്യുന്നു..

**6. 3. 14.**വൈലോപ്പിള്ളി 1977 ൽ എഴുതിയ ചെന്നായും ആട്ടിൻകുട്ടിയും എന്ന കവിതയ്ക്ക് കൗതുകകരമായ ഒരു താളഘടനയാണുള്ളത്.

നീx കു/ടിച്ചു/ കുഞ്ഞാ/ടേ, യെൻ-/

നീർx ക/ലx/ക്കി?x/xx

ചോർxന്നു/ താഴോ/ട്ടൊഴു/കുന്നു/

ചോxല/വെx/ള്ളം[232]

ഈ കവിതയ്ക്കൊപ്പം ചൊൽവടിവു സൂചിപ്പിക്കാനായി "ഓമലാളെ കണ്ടു ഞാൻ പൂനിലാവിൽ എന്ന മട്ട്" എന്നു ചേർത്തിരിക്കുന്നു.

1971 ൽ പുറത്തുവന്ന സിന്ദൂരച്ചെപ്പ് എന്ന ചലച്ചിത്രത്തിനുവേണ്ടി യൂസഫലി കേച്ചേരിയെഴുതി ദേവരാജൻ സംഗീതം നല്കിയ ഗാനമാണ് ഇവിടെ പരാമർശിച്ചിരിക്കുന്നത്. നാടോടിപ്പാട്ടുകൾക്കൊപ്പം സമകാലികമായി രൂപപ്പെടുന്ന ജനകീയകലകളിൽനിന്നും ഊർജ്ജം സ്വീകരിക്കുന്ന ഈ രീതി മലയാളകവിതയിൽ അപൂർവമാണ്. ചതുരശ്രഗതിയിൽ ചൊല്ലാവുന്ന ഈ ഘടനയിൽ അക്ഷരങ്ങളുടെ ഊനത ഈണംകൊണ്ടു നികത്തേണ്ടതുണ്ട്.

**6. 4. ചതുരശ്രഗതി എട്ടു മാത്ര (അഷ്ടമാത്രാഗതി)**

നാലു മാത്രയുടെ സ്ഥാനത്ത് ഗണം തിരിക്കാനാവാത്തതും എട്ടു മാത്രയിൽ ഗണപൂർത്തി വരുന്നതുമായ ഘടനയാണ് ഇവിടെ പരിഗണിക്കുന്നത്.

**6. 4. 1.** 'ധീംതധീംതധീം' എന്ന അടിസ്ഥാനഗണഘടനയിൽ വൈചിത്ര്യങ്ങൾ വരുത്തുന്നതാണ് കുഞ്ഞിരാമൻ നായരുടെ ഒറ്റയടിപ്പാത എന്ന കവിത.

ഭുവനമൊക്കെയും/ നന്മ പാകുവാൻ/

സേവനങ്ങളാൽ/ നൂലു നൂൽക്കുവാൻ/

ഇരുളിനാൽപ്പുലർ/വേള നെയ്യുവാൻ/

മുരളിയാൽ മൃദു/ഗാനമൂതുവാൻ.[233]

**6. 5. ചതുരശ്രഗതി മുക്തച്ഛന്ദസ്സ്**

കവിതയുടെ ഘടനാപരമായ സ്വാതന്ത്ര്യം നിലനിർത്തിക്കൊണ്ടുതന്നെ താളഗതിയെ സംബന്ധിച്ചുള്ള വിവിധസാധ്യതകൾ പ്രയോജനപ്പെടുത്തുകയും ചെയ്യുന്ന കാവ്യരൂപമാണ് മുക്തച്ഛന്ദസ്സ്. സവിശേഷമായ താളഗതി സ്വീകരിച്ചുകൊണ്ടുതന്നെ വൃത്തത്തിന്റെ മറ്റു നിയമങ്ങൾ തിരസ്കരിക്കുകയാണ് ഈ ശൈലിയുടെ സാമാന്യസ്വഭാവം. ഗദ്യരീതിയിൽ നേരത്തെ തന്നെ കവിതകളെഴുതിയിട്ടുണ്ടെങ്കിലും ഇരുപതാം നൂറ്റാണ്ടിന്റെ ഉത്തരഘട്ടത്തിൽ രൂപപരമായ പരീക്ഷണങ്ങളിൽ വ്യക്തമായ വ്യതിയാനങ്ങൾ സംഭവിച്ചുകൊണ്ടിരുന്ന ഒരു കാലത്താണ് ജി. ശങ്കരക്കുറുപ്പും മുക്തച്ഛന്ദസ്സിന്റെ രീതി പരീക്ഷിക്കുന്നത്. 1966-ൽ അദ്ദേഹമെഴുതിയ നോഹയും പൊന്മയും എന്ന കവിത ഉദാഹരണം.

പ്രളയം,/

ധർമ്മ/പ്രളയം!/

    മുങ്ങാ/തില്ലൊരു/ ശൃംഗം/

    മങ്ങാ/തില്ലൊരു/ രംഗം./

പ്രളയം,/

ധർമ്മ/പ്രളയം!/

    ദിക്കിൻ/ വക്കില/നങ്ങു/ന്നൂ

    ദീപ്തി/ മങ്ങിയ/ കണ്ണോ/ടേ

    പാട/യാർന്നൊരു/ കണ്ണോ/ടേ[234]

ഒരു ഗണത്തിൽ നാലു മാത്ര വീതം വരുന്ന ചതുരശ്രഗതിയുടെ സാമാന്യഘടന നിലനിർത്തുകയും ഒപ്പം തരംഗിണിപോലുള്ള വൃത്തങ്ങൾക്ക് ഗണസംഖ്യ, യതി തുടങ്ങിയ ഇതരകാര്യങ്ങളിലുള്ള നിയമങ്ങൾ അവഗണിക്കുകയും ചെയ്യുന്നതിലൂടെ ഈ കവിത മുക്തച്ഛന്ദസ്സിന്റെ സ്വഭാവം പുലർത്തുന്നു.

**6. 6. ഖണ്ഡഗതി**

**6. 6. 1.** *വൃത്തമഞ്ജരി*യിൽ പരാമർശമുള്ളതും മാരൻപാട്ടിലൂടെ പ്രസിദ്ധവുമായ മാരകാകളിക്ക് ഇരട്ടിപ്പു വരുത്തിയ രൂപത്തിലാണ് ജി. ശങ്കരക്കുറുപ്പിന്റെ ചില കവിതകൾ. ഉദാഹരണം:

ചുഴലെ നി/ല്ക്കുന്ന വ/നത്തിൻ മു/ഖത്തൊരു
ചുളിവുമു/ളവാക്കി/ടാതെ,
ചെറിയൊരു/ തെന്നൽ ചെ/ന്നാക്കാട്ടു/പിച്ചക-
ച്ചെടിയുടെ/ കൊമ്പറി/യാതെ,
പകൽ വിള/റുംമുൻപു/ പിന്നെയു/മാത്മാവിൻ
പരിമളം/ ചുറ്റും പ/രക്കെ[235]

ഓരോ ഗണത്തിലും അഞ്ചു മാത്ര വീതം വരുന്ന ഖണ്ഡഗതിയിലാണ് ഇതിന്റെ ചൊൽവടിവ്. ഈ വൃത്തത്തെ കാകളീഭേദമായി കണക്കാക്കാനുള്ള കാരണം ഇതാണ്.

ചങ്ങമ്പുഴയുടെ ചില കവിതകളിലും മാരകാകളിയുടെ ഇരട്ടിപ്പുരൂപം കാണാം:

അവളൊരു രശ്മിപോലെ,ൻ കുടിലിങ്കല-
ന്നവിരളശ്രീ പൊഴിച്ചെത്തി.
ഇരുളിലടിഞ്ഞൊരെൻ ചിന്തകളൊക്കെ, യ-
ന്നൊരു നവകാന്തിയിൽ മുങ്ങി.[236]

ബാലാമണിയമ്മയുടെ വേണുനാദം എന്ന കവിത മറ്റൊരുദാഹരണം:

പുലർമഞ്ഞു മൂടൂം രാവറുതിയിവന്നു ഞാൻ
പുഴവെള്ളം മുക്കുവാൻ വന്നു [237]

**6. 6. 2.** 1923-ൽ കുമാരൻ ആശാൻ എഴുതിയ ഭാരതമയൂരം അഥവാ നമ്മുടെ മയിൽ എന്ന കവിതയും *വൃത്തമഞ്ജരി*യിൽ പരാമർശമില്ലാത്ത ഒരു താളമാതൃകയിലാണ്:

ഇങ്ങനെ/ ഭംഗിയി/ണങ്ങി വി/ളങ്ങുമൊ-/
രീശ്വര/സൃഷ്ടിയു/ണ്ടോ-
യിങ്ങെങ്ങു/ പാർത്താലു/മേഴാഴി/ ചൂഴ്ന്നെഴു-/
മൂഴിയിൽ/ത്തേടിയാ/ലും[238]

ഇതും ഖണ്ഡഗതിയിലുൾപ്പെടുന്നു. കാകളിയുമായി താരതമ്യപ്പെടുത്തുമ്പോൾ രണ്ടാം വരിയിൽ അഞ്ചക്ഷരം കുറവുണ്ട്. 'ഗോപകുമാര എന്ന മട്ട്' എന്നു താളഗതി കവിതയോ

ടൊപ്പം സൂചിപ്പിക്കുന്നുണ്ട്.[239] ഇത് സമാനതാളഗതിയുള്ള ഒരു കൈകൊട്ടിക്കളിപ്പാട്ടിനെ കുറിക്കുന്നതാണ്.

ഗോപകു/മാരക/ നില്ലട/ നിന്നുടെ/
ചാപല/കർമ്മമി/ദംxx/xബഹു
ഭൂപതി/മാരുടെ/ മുന്നില/ഹംമതി/
ശോഭന/മായ് വരു/മോ?[240]

കുഞ്ചൻ നമ്പിയാർ എഴുതിയെന്നു വിശ്വസിക്കപ്പെടുന്ന[241] *രുക്മിണീസ്വയംവരം പത്തുവൃത്ത*ത്തിന്റെ ഒമ്പതാം വൃത്തത്തിലേതാണ് ഈ വരികൾ. ഒന്നും മൂന്നും നാലും വരികളുടെ താളഘടനയും അക്ഷരസംഖ്യയും ഈ പാട്ടിനു സമാനമാണ്. എങ്കിലും പാട്ടിന്റെ രണ്ടാം വരിയിൽ എട്ടാം അക്ഷരത്തിനു ശേഷം കാകളിയിൽനിന്നുള്ള ഊനത നിലനിർത്തുകയും പാദാവസാനത്തിലെ രണ്ടക്ഷരം കുറയ്ക്കാതിരിക്കുകയുമാണ് ചെയ്തിരിക്കുന്നത്. കവിതയിലാകട്ടെ സമപാദങ്ങളിലെല്ലാം എട്ട് അക്ഷരമെന്ന സമാനഘടനതന്നെ കാണാം.

ഈ താളഘടന ജി. ശങ്കരക്കുറുപ്പ് പല കവിതകളിലും ഉപയോഗിക്കുന്നു:

മണ്ണമ്പ/ലത്തിന്റെ/ വാതില/ടയുന്നു/
മങ്ങുന്നു/ ബാഹ്യലോ/കം
നിന്നില/ലിയുന്നു/ ചന്ദ്രനും/ സൂര്യനും/
മന്നും ച/രാചര/വും[242]

**6. 7. മിശ്രഗതി**

**6. 7. 1.** തുള്ളലിൽ പ്രചാരത്തിലുള്ള മിശ്രഗതിയിലുള്ള ഒരു ചൊൽവടിവിനെ *വൃത്തമഞ്ജരി* സംസ്കൃതവൃത്തപദ്ധതിയിലെ വക്ത്രത്തിലാണ് ഉൾപ്പെടുത്തുന്നത്.[243] പറയൻതുള്ളലിൽ പ്രധാനമായിക്കാണുന്ന ഈ തനി മലയാളവൃത്തത്തെ സംസ്കൃതവൃത്തമെന്നു വിധിക്കുന്നതിലെ അനൗചിത്യം കെ. കെ. വാദ്ധ്യാർ ചൂണ്ടിക്കാണിക്കുന്നുണ്ട്.[244] നാലക്ഷരത്തിലായി ഏഴു മാത്രയുള്ള ഗണഘടനയാണിതിനുള്ളതെന്നും അദ്ദേഹം അടിക്കുറിപ്പിൽ സൂചിപ്പിക്കുന്നു.[245] ഒരു ഗണത്തിൽ ഏഴു മാത്ര വരുന്നതിനാൽ മിശ്രഗതിയിലുള്ള ചൊൽവടിവാണ് ഇതിനുള്ളത്. ഇതിനു സമാനമായ ഘടനയിൽ ചങ്ങമ്പുഴയുടെ ഒരു കവിതയുണ്ട്:

ഇന്ദ്രനീല/പ്പീലി നീർത്തി/
നിന്നിടുന്നോ,/ കല്പനേ നീ?/
ആടുകൊന്നെൻ/ മുന്നിൽ വന്നെ-/

ന്നാടൽ തെല്ലൊ/ന്നാറിടട്ടെ./[246]

ജി. യുടെ ഗീതാഞ്ജലീവിവർത്തനത്തിലും ഈ താളമാതൃക കാണാം:

പോമളവി/ന്നുനിന്നെന്റെ/-

യന്തിമവാ/ക്കിതാവട്ടേ/

കേവലം നി/സ്തുലമിങ്ങു/

കണ്ടതും കൊ/ണ്ടതുമെല്ലാം[247]

ഇടശ്ശേരിയുടെ നഷ്ടസങ്കല്പം എന്ന കവിതയ്ക്ക് ഈ താളക്രമമാണ്.

അതിമാനു/ഷർ തൻ നിത്യ/സാഹചര്യ/ങ്ങളിൽനിന്നും/

ബൃഹൽസങ്ക/ല്പങ്ങൾ തീർത്തോ/രുച്ചഹർമ്മ്യ/ങ്ങളിൽനിന്നും/[248]

കുഞ്ഞിരാമൻ നായരുടെ ഒരു പ്രസിദ്ധകവിത ഈ രീതിയിലാണ്.

കേരളശ്രീ/കോവിലിന്റെ/ ഗോപുരങ്ങൾ/ കാക്കുവോരേ,/

ധീരരാം ത/രുണർ വീണ/ വീരരംഗ/മോർക്കുവോരേ,/[249]

ഈ കവിതയുടെ തലക്കെട്ടിനുതാഴെ "പൂത്തിലഞ്ഞിപ്പൂ പറിപ്പാൻ പോരിൻ പോരിൻ തോഴിമാരേ"[250] എന്നു താളഘടനയുടെ സൂചന കാണാം. ഈ ഘടനയുടെയും മാതൃക ലഭിച്ചത് നാടോടിപ്പാരമ്പര്യത്തിൽനിന്നുതന്നെയാണെന്ന് കവിതന്നെ തെളിവു നല്കുന്നു.

**6. 7. 2.** മിശ്രഗതിയിലുള്ള ഒരു ചൊൽവടിവിലാണ് കുഞ്ഞിരാമൻ നായരുടെ രക്തപുഷ്പാഞ്ജലി എന്ന കവിത.

മണിപ്പീലി/ വിരുത്തുന്ന/ മയിൽപ്പേട/കണക്കെ,

മിഴിയിണ/യിളക്കുന്നോ/രിളം പെൺമാൻ/കണക്കെ,

ഗളനാദ/മുണരുന്ന/ മുളംകിളി/കണക്കെ,

തെളിനീരിൽ/ക്കളിക്കുന്ന/ കുളിരാമ്പൽ /കണക്കെ[251]

ഈ കവിതയുടെ അടിക്കുറിപ്പായി "ബ്രാഹ്മണിപ്പാട്ടുപോലെ, താളവും ശ്രുതിയും ചേർത്തു പാടുവാൻ നിർമ്മിച്ചത്"[252] എന്നു കാണാം.

**6. 7. 3.** മിശ്രഗതിയിലുള്ള മറ്റൊരു ചൊൽവടിവ് ജി. യുടെ ഗീതാഞ്ജലിവിവർത്തനത്തിൽ കാണാം. പ്രത്യക്ഷത്തിൽ ഇതിന് നതോന്നതയുടെ രണ്ടാം വരി രണ്ടായി പിരിച്ചെഴുതിയ ഘടനയാണുള്ളത്. എന്നാൽ 'ധീംതധീംധീം' എന്നാവർത്തിക്കുന്ന അക്ഷരഘടന ഇതിന് മിശ്രഗതിയുടെ സ്വഭാവം നല്കുന്നു. ഉദാഹരണം:

നിന്റെ പീഠ/ത്തിന്റെ താഴെ/

ഞാനിരുന്നോ/ളാം

നിൻ പദാന്ത/ധൂളി പൂശി/

ഞാൻ കിടന്നോ/ളാം[253]

**6. 7. 4.** കാവ്യരൂപത്തിന്റെ സാമൂഹികവും സാംസ്ക്കാരികവുമായ മാനങ്ങൾ വ്യക്തമാക്കുന്ന ഒരു താളഘടനയാണ് ഉള്ളൂർ എസ്. പരമേശ്വരയ്യരുടെ പുലവൃത്തം എന്ന കവിതയ്ക്കുള്ളത്:

വിപ്രപതിതവി/ശേഷവിരഹിത/മായ്, x വി/ശ്വം വിളക്കിടു/-

മിപ്രജാപതി/പുരുഷയോഗമ/ഹം

മൗനമുദ്ര പൊ/ളിച്ചു ഞങ്ങളി/ലും, x കാ/ത്തജ്ഞവീണാ/-

ഗാനകുശലത/ കൈവളർത്തു/ന്നു[254]

ഓരോ ഗണത്തിലും ഏഴു മാത്ര വീതമുള്ള മിശ്രഗതിയിലുള്ള ചൊൽവടിവാണിതിനുള്ളത്. ഒന്നാം വരിയിലെ മൂന്നാം ഗണത്തിന്റെ മധ്യത്തിലും രണ്ടാം വരിയിലെ അന്ത്യഗണത്തിലും വർണങ്ങളിലുള്ള ഊനത ചൊല്ലലിലൂടെ നികത്തുന്നു.

വെള്ളിമാമല/ കാത്തു വാണരു/ ളും x വ/ ള്ളോന്റെ മെയ്യിൽ

പ്പുള്ളിമാൻ മഴു/ ശൂലവും തുടി/യും

എന്ന ഇതേ ഘടനയിലുള്ള വരികൾക്ക് പുല(യ)വൃത്തമെന്ന പേര് പ്രസിദ്ധമാണ്.[255] 1103-ൽ കറുമ്പൻ ദൈവത്താന് പുലയമഹായോഗത്തിൽ പാടാനായി എഴുതിയതാണ് ഈ കവിതയെന്ന് അടിക്കുറിപ്പിൽ[256] കാണുന്നു. പുലയരുടെ സമ്മേളനങ്ങളിൽ പാടുന്നതിനുവേണ്ടി ഉള്ളൂരിനു മുമ്പുതന്നെ മൂലൂർ എസ്. പത്മനാഭപ്പണിക്കർ നിരവധിഗാനങ്ങൾ ഇതേ വൃത്തത്തിൽ എഴുതിയിട്ടുണ്ട്. "പുലവൃത്തഗാനങ്ങൾ മൂലൂർതന്നെ എഴുതണം" എന്ന് ഉള്ളൂർതന്നെ പ്രശംസിച്ചിട്ടുണ്ടെന്നും മൂലൂരിനെ അനുകരിച്ചാണ് ഉള്ളൂർ ഈ ഗാനമെഴുതിയതെന്നും എൻ. കെ. ദാമോദരൻ ചൂണ്ടിക്കാണിക്കുന്നു.[257] മൂലൂർ എഴുതിയ ഒരു പുലവൃത്തം:

കലിതരുചിയൊടു/ വീണകൈയേ/ന്തി x കാ/ദംബമേറും

മലയഭവസമ/വാണി ഗീർവാ/ണി

പുലയരുടെ പരി/ശുദ്ധമാം നാ/വിൽ x താ/ണ്ഡവം ചെയ്യണ-

മുലകിനേകശ/രണ്യ കല്യാ/ണി[258]

ഓരോ വരിയിലെയും ആദ്യഗണങ്ങളിൽ ലഘുവക്ഷരസമൃദ്ധിയിലൂടെ മിശ്രഗതി വ്യക്തമാക്കുന്നതിനൊപ്പം താളത്തിനു ചടുലത വരുത്തുന്നതിനും ഈ വരികൾക്കു കഴിയുന്നു.

"പുലവൃത്തമെന്നു പറയുമ്പോൾ പുലയരുൾപ്പെടെയുള്ള അധ:സ്ഥിതവിഭാഗങ്ങളുടെ

ജീവിതമായിരുന്നുവെന്നും മലയാളകാവ്യപാരമ്പര്യത്തിന്റെ ഏറ്റവും ജനകീയമായ ഒരു ധാര യാണെന്നും നാം മനസ്സിലാക്കേണ്ടിയിരിക്കുന്നു''[259]

എന്ന് കടമ്മനിട്ട രാമകൃഷ്ണൻ പറയുന്നു.

പടയണിയിലെ പുലവൃത്തംകളിക്കുള്ള പാട്ടുകൾ ഈ വൃത്തത്തിലാണ്. ഉദാഹരണം:

തികിത-തകതക-തികിത-തകതാരോ....

തെയ്താരതെയ്താ

തികിത-തകതക-തികിത-തകതാരോ....

തെയ്താരതെയ്താ

നോക്കിനെന്നേയിന്നലെ രാത്രീ....ലേനൊരു വല്യ

പേക്കിനാവുകണ്ടെടീയമ്മീ....തെയ്താരതെയ്താ[260]

''ഓമനക്കുട്ടന്റെ ഒരു ഉപവൃത്ത''മായി ഇതിനെ കണക്കാക്കുന്ന പി. നാരായണക്കു റുപ്പ് പറയുന്നു:

''പുലവൃത്തം എന്ന പേർ ആവശ്യമില്ല. കുത്തിയോട്ടത്തിനും അമ്മിക്കുടം തുള്ളലിനും ഉപയോഗിക്കുന്ന ചിന്തുകളിൽപ്പെട്ടതാണിത്'' [261]

സി. പി. ഗോവിന്ദപ്പിള്ളയുടെ *മലയാളത്തിലെ പഴയ പാട്ടുകളിൽ* 'വെള്ളിമാമല കാത്തു വാണരുളും' എന്ന ഗാനം പുള്ളുവരുടെ പാട്ടുകളിലാണ് ഉൾപ്പെടുത്തിയിട്ടുള്ളത്.[262]

ഇങ്ങനെ ഈ താളഘടനയ്ക്ക് വിവിധസമുദായങ്ങൾക്കിടയിൽ ബഹുമുഖമായ ഉപ യോഗമുണ്ടെങ്കിലും കേരളത്തിലെ സുപ്രധാനമായ സാമൂഹികനവോത്ഥാനഘട്ടത്തിൽ ഇതു വഹിച്ച പങ്കിനെ നിസ്സാരവത്ക്കരിക്കാനാവില്ല. പടയണിയിലും മറ്റും പരമ്പരാഗതമായിത്തന്നെ ഈ ഘടനയെ കുറിക്കുന്ന പുലവൃത്തമെന്ന പേര് അതുകൊണ്ടുതന്നെ തിരസ്കരിക്കേണ്ട തില്ല.

**6. 8. സമ്പൂർണതാളം**

**6. 8. 1.** *വൃത്തമഞ്ജരി*യിൽ പരാമർശമുണ്ടെങ്കിലും അജഗരഗമനം അതിന്റെ ലക്ഷണ ത്തിൽനിന്നു ഭിന്നമായ പരിചരണം ആവശ്യപ്പെടുന്നു. നാടോടിക്കലകളിൽ പ്രചാരമുള്ള മർമ്മ താളത്തിൽ അധിഷ്ഠിതമാണ് ഇതിന്റെ ഘടന. ഒരടി, ഒരു ഇട, രണ്ടടി, ഒരു ഇട, മൂന്നടി, ഒരു ഇട, നാലടി, ഒരു ഇട എന്നതാണ് മർമ്മതാളത്തിന്റെ ക്രമം. കുഞ്ചൻ നമ്പിയാരിലൂടെ പ്രഖ്യാ പിതകവിതാപാരമ്പര്യത്തിലിടംകണ്ട ഈ താളത്തിലാണ് ജി. ശങ്കരക്കുറുപ്പിന്റെ വന്ദനം എന്ന കവിത.

1 X 1 2 X 1 2 3 X 1 2 3 4 X

വ ന്ദന മയി ദേ വികൃ പാ മയി ഭര താ വനി നിൻ ജൈ ത്ര X

സ്യ ന്ദന ശുഭ യാ ത്രാ കൗ തുക കോ ലാ ഹല ക ല്ലോ ലം[263]

വൈലോപ്പിള്ളിയും ഈ താളം കവിതയിലുപയോഗിക്കുന്നു.

മാഴ്കരുതേ മലർവനിതോറും

കോകിലമൊഴിയാം കവിതേ.

മഞ്ജുളമധുമാസം മായും

മഞ്ഞുകളെത്തും മൃതിയും[264]

ഇടശ്ശേരിയുടെ പകവീട്ടൽ എന്ന കവിത ഈ താളത്തിലാണ്.

കളിവേദിയിലെൻ നില തീരെ-

ക്കടമാണനുജൻമാരേ,

കദനാത്മകഗീതികളാലേ

കരയിപ്പിക്കണമാരേ[265]

പി. കുഞ്ഞിരാമൻ നായരുടെ ദേവീ! കന്യാകുമാരീ! എന്ന കവിതയിലെ ചില വരികളും ഈ ക്രമത്തിലാണ്.

താണ്ഡവലയതാളനിശാകരദിനകരമണ്ഡലതിലകം

അംബരചര കേതകകേസര താരകധൂളീപടലം[266]

ഇരുപതാം നൂറ്റാണ്ടിൽ മലയാളത്തിലെ ആധുനികകവിതയുടെ വികാസഘട്ടത്തിൽ രൂപംകൊണ്ട താളവൈവിധ്യങ്ങൾക്ക് പ്രധാനപ്പെട്ട ഊർജ്ജകേന്ദ്രമായത് നാടോടിപ്പാട്ടുകളാണെന്ന് ഈ താളക്രമങ്ങൾ തെളിവു നല്കുന്നു. ആധുനികതയുടെ ആദ്യഘട്ടത്തിലെ കവികൾ പിന്തുടർന്ന കാവ്യപ്രസ്ഥാനങ്ങൾ പലതാണെങ്കിലും അവർ സ്വീകരിച്ച താളക്രമങ്ങളുടെ സമാനതയും ഇവിടെ വ്യക്തമാകുന്നു. കൊളോണിയൽ ആധുനികതയുടെ ഘട്ടത്തിൽ പാരമ്പര്യത്തെക്കുറിച്ചുള്ള അന്വേഷണങ്ങൾക്കും ദേശീയതയിലും പ്രാദേശികതയിലുമൂന്നിയുള്ള പ്രതിരോധങ്ങൾക്കും കവിതയിൽ പ്രധാനകരുക്കളിലൊന്നാകുന്നത് ഈ നാടോടിത്താളമാതൃകകളാണ്.

## അധ്യായം ആറ്

# കുറിപ്പുകൾ

1. *വൃത്തവിചാരം*, പു. 188
2. ടി.
3. *വൈലോപ്പിള്ളി സമ്പൂർണ്ണകൃതികൾ വാല്യം ഒന്ന്*, പു. 323
4. 'മഴത്തുള്ളികൾ', ടി, പു. 194.
5. *പി. കവിതകൾ*, പു. 189.
6. *വൈലോപ്പിള്ളി സമ്പൂർണ്ണകൃതികൾ വാല്യം ഒന്ന്*, പു. 814.
7. *വൃത്തമഞ്ജരി*, പു. 68.
8. ടി.
9. *വൃത്തവിചാരം*, പു. 61–63.
10. ടി, പു. 64.
11. *ചങ്ങമ്പുഴക്കവിതകൾ*, പു. 938.

    മറ്റൊരുദാഹരണം: 'സഞ്ജയനെ പരിഹസിച്ച്', ടി, പു. 1865.
12. 'ആമ്പലമൊട്ടിന്റെ പാട്ട്'', *പി. കവിതകൾ*, പു. 509.

    മറ്റുദാഹരണങ്ങൾ: 'അമ്മയും മകനും'- ചില വരികൾ, ടി. പു. 522, 'ഓണം കഴിഞ്ഞ്', പു. 1366, 'അനന്തൻകാട്ടിൽ'- ചില വരികൾ, പു. 1692.
13. 'ഒടുവിൽ', *ചങ്ങമ്പുഴക്കവിതകൾ*, പു. 382.
14. *ബാലാമണിഅമ്മയുടെ കവിതകൾ*, പു. 208.
15. *ചങ്ങമ്പുഴക്കവിതകൾ*, പു. 759.
16. കാവാലം മാധവിക്കുട്ടി, *തിരുവാതിരപ്പാട്ടുകൾ* (ഗ്രന്ഥകർത്രി പ്രസിദ്ധീകരിച്ചത്, 2007), പു. 68.
17. *ഉള്ളൂരിന്റെ പദ്യകൃതികൾ ഭാഗം രണ്ട്*, പു. 475.

    മറ്റുദാഹരണം: 'തെങ്ങ്', ടി, പു. 711.
18. *ജി. യുടെ കവിതകൾ*, പു. 346.

    മറ്റുദാഹരണം: 'ഏകലോകം', ടി. പു. 553.
19. *ജി. യുടെ കവിതകൾ*, അടിക്കുറിപ്പ്, പു. 346.
20. ഇടപ്പള്ളി രാഘവൻപിള്ള, *ഇടപ്പള്ളി രാഘവൻപിള്ളയുടെ കൃതികൾ*, എഡി. ചങ്ങമ്പുഴ പ്രഭാകരൻ (ഗുരുവായൂർ: തീരഭൂമി ബുക്ക് സ്റ്റാൾ, 1987), പു. 33.

    മറ്റുദാഹരണങ്ങൾ: 'നിഗൂഢരാഗം', പു. 43, 'ഭിക്ഷു', പു. 60, 'പോവല്ലേ, പോവല്ലേ, പൊന്നോണമേ!', പു. 78, 'സന്ദർശനം', പു. 167, 'അദൃശ്യബാഷ്പം', പു. 176, 'അർത്ഥനം', പു. 193.
21. ''ആരാധകൻ', *ചങ്ങമ്പുഴക്കവിതകൾ*, പു. 41.

മറ്റുദാഹരണങ്ങൾ: 'വാളും കത്തിയും', പു. 298, 'പാവങ്ങളുടെ പാട്ട്', പു. 373, 'ആനന്ദ രംഗം', പു. 392, 'ഓമലിനോട്', പു. 447, 'പൂമുറ്റം', പു. 505, 'മാദകാലാപം', പു. 508, 'തകർന്ന മുരളി', പു. 813, 'ആ ഗാനം', പു. 818, 'ദിവ്യാനുഭൂതി', പു. 858, 'അതിഥി', പു. 860, 'നഷ്ടഭാഗ്യ സ്മൃതി', പു. 861, 'നിർവൃതി', പു. 865, 'പട്ടിണിക്കാർ', പു. 1147, 'രമണൻ ഒന്നാം ഭാഗം, രംഗം രണ്ട്', പു. 1193, 'രംഗം അഞ്ച്', പു. 1204, 'വിശ്രമത്തിന്', പു. 1270, 'എന്തിന്?', പു. 1274, 'സമാഗമം', പു. 1339, 'കാമുകൻ വന്നാൽ', പു. 1362, 'അർത്ഥന', പു. 1379, 'ഓമന', പു. 1389, 'കലാപ്രേമംമൂലം', പു. 1434, 'അർപ്പണം', പു. 1488, 'പൂക്കളം', പു. 1518, 'ശുചീകരണം', പു. 1571, 'കേരളസംസ്കാരം', പു. 1835, 'അശ്രുധാര', പു. 1843, 'നിരാശനല്ല', പു. 1848.

22. 'കാക്ക', *വൈലോപ്പിള്ളി സമ്പൂർണകൃതികൾ, വാല്യം ഒന്ന്*, പു. 66.

മറ്റുദാഹരണങ്ങൾ: 'പുല്ലുകൾ', ടി. പു. 249, 'അധ:പതനം', പു. 260, 'കൂടും കിളിയും', പു. 537, 'പൂച്ചക്കുട്ടികൾ', പു. 579, 'പാവക്കിനാവ്', പു. 418, 'പുലികൾ', *വൈലോപ്പിള്ളി സമ്പൂർണകൃതികൾ, വാല്യം രണ്ട്*, പു. 229, 'നന്നു വൃച്ഛികക്കാറ്റേ', ടി. പു. 284.

23. 'ഇസ്ലാമിലെ വൻമല', *ഇടശ്ശേരിക്കവിതകൾ*, പു. 272.

മറ്റുദാഹരണങ്ങൾ: 'മാവേലി വന്നാലോ!', ടി, പു. 426, 'വിവാഹസമ്മാനം', പു. 453, വധു, പു. 470, 'പള്ളിക്കൂടത്തിലേയ്ക്ക് വീണ്ടും'പു. 494, 'ചിന്താശകലങ്ങൾ', പു. 529.

24. 'അജ്ഞാതശില്പി', *പി. കവിതകൾ*, പു. 61.

മറ്റുദാഹരണങ്ങൾ: 'കവിയെവിടെ?', ടി, പു. 158, 'അന്നത്തെ വൃന്ദാവനം', പു. 321, 'ആകാശം കൈമോശം വന്നപ്പോൾ', പു. 372, 'കന്നിപ്പുലരി', പു. 379, 'പയിറ്റടിപ്പൂ', പു. 451, 'ആദ്യത്തെ മഴ ത്തുള്ളി', പു. 452, 'കടൽനായാട്ട്', പു. 761, 'പറവയോട്', പു. 818, 'പ്രേമം', പു. 828, 'ഗുരുദക്ഷിണ', പു. 859, 'കൊടുത്തുമുടിഞ്ഞ മാവ്', പു. 877, 'ഒളിച്ചുകളി', പു. 881, 'പട്ടം പറപ്പിക്കട്ടെ', പു. 883, 'എന്റെ ദൈവം', പു. 925, 'താരനിശയുടെ നൃത്തം', പു. 1031, 'കവിയുടെ കിനാവ്', പു. 1168, 'തുംബു രുനാദം', പു. 1219, 'പിച്ചിച്ചീന്തിയ പുഷ്പചക്രം', പു. 1285, 'മഞ്ഞക്കിളി', പു. 1289, 'ഘോഷയാത്ര', പു. 1313, 'ഓണക്കാഴ്ച', പു. 1321, 'ചന്തക്കിളി', പു. 1335, 'ഓണക്കാലത്ത്', പു. 1338, 'പറന്നുപോയ പൈങ്കിളികൾ',പു. 1369, 'വടക്കേക്കോണിലെ വെള്ളിനക്ഷത്രം', പു. 1475, 'പടത്തലവൻ', പു. 1517, 'മഴത്തുള്ളി', പു. 1827, 'തെങ്ങ്', പു. 1833.

25. *ബാലാമണിഅമ്മയുടെ കവിതകൾ*, പു. 259

26. 'കുട്ടികളും പക്ഷികളും', *വൈലോപ്പിള്ളി സമ്പൂർണകൃതികൾ, വാല്യം രണ്ട്*, പു. 75.

27. 'കൊച്ചനുജൻ', *ഇടശ്ശേരിക്കവിതകൾ*, പു. 696

28. *ആശാന്റെ പദ്യകൃതികൾ*, പു. 534.

29. *മലയാളവൃത്തപഠനം*, പു. 92.

30. ടി, പു. 93.

31. 'ധനികരോട്', *ജി. യുടെ കവിതകൾ*, പു. 379.

മറ്റുദാഹരണങ്ങൾ: 'കൽക്കരിയുടെ കാവ്യം', ടി, പു. 396, 'അമ്മയും മകനും', പു. 445, 'ഗീതാ ഞ്ജലി വിവർത്തനം എൺപതാം ഗീതം', പു. 1173)

32. ടി, പു. 717.

33. 'ആരാധകൻ', *ചങ്ങമ്പുഴക്കവിതകൾ*, പു. 39.

മറ്റുദാഹരണങ്ങൾ: 'ദേവത', ടി. പു. 343, 'പ്രലോഭനങ്ങൾ' (പു. 347), 'നിർവൃതി', പു. 372,

'തൊഴിലാളി', പു. 378, 'വിടവാങ്ങൽ', പു. 390, 'മങ്ങിയ കിരണങ്ങൾ', പു. 497, 'കവിയുടെ പൂമാല', പു. 615, 'മധുവിധു', പു. 876, 'വയ്യ!', പു. 878, 'മാപ്പ്!', പു. 881, 'ആനന്ദലഹരി', പു. 1112, 'രമണൻ ഒന്നാം ഭാഗ'ത്തിലെ 'ഉപക്രമം', പു. 1187, 'ഒന്നാം രംഗം', പു. 1188, 'ദിവ്യാനുഭൂതി', പു. 1273, 'പിശാചിന്റെ പിടിയിൽ', പു. 1368, 'കാമുകൻ', പു. 1386, 'സഖിയോട്', പു. 1394, 'കേളീതല്പം', പു. 1399, 'വിജയത്തിന്റെ പിൻപേ', പു. 1428, 'അന്ത്യഗാനം', പു. 1450, 'വാസവദത്ത', പു. 1503, 'ഓർത്തിരിക്കാതെ', പു. 1566, 'പ്രിയതമയെ ഓർത്ത്', പു. 1679, 'സംസ്കാരരശ്മി', പു. 1885.

34. 'കഴുതയും കുതിരയും', *വൈലോപ്പിള്ളി സമ്പൂർണകൃതികൾ, വാല്യം രണ്ട്*, പു. 88.

മറ്റുദാഹരണങ്ങൾ: 'കിനാവുകാണുന്ന കൊച്ചുകണ്ണ്', ടി. പു. 78, മന്ത്രവാദി, പു. 265.

35. 'പണിമുടക്കം', *ഇടശ്ശേരിക്കവിതകൾ*, പു. 241.

മറ്റുദാഹരണങ്ങൾ: 'കുറ്റിപ്പുറം പാലം' (ടി. പു. 388), 'മറുനാട്ടിലേയ്ക്ക് ഒരു കവിത', പു. 547, 'വൃദ്ധാവിലാപം', പു. 103, 'ഉറങ്ങണം', പു. 791.

36. *പി. കവിതകൾ*, പു. 385

മറ്റുദാഹരണങ്ങൾ: 'രാത്രി', പു. 396, 'തിരുവാതിര', പു. 1408, 1558, 'ഭഗവാന്റെ വാകച്ചാർത്ത്', പു. 1580, 'അന്തിയായപ്പോൾ', പു. 1862.

37. *ബാലാമണിഅമ്മയുടെ കവിതകൾ*, പു. 233.

മറ്റുദാഹരണം: 'അന്തിവെളിച്ചം', പു. 318.

38. *ഇടപ്പള്ളി രാഘവൻപിള്ളയുടെ കൃതികൾ*, പു. 53

മറ്റുദാഹരണങ്ങൾ: 'തോഴിയോട്', പു. 66, 'വസന്തം കഴിഞ്ഞു', പു. 145, 'വ്യാമോഹം', പു. 187 എന്നീ കവിതകളും ഇങ്ങനെയാണ്.

39. 'ഉണരുക', ടി, പു. 88.

40. *ഉള്ളൂരിന്റെ പദ്യകൃതികൾ, ഭാഗം രണ്ട്*, പു. 445.

41. ടി, പു. 586.

42. *ഇടപ്പള്ളി രാഘവൻപിള്ളയുടെ കൃതികൾ*, പു. 45.

43. *ഓണപ്പൂക്കൾ* എന്ന സമാഹാരത്തിലെ പേരില്ലാത്ത കവിത '7', *ചങ്ങമ്പുഴക്കവിതകൾ*, പു. 345.

മറ്റുദാഹരണങ്ങൾ: 'മനോരാജ്യത്തിൽ മുഴുകി', ടി. പു. 375, 'സാന്ത്വനം', പു. 502, 'വാടാവിളക്ക്', പു. 869, 'വിയോഗിനി', പു. 872, 'എന്റെ ചോദ്യം', പു. 905, 'കുരുവിക്കുഞ്ഞിനോട്', പു. 1559, 'പ്രഭാതത്തിൽ', പു. 1564, 'ഉഷസ്സിൽ', പു. 1568, 'പുതിയ ധാന്യം', പു. 1574.

44. 'വാഴക്കുല', ടി, പു. 591.

45. *ജി. യുടെ കവിതകൾ*, പു. 578.

മറ്റുദാഹരണങ്ങൾ: 'ജൈത്രയാത്ര', ടി. പു. 865, 'ഗീതാഞ്ജലി വിവർത്തനം ഇരുപത്തിരണ്ടാം ഗീതം', പു. 1142,

46. 'മുള്ളൻചീര', *ഇടശ്ശേരിക്കവിതകൾ*, പു. 399

47. ടി, പു. 799.

48. *പി. കവിതകൾ*, പു. 1559.

49. ടി, പു. 1853.

50. *സാഹിത്യമഞ്ജരി*, പു. 489.

51. ടി, പു. 490.

52. *ചങ്ങമ്പുഴക്കവിതകൾ*, പു. 123

മറ്റുദാഹരണങ്ങൾ: 'ഗളഹസ്തം', ടി. പു. 461, 'ചുട്ടെരിക്കിൻ', പു. 466, 'പാടാനും പാടില്ലേ?', പു. 469, 'കരയും ഞാൻ', പു. 476, 'അനുഭവം', പു. 1565, 'വെറുപ്പ്', പു. 1569, 'മധുരചിത്രങ്ങളിൽ', പു. 1575), 'ആകാശഗംഗ', പു. 1713, 'ദേവനൃത്തം', പു. 1847.

53. 'വൈസ്രോയിയും കുരങ്ങുസൂപ്പും', *വൈലോപ്പിള്ളി സമ്പൂർണ്ണകൃതികൾ വാല്യം ഒന്ന്,* പു. 383.

54. 'കുടിയിറക്കൽ', *ഇടശ്ശേരിക്കവിതകൾ*, പു. 282.

മറ്റുദാഹരണങ്ങൾ: 'നുറുങ്ങു ചിന്തകൾ', ടി. പു. 157, 'പരിപൂർണതയിലേയ്ക്ക്', പു. 291, 'ബുദ്ധനും ഞാനും നരിയും', പു. 327, 'അമ്പിളിയെ ചുംബിക്കാൻ', പു. 286.

55. *ബാലാമണിഅമ്മയുടെ കവിതകൾ,* പു. 262

മറ്റൊരുദാഹരണം: 'കുബ്ജ', ടി. പു. 563.

56. *വൈലോപ്പിള്ളി സമ്പൂർണകൃതികൾ, വാല്യം രണ്ട്,* പു. 82.

57. ടി, പു. 82

58. 'കല്ല്', *വൈലോപ്പിള്ളി സമ്പൂർണകൃതികൾ വാല്യം ഒന്ന്,* പു.790

59. ടി, പു. 822.

60. 'പരേതൻ പാടുന്നു', *ജി. യുടെ കവിതകൾ*, പു. 655.

61. 'ഗീതാഞ്ജലി വിവർത്തനം മുപ്പത്തിനാലാം ഗീതം', ടി, പു. 1148.

62. *വൃത്തവിചാരം*, പു. 182.

63. 'യവനിക', *ചങ്ങമ്പുഴക്കവിതകൾ*, പു. 163.

മറ്റുദാഹരണങ്ങൾ: 'മയക്കത്തിൽ', ടി. പു. 750, 'സ്പന്ദിക്കുന്ന അസ്ഥിമാടം', പു. 1093, 'ഭാവത്രയം', പു. 1115, 'നിദ്രയിൽ സ്വപ്നം; മൃത്യുവിൽ സ്വർഗ്ഗം', പു. 1884.

64. 'കന്നിക്കൊയ്ത്ത്', *വൈലോപ്പിള്ളി സമ്പൂർണകൃതികൾ, വാല്യം ഒന്ന്,* പു.25.

മറ്റുദാഹരണങ്ങൾ: 'മലതുരക്കൽ', ടി. പു. 145, 'ആ കണ്ണുകൾ', പു. 209, 'ധന്യകന്യക', പു. 226, 'കുടിയൊഴിക്കൽ', പു. 163, 'തപാൽക്കാരൻ', പു. 927, 'ചാത്തനും കുയിലും ഞാനും', *വൈലോപ്പിള്ളി സമ്പൂർണകൃതികൾ, വാല്യം രണ്ട്*, പു. 251.

65. 'കുഞ്ഞിക്കാവ്', *പി. കവിതകൾ*, പു. 222

മറ്റുദാഹരണങ്ങൾ: 'സ്വർണ്ണത്താമരയിൽ', ടി. പു. 272, 'കേരളക്കാള', പു. 310, 'കൈകൊട്ടിക്കളി', പു. 1406, 'വിത്തും കൈക്കോട്ടും', പു. 1413.

66. 'പാവക്കുഞ്ഞ്', *ബാലാമണിഅമ്മയുടെ കവിതകൾ*, പു. 132

മറ്റുദാഹരണങ്ങൾ: 'സഹതാപം', ടി. പു. 238, 'തിരുവരുൾ', പു. 250.

67. 'നിഴലുകളി'ലെ 'ഗീതിക ആറ്', *ചങ്ങമ്പുഴക്കവിതകൾ*, പു. 1325.

68. *വൃത്തവിചാരം,* പു. 183.

69. 'മനസ്സിലെ മാണിക്യം', *ഇടശ്ശേരിക്കവിതകൾ*, പു. 228

മറ്റുദാഹരണങ്ങൾ: 'മലനാട്', ടി. പു. 401, 'കാശാവു പൂത്തു', പു. 428, 'വീണ്ടും ഓണം', പു. 472, 'പൂവിളി', പു. 536.

70. ടി, പു. 239

71. ടി, പു. 239

72. *പി. കവിതകൾ*, പു. 456

73. ടി, പു. 789

74. ടി, പു. 456.

75. 'ആനന്ദക്കുട്ടൻ', *പി. കവിതകൾ*, പു. 1362

76. *പി. കവിതകൾ*, പു. 708.

77. *ആശാന്റെ പദ്യകൃതികൾ*, പു. 539.

78. ടി, പു. 454.

79. ടി, പു. 454.

80. ലീലാ ഓംചേരി, സമ്പാ. *അഭിനയസംഗീതം* (തിരുവനന്തപുരം: കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, 1996), പു. 185.

81. കേരളഭാഷാഗാനങ്ങൾ ഭാ. രണ്ട്, പു. 89.

82. പടേനി പു. 67.

83. *കേരളഭാഷാഗാനങ്ങൾ, വാല്യം രണ്ട്*, പു. 147.

84. *ഉള്ളൂരിന്റെ പദ്യകൃതികൾ, ഭാഗം രണ്ട്*, പു. 241.

മറ്റുദാഹരണങ്ങൾ: 'രണ്ടപ്പം', ടി, പു. 436, 'അമ്മയും മകനും', പു. 465, 'ഫലിച്ച പ്രാർത്ഥന', പു. 483, 'പൂമ്പാറ്റയോട്', പു. 617), 'മുന്നോട്ട്',പു. 644, താരാട്ട്, പു. 714

85. *ജി. യുടെ കവിതകൾ*, പു. 108.

മറ്റുദാഹരണങ്ങൾ: 'പ്രഭാതദീപം', ടി, പു. 596, 'ഗീതാഞ്ജലി വിവർത്തനം മുപ്പത്തിരണ്ടാം ഗീതം', പു. 1147

86. *ഇടപ്പള്ളി രാഘവൻപിള്ളയുടെ കൃതികൾ*, പു. 64.

87. 'വസന്തോത്സവം രണ്ടാം രംഗം', *ചങ്ങമ്പുഴക്കവിതകൾ*, പു. 268.

മറ്റുദാഹരണങ്ങൾ: 'മൂടുപടം മാറ്റൂ!', ടി. പു. 380, 'അശ്രുപൂജ', പു. 513, 'ജീവിതത്തിന്റെ നെടുവീർപ്പ്', പു. 622, 'ശൈശവാഭിലാഷം', പു. 681, 'വൃന്ദാവനത്തിലെ രാധ', പു. 797, 'വെറും സ്വപ്നം', പു. 820, 'ഒരു പുലപ്പെണ്ണിന്റെ പാട്ട്', പു. 1145, 'അറിയുന്നതെങ്ങനെ?', പു. 1561.

88. 'പിച്ചകപ്പൂ', *വൈലോപ്പിള്ളി സമ്പൂർണകൃതികൾ, വാല്യം ഒന്ന്*, പു. 294.

'ശോകഭാവം', ടി. പു. 290, 'ശോകം', *വൈലോപ്പിള്ളി സമ്പൂർണകൃതികൾ, വാല്യം രണ്ട്*, പു. 73.

89. 'രാഗഗീതി', *ഇടശ്ശേരിക്കവിതകൾ*, പു. 149.

മറ്റുദാഹരണങ്ങൾ: 'മദ്യമാരണം', ടി. പു. 94, 'അമ്മയും ഭാര്യയും', പു. 377, 'ചങ്ങാതിമാരെപ്പറ്റി', പു. 667, 'രാധയും സുധാകരനും', പു. 259.

90. 'ശാരദാപൂജ', *പി. കവിതകൾ*, പു. 51

മറ്റുദാഹരണങ്ങൾ: 'നീ വന്നില്ല', ടി. പു. 130, 'കേരളത്തിന്റെ കുഞ്ഞൊതേനൻ', പു. 240, 'പ്രകൃതിയും മനുഷ്യനും', പു. 538, 'സൂര്യനും ചന്ദ്രനും', പു. 813, 'നീലോല്പലപ്പൂ', പു. 833), 'കണ്ണു മിഴിപ്പിൻ', പു. 884, 'ചർക്കയുടെ പാട്ട്', പു. 1110, 'ഉത്രാടത്തിൻനാൾ', പു. 1272, 'ഓണസ്സദ്യ',പു. 1318, 'ദൂരദർശിനിയിൽക്കൂടി', പു. 1480, 'ശ്രീഅരവിന്ദസമാധി', പു. 1515), 'സുഭാസ് ചന്ദ്രൻ', പു. 1524, 'അമൃതാനുഭൂതി', പു. 1535, 'ആലിലക്കൃഷ്ണൻ,'പു. 1588, 'നല്ല ദിവസം', പു. 1828, 'ഉറങ്ങുക', പു. 1829, 'വിളക്ക്', പു. 1834, 'താരാട്ട്', പു. 1836, 'പശു' പു. 1837, 'ചന്ദ്രൻ', പു. 1838, 'ശിഷ്യൻ', പു. 1840), 'പ്രഭാതം', പു. 1848, 'നിലാവിൽ'പു. 1851, 'ഗവേഷണം', പു. 1859.

91. 'പ്രഭാതബാഷ്പം', *ചങ്ങമ്പുഴക്കവിതകൾ*, പു. 923.

മറ്റൊരുദാഹരണം: 'ഒരു കത്ത്', പു. 1611.

92. *വൈലോപ്പിള്ളി സമ്പൂർണകൃതികൾ, വാല്യം ഒന്ന്,* പു. 428.

93. ടി, പു. 429.

94. ടി, പു. 567.

മറ്റുദാഹരണങ്ങൾ: 'സർക്കസ്സ്', പു. 679, 'ഓണത്തല്ല്', പു. 735, 'കരിയിലാംപീച്ചികൾ', പു. 446.

95. ടി, പു. 837.

96. 'കതിരും പതിരും', *പി. കവിതകൾ,* പു. 772

97. *വൈലോപ്പിള്ളി സമ്പൂർണകൃതികൾ, വാല്യം രണ്ട്*, പു. 72.

98. *ഉള്ളൂരിന്റെ പദ്യകൃതികൾ, ഭാഗം രണ്ട്,* പു. 723.

99. *പി. കവിതകൾ*, പു. 1855.

100. *ഉള്ളൂരിന്റെ പദ്യകൃതികൾ, ഭാഗം രണ്ട്,* പു. 715.

101. ടി, പു 519.

102. *സാഹിത്യമഞ്ജരി,* പു. 490.

103. *ഭാഷാവൃത്തദീപിക,* പു. 69.

104. *ജി. യുടെ കവിതകൾ*, പു. 380.

മറ്റുദാഹരണങ്ങൾ: 'ദിവ്യസഞ്ചാരി', ടി, പു. 521, 'ഭാവിയിലേക്ക്', പു. 551, 'ഗീതാഞ്ജലി വിവർത്തനം നാല്പത്തിയേഴാം ഗീതം', പു. 1154)

105. 'ചന്ദ്രികയിൽ', *ഇടപ്പള്ളി രാഘവൻപിള്ളയുടെ കൃതികൾ*, പു. 30.

മറ്റുദാഹരണങ്ങൾ: 'ആ രംഗം', ടി. പു. 50, 'നിർമ്മല', പു. 101, 'അറിയുന്നു ഞാൻ', പു. 163,

106. *ചങ്ങമ്പുഴക്കവിതകൾ*, പു. 57.

മറ്റുദാഹരണങ്ങൾ: 'തിലോത്തമ', ടി. പു. 75, 'കാത്തിരിപ്പു ഞാൻ', പു. 431, 'ആശീർവാദം', പു. 434, 'വെളിച്ചത്തിന്റെ മുൻപിൽ', പു. 486, 'വിശുദ്ധരശ്മി', പു. 826, 'ആ പൂമാല', പു. 847, 'നിരാശ', പു. 851, 'വനവീഥിയിൽ', പു. 1276, 'കന്മതിൽ', പു. 1293, 'ജലദേവത', പു. 1345, 'നദീതടത്തിൽ,' പു. 1354, 'രാഗോപഹാരം', പു. 1363, 'വിടവാങ്ങൽ', പു. 1850.

107. 'മുത്തും പവിഴവും',*വൈലോപ്പിള്ളി സമ്പൂർണ്ണകൃതികൾ വാല്യം ഒന്ന്,* പു. 653.

മറ്റൊരുദാഹരണം: 'ഞാൻ വരുന്നില്ല', ടി, പു. 280

108. 'ഓമനയുടെ അച്ഛൻ', *ഇടശ്ശേരിക്കവിതകൾ*, പു. 76.

109. 'നീ വരില്ല!', *പി. കവിതകൾ*, പു. 116.

മറ്റുദാഹരണങ്ങൾ: 'അവളുടെ ഹൃദയത്തിൽ', ടി, പു. 383, 'മാഞ്ഞുപോയ മഴവില്ല്', പു. 603, 'വൃന്ദാവനത്തിൽ', പു. 1607, 'പാഠശാല', പു. 1835, 'മലയാളമാസം', പു. 1846, 'കാരുണ്യമാർന്ന കർമ്മങ്ങൾ', പു. 1856

110. *ബാലാമണിഅമ്മയുടെ കവിതകൾ*, പു. 51.

മറ്റുദാഹരണങ്ങൾ: 'നവകേരളം', പു. 368, 'കണ്ടു', പു. 548.

111. *ഉള്ളൂരിന്റെ പദ്യകൃതികൾ, ഭാഗം രണ്ട്,* പു. 499.

112. ടി, പു. 499.

113. *കുത്തിയോട്ടപ്പാട്ടുകൾ*, പു. 41.

114. *വൃത്തമഞ്ജരി*, പു. 78.

115. *ഉള്ളൂരിന്റെ പദ്യകൃതികൾ, ഭാഗം രണ്ട്,* പു. 257.

116. ടി, പു. 372.

117. *വൃത്തശില്പം*, പു. 96.

118. *വൃത്തവിചാരം*, പു. 168.

119. *ഭാഷാവൃത്തദീപിക*, പു. 69.

120. *മലയാള വൃത്തപഠനം*, പു. 167.

121. *സാഹിത്യമഞ്ജരി*, പു. 490.

122. 'ഗീതാഞ്ജലി വിവർത്തനം ഇരുപത്തിയെട്ടാം ഗീതം', *ജി. യുടെ കവിതകൾ,* പു. 1145.

123. 'നെല്ലിപ്പൂക്കൾ', ടി, പു. 436.

124. *ഇടപ്പള്ളി രാഘവൻപിള്ളയുടെ കൃതികൾ*, പു. 62.

മറ്റുദാഹരണങ്ങൾ: 'എതിരേല്പ്', ടി, പു. 107, 'കരയല്ലേ!...', പു. 141.

125. 'വസന്തോത്സവം മൂന്നാം രംഗം', ചങ്ങമ്പുഴക്കവിതകൾ, പു. 278

മറ്റുദാഹരണങ്ങൾ: 'ക്ഷാമയക്ഷി', ടി. പു. 363, 'വ്യഥ', പു. 433, 'സാന്ത്വനമൂർത്തി', പു. 438, 'എന്തോ', പു. 441, 'പാരവശ്യം', പു. 920, 'പരിതൃപ്തി', പു. 922, 'നിഗൂഢനിർവൃതി', പു. 1364, 'അന്നത്തെ വേർപാട്', പു. 1403, 'ഏകാന്തതയിൽ', പു. 1406, 'ആശ', പു. 1492, 'മരണത്തിന്റെ മറവിൽ', പു. 1520, 'സ്മരണ', പു. 1537, 'രാഗലഹരി', പു. 1540, 'കരയും ഞാൻ' (പു. 1542), 'ധർമ്മഗാനം' (പു. 1813).

126. *വൈലോപ്പിള്ളി സമ്പൂർണകൃതികൾ, വാല്യം ഒന്ന്,* പു. 833.

127. *ഇടശ്ശേരിക്കവിതകൾ*, പു. 126.

128. *പി. കവിതകൾ*, പു. 495.

മറ്റുദാഹരണങ്ങൾ: 'നിത്യകാമുകൻ', ടി, പു. 623, 'കണികണ്ടു', പു. 1623.

129. *ബാലാമണിഅമ്മയുടെ കവിതകൾ,* പു. 68.

130. *ചങ്ങമ്പുഴക്കവിതകൾ*, അടിക്കുറിപ്പ്, പു. 731.

131. *ചങ്ങമ്പുഴക്കവിതകൾ*, പു. 731.

132. *കുഞ്ചൻ നമ്പ്യാരുടെ അറുപതു തുള്ളൽക്കഥകൾ,* പു. 232.

133. *ചങ്ങമ്പുഴക്കവിതകൾ*, പു. 735.

മറ്റൊരുദാഹരണം: 'ചന്ദനവല്ലിയിൽ ചുറ്റിയ കാട്ടുവള്ളിയുടെ പാട്ട്', ടി, പു. 1812.

134. *ജി. യുടെ കവിതകൾ,* പു. 1014.

മറ്റുദാഹരണങ്ങൾ: 'ഗീതാഞ്ജലി വിവർത്തനം പതിനെട്ടാം ഗീതം', ടി, പു. 1132, 'നൂറ്റിനാല്പത്തിയാറാം ഗീതം', പു. 1212.

135. *വൈലോപ്പിള്ളി സമ്പൂർണകൃതികൾ, വാല്യം ഒന്ന്,* പു. 99.

മറ്റുദാഹരണങ്ങൾ: 'ഒരു പൂവ്', ടി, പു. 275, 'മഴത്തുള്ളികളും കടലും', പു. 691, 'പൊട്ടിപുറത്ത്; ശീവോതി അകത്ത്', പു. 817, 'പലതരമാം നാദങ്ങൾ', *വൈലോപ്പിള്ളി സമ്പൂർണകൃതികൾ, വാല്യം രണ്ട്,* പു. 69, 'നമ്മൾക്കൊപ്പം പാടാമതുനാൾ', ടി, പു. 147.

136. *വൈലോപ്പിള്ളി സമ്പൂർണകൃതികൾ, വാല്യം ഒന്ന്,* പു. 99.

137. ടി, പു. 716.

138. 'നാഗകന്യക', *പി. കവിതകൾ*, പു. 274.

മറ്റൊരുദാഹരണം: 'ഓർമ്മയിൽ ഒരോണനിലാവ്', ടി. പു. 1244.

139. 'അന്നപൂർണേശ്വരി', ടി. പു. 46.

മറ്റൊരുദാഹരണം: 'പറയെടുപ്പ്', ടി. പു. 100.

140. *ഉള്ളൂരിന്റെ പദ്യകൃതികൾ, ഭാഗം രണ്ട്,* പു. 716.

141. *കൈകൊട്ടിക്കളിപ്പാട്ടുകൾ*, പു. 106.

142. *വൃത്തമഞ്ജരി,* പു. 76.

143. 'ഗീതാഞ്ജലി വിവർത്തനം നാല്പതാം ഗീതം', *ജി. യുടെ കവിതകൾ,* പു. 1151.

144. *കൈകൊട്ടിക്കളിപ്പാട്ടുകൾ*, പു. 107.

145. 'ഗീതാഞ്ജലി വിവർത്തനം നാല്പത്തിയൊന്നാം ഗീതം', *ജി. യുടെ കവിതകൾ,* പു. 1151.

146. *ജി. യുടെ കവിതകൾ*, പു. 1132.

147. ടി, പു. 1133.

148. *ചങ്ങമ്പുഴക്കവിതകൾ*, പു. 1107

149. ടി.

150. 'പ്രതിജ്ഞ', ടി, പു. 874.

മറ്റുദാഹരണങ്ങൾ: 'തെങ്ങുകളുടെ വിഡ്ഢിത്തം', ടി, പു. 1142, 'ഹേമന്തചന്ദ്രിക ഗീതം പതിനേഴ്', പു. 1643.

151. ടി. പു. 389.

മറ്റൊരുദാഹരണം: 'അവരാര്?' ടി, പു. 457.

152. 'അശ്വാസനം', ടി, പു. 1555.

153. *വൈലോപ്പിള്ളി സമ്പൂർണകൃതികൾ, വാല്യം ഒന്ന്*, പു. 457.

154. ടി.

മറ്റുദാഹരണങ്ങൾ: 'തെച്ചിപ്പൂ', *വൈലോപ്പിള്ളി സമ്പൂർണകൃതികൾ, വാല്യം രണ്ട്* പു. 154, 'സ്വീകരണമുറിയിലെ കൊച്ചു റെഡ്റൈഡിങ്ങ് ഹുഡ്', ടി, പു. 341

155. *വൈലോപ്പിള്ളി സമ്പൂർണകൃതികൾ വാല്യം ഒന്ന്,* പു. 863.

156. 'പുനഃപ്രതിഷ്ഠ', *പി. കവിതകൾ*, പു. 66

മറ്റുദാഹരണങ്ങൾ: 'മലനാടിന്റെ ദീപശിഖ', ടി. പു. 142, 'കേരളഗാനം', പു. 266, 'ശ്രീ ശബരിമലവിളക്ക്', പു. 296, 'പൂനിലാവേ വാ!', പു. 435, 'മീനമാസക്കാറ്റ്', പു. 436, 'ശ്രീപത്മനാഭന്റെ പള്ളിശ്ശംഖ്', പു. 954, 'മാതൃവന്ദനം', പു. 1191, 'തുഞ്ചത്തെക്കിളി ജനകോടികളുടെ കവി', പു. 1443.

157. 'നിശ', *ഇടശ്ശേരിക്കവിതകൾ*, പു. 57

158. ടി.

മറ്റുദാഹരണങ്ങൾ: 'വസന്തം', ടി. പു. 109, 'സങ്കല്പത്തിലെ പെൺകിടാവ്', പു. 297, 'കേരളമേ കേരളമെൻ നാട്', പു. 384, 'കാവിലെ പാട്ട്', പു. 479, 'മുഹമ്മദബ്ദുറഹിമാൻ', പു. 288

159. ടി, പു. 288.

160. വി. പി. മുഹമ്മദാലി, *മാപ്പിളപ്പാട്ടുകൾ നൂറ്റാണ്ടുകളിലൂടെ* (കോട്ടയം: കറന്റ് ബുക്സ്, 2007), പു.

102.

161. ഉമർ തറമേൽ, എഡി., *ഇശലുകളുടെ ഉദ്യാനം* (ചെങ്ങന്നൂർ: റെയ്ൻബോ, 2006), പു. 118.

162. *വൈലോപ്പിള്ളി സമ്പൂർണകൃതികൾ വാല്യം ഒന്ന്,* പു. 391.

മറ്റൊരുദാഹരണം: 'മൃതസഞ്ജീവനി'യിലെ ചില വരികൾ (വാല്യം രണ്ട് പു. 165, 166, 178)

163. *പി. കവിതകൾ,* പു. 1858.

164. *ജി. യുടെ കവിതകൾ,* പു. 912.

165. *ചങ്ങമ്പുഴക്കവിതകൾ,* പു. 1465.

166. *പി. കവിതകൾ,* പു. 1852.

167. *ഇടശ്ശേരിക്കവിതകൾ,* പു. 250.

മറ്റുദാഹരണങ്ങൾ: 'പൂത്ത മാവിനെപ്പറ്റി', ടി, പു. 411, 'പൂവേ പോൽ പൂവേ', പു. 414, 'ഗോപികാ ഗോവിന്ദം', പു. 605.

168. ടി, പു. 362.

169. ടി, പു. 363.

170. ടി, പു. 364.

171. ടി, പു. 367.

172. ടി, പു. 363, 367.

173. ടി, പു. 367.

174. ടി, പു. 366.

175. ടി, പു. 365.

176. *ഉള്ളൂരിന്റെ പദ്യകൃതികൾ, ഭാഗം രണ്ട്,* പു. 147.

177. *A History of Malayalam Metre*, p. 88.

178. *ഭാഷാവൃത്തദീപിക,* പു. 25.

179. *ഉള്ളൂരിന്റെ പദ്യകൃതികൾ, ഭാഗം രണ്ട്,* പു. 713.

180. 'നറുമീൻ', *ജി. യുടെ കവിതകൾ,* പു. 954.

മറ്റുദാഹരണങ്ങൾ: 'ഗീതാഞ്ജലി വിവർത്തനം ഇരുപത്തിയഞ്ചാം ഗീതം', ടി, പു. 1144), 'മുപ്പത്തിയേഴാം ഗീതം', പു. 1149), 'നൂറ്റിനാല്പത്തിയേഴാം ഗീതം', പു. 1218.

181. *ചങ്ങമ്പുഴക്കവിതകൾ,* പു. 1484.

182. *ഇടശ്ശേരിക്കവിതകൾ,* പു. 620.

മറ്റുദാഹരണങ്ങൾ: 'പ്രേഷകശക്തി', ടി, പു. 689, 'ശശിലേഖ', പു. 712, 'പ്രണാമപൂർവം', പു. 756

183. *പി. കവിതകൾ,* പു. 520

മറ്റുദാഹരണങ്ങൾ: 'പുതിയ രാമായണം', ടി, പു. 774, 'പുല്ലുമാടത്തിന്റെ പാട്ട്', പു. 1344, 'കാട്ടുമുല്ലയുടെ പാട്ട്'', പു. 1348, 'പുതിയ പഞ്ചവർണ്ണക്കിളി', പു. 1430, 'കതിര്, കതിരോ കതിര്!', പു. 42, 'കളിമണ്ണിൽനിന്നൊരു കന്യക', പു. 186, 'പൂമല', പു. 1095, 'ഐക്യസമരഭേരി,' പു. 1174

184. *വൈലോപ്പിള്ളി സമ്പൂർണകൃതികൾ, വാല്യം രണ്ട്,* പു. 169.

185. *വൈലോപ്പിള്ളി സമ്പൂർണകൃതികൾ, വാല്യം ഒന്ന്,* പു. 750.

186. 'പൂവിന്റെ പാട്ട്', ജി. യുടെ കവിതകൾ, പു. 477.

മറ്റുദാഹരണങ്ങൾ: 'മുളയും കടലും', ടി, പു. 555, 'മുകരുമ്പോൾ', പു. 602, 'ജീവിതമിന്നും ഇളംപൈതൽ' (ജി. യുടെ കവിതകൾ പു. 670), 'ഗീതാഞ്ജലി വിവർത്തനം മുപ്പത്തിയൊമ്പതാം ഗീതം', പു. 1150)

187. 'മനസ്വിനി', *ചങ്ങമ്പുഴക്കവിതകൾ*, പു. 738.

188. *വൈലോപ്പിള്ളി സമ്പൂർണകൃതികൾ, വാല്യം ഒന്ന്,* പു. 110.

മറ്റുദാഹരണങ്ങൾ: 'പടക്കളത്തിലെ പൂമ്പാറ്റ', ടി, പു. 116, 'സ്വർണ്ണമത്സ്യങ്ങൾ', പു. 158, 'ഓടക്കുഴൽ', പു. 348, 'ഓണക്കളിക്കാർ', പു. 245, 'കടൽക്കാക്കകൾ', പു. 399, 'മുത്തച്ഛന്റെ വെൺമഴു', പു. 462, 'കൂ', പു. 642, 'വെള്ളിലവള്ളി', പു. 793, 'പെണ്ണും പുലിയും', പു. 308, 'വർക്കത്തുകെട്ട താറാവ്', പു. 298, 'നൃത്തം',*വൈലോപ്പിള്ളി സമ്പൂർണകൃതികൾ, വാല്യം രണ്ട്* പു. 142.

189. *പി. കവിതകൾ*, പു. 243

മറ്റുദാഹരണങ്ങൾ: 'പായ്ക്കപ്പൽ വിളിക്കുന്നു', ടി, പു. 421, 'ഞങ്ങൾ വരുന്നു', പു. 430, 'മകരനിലാവ്'', പു. 457, 'മേടക്കാറ്റ്', പു. 677, 'ചുവന്ന പൂന്തോട്ടം', പു. 715, 'ഓണനിലാവ്', പു. 1308, 'പൊന്നോണം', പു. 1334, 'പറന്നുപോയ പൂത്തിരുവാതിര', പു. 1399, 'വൃന്ദാവനം', പു. 1605, 'എന്റെ ഗ്രാമം', പു. 1854.

190. *ബാലാമണിഅമ്മയുടെ കവിതകൾ*, പു. 48

മറ്റുദാഹരണങ്ങൾ: 'നമസ്തേ', ടി, പു. 212, 'ചന്ദ്രനിൽ', പു. 402, 'വൃന്ദഗാനം', പു. 550, 'കാളീനൃത്തം', പു. 556

191. 'എങ്ങനെ നേടി', *ഇടശ്ശേരിക്കവിതകൾ*, പു. 303.

മറ്റുദാഹരണങ്ങൾ: 'വിഷപ്പാമ്പ്', ടി, പു. 419, 'കർഷകനൃത്തം', പു. 439, 'പൂരാടരാത്രിയിൽ', പു. 789, 'ചകിരിക്കുഴികൾ', പു. 276, 'എതിരേല്പ്', പു. 518, 'പുളിമാവു വെട്ടി', പു. 541, 'ഭീരു', പു. 643, 'ബിംബിസാരന്റെ ഇടയൻ', പു. 548.

192. ടി, പു. 548.

193. 'ഗീതാഞ്ജലി വിവർത്തനം എട്ടാം ഗീതം', *ജി. യുടെ കവിതകൾ*, പു. 1135.

194. ടി.

195. *ചങ്ങമ്പുഴക്കവിതകൾ*, പു. 277.

മറ്റൊരുദാഹരണം: 'What does little birdie say?', ടി, പു. 1615.

196. *വൈലോപ്പിള്ളി സമ്പൂർണകൃതികൾ, വാല്യം ഒന്ന്,* പു. 598.

197. 'അമ്മയും ഭാര്യയും', *ഇടശ്ശേരിക്കവിതകൾ*, പു. 377.

198. 'ഉറങ്ങുന്ന ആത്മാക്കൾ', *പി. കവിതകൾ*, പു. 233.

മറ്റുദാഹരണങ്ങൾ: 'സാന്ധ്യകിരണങ്ങൾ', ടി, പു. 441, 'പൂക്കളം', പു. 1380, 'വിഷുവേല നാൾ' പു. 1410, 'കാറ്റിനോട്', പു. 1830, 'കുയിൽ', പു. 1831, 'കളി', പു. 1844, 'തത്ത', പു. 1845, 'പൂന്തോട്ടം', പു. 1847.

199. *ബാലാമണിഅമ്മയുടെ കവിതകൾ*, പു. 308.

200. 'ഗീതാഞ്ജലി വിവർത്തനം എൺപത്തിയേഴാം ഗീതം', *ജി. യുടെ കവിതകൾ,* പു. 1177.

201. 'സമാധാനം', *ഇടപ്പള്ളി രാഘവൻപിള്ളയുടെ കൃതികൾ*, പു. 56.

202. *ചങ്ങമ്പുഴക്കവിതകൾ*, പു. 867

203. 'അപ്പക്കാള', *ഇടശ്ശേരിക്കവിതകൾ*, പു. 682

മറ്റുദാഹരണങ്ങൾ: 'ചന്ത പിരിഞ്ഞു', ടി, പു. 701, 'കുടിവെയ്ക്കാൻ', പു. 716, 'കടത്തുതോണി', പു. 722, 'കുങ്കുമപ്രഭാതം', പു. 759, 'പുതുമുള', പു. 761, 'ഒളിച്ചോട്ടം', പു. 782

204. *വൃത്തമഞ്ജരി,* പു. 73.

205. *വൃത്തവിചാരം*, പു. 121-122.

206. ടി, പു. 124.

207. വി. എൻ. ശാരദ അന്തർജ്ജനം, *ആതിരപ്പൂനിലാവ്* (കിടങ്ങൂർ: യോഗക്ഷേമ ഉപസഭ വനിതാവിഭാഗം, 2007), പു. 101.

208. ടി, പു. 100.

209. ടി, പു. 105.

210. 'ലി ലിൻഗ്', *ചങ്ങമ്പുഴക്കവിതകൾ*, പു. 1572.

211. *ഉള്ളൂരിന്റെ പദ്യകൃതികൾ, ഭാഗം ഒന്ന്*, പു. 479.

212. 'ഗീതാഞ്ജലി വിവർത്തനം അൻപത്തിയെട്ടാം ഗീതം', *ജി. യുടെ കവിതകൾ,* പു. 1161.

213. *ഇടപ്പള്ളി രാഘവൻപിള്ളയുടെ കൃതികൾ*, പു. 58.

214. 'ചപലകേളി', *ചങ്ങമ്പുഴക്കവിതകൾ*, പു. 297.

മറ്റുദാഹരണങ്ങൾ: 'ആരാധിക', പു. 359, 'മദിരോത്സവം', പു. 419, 'ആത്മരഹസ്യം', പു. 883, 'തങ്കക്കിനാവുകൾ', പു. 1265, 'കുമാരനാശാൻ', പു. 1343, 'ക്ഷമാപണം', പു. 1814, 'അമാലന്മാർ', പു. 1868

215. 'മാവിൻചോട്ടിലെ നാടകം', *ഇടശ്ശേരിക്കവിതകൾ,* പു. 219.

മറ്റൊരുദാഹരണം: 'ഭൂമിയുടെ അറ്റത്തേയ്ക്ക്', ടി, പു. 372.

216. 'ആനന്ദവല്ലീശ്വരി', *പി. കവിതകൾ*, പു. 38.

മറ്റുദാഹരണങ്ങൾ: 'ഉജ്ജയിനിയിലെ കന്യക', ടി, പു. 998, 'കണ്ണീരിന്റെ കത്ത്', പു. 1304, 'ആതിരനിലാവിൽ', പു. 1391, 'അന്നത്തെ തിരുവാതിര', പു. 1396

217. *കൈകൊട്ടിക്കളിപ്പാട്ടുകൾ*, പു. 318.

218. *മലയാള വൃത്തപഠനം*, പു. 163, 164.

219. ടി, പു. 164.

220. *സാഹിത്യമഞ്ജരി*, പു. 489.

221. *ജി. യുടെ കവിതകൾ*, പു. 1141.

222. 'ഗീതാഞ്ജലി വിവർത്തനം നൂറ്റിമുപ്പത്തിനാലാം ഗീതം', *ജി. യുടെ കവിതകൾ*, പു. 1205.

223. *പി. കവിതകൾ*, പു. 1401.

224. *ചങ്ങമ്പുഴക്കവിതകൾ*, പു. 266.

225. 'കേരളഗീതം', ടി. പു. 1823

226. 'ഗീതാഞ്ജലി വിവർത്തനം എൺപത്തിനാലാം ഗീതം', *ജി. യുടെ കവിതകൾ*, 1175.

227. *ഇടശ്ശേരിക്കവിതകൾ*, പു. 488.

228. ടി, പു. 489.

മറ്റുദാഹരണങ്ങൾ: 'കുടം നിറയ്ക്കൂ കൂടെ വരൂ', ടി, പു. 491, 'ഒരമ്മ പാടുന്നു', പു. 514, 'അമ്പാടിയിലേയ്ക്ക് വീണ്ടും', പു. 522, 'എന്റെ മാറാപ്പ്', പു. 573, 'ഒരു ഗന്ധർവ്വൻ പാടുന്നു', പു. 589,, 'അഭയം തേടി', പു. 633, 'ഈറ്റില്ലം', പു. 649, 'അമ്മിണിയും അനുജനും', പു. 707, 'കുമാരി സവി

തയും കവിതയും', പു. 747.

229. കെട്ടുവെള്ളം, പി. കവിതകൾ, പു. 194.

മറ്റുദാഹരണങ്ങൾ: 'തേനീച്ചകൾ' ടി, പു. 460, 'ഉദയതാരക', പു. 808, 'വിഷുപ്പക്ഷിയുടെ പാട്ട്', പു. 1426

230. ടി, പു. 205.

231. *വൈലോപ്പിള്ളി സമ്പൂർണകൃതികൾ, വാല്യം രണ്ട്*, പു. 274

232. ടി, പു. 832.

233. *പി. കവിതകൾ*, പു. 810.

മറ്റൊരുദാഹരണം: 'വഴിയമ്പലത്തിൽ', ടി, പു. 864.

234. *ജി. യുടെ കവിതകൾ,* പു. 903.

മറ്റുദാഹരണങ്ങൾ: 'വീണ്ടും വന്നു വസന്തം', ടി, പു. 914, 'പാടൂ വാനമ്പാടീ', പു. 958, 'ആലിപ്പഴങ്ങൾ', പു. 961), 'ചുറ്റും കൂരിരുൾ', പു. 972.

235. 'പൂവിന്റെ പാട്ട്', *ജി. യുടെ കവിതകൾ*, പു. 301.

മറ്റുദാഹരണങ്ങൾ: 'രാപ്പൂക്കൾ', ടി, പു. 540, 'ആഗ്രഹം', പു. 559.

236. 'വ്യാമൂഢൻ', *ചങ്ങമ്പുഴക്കവിതകൾ*, പു. 789.

മറ്റുദാഹരണങ്ങൾ: 'മരിച്ചിട്ട്', ടി, പു. 1555, 'ജയന്തി', പു. 1854.

237. *ബാലാമണിഅമ്മയുടെ കവിതകൾ*, പു. 570.

238. *ആശാന്റെ പദ്യകൃതികൾ*, പു. 599.

239. ടി.

240. *കൈകൊട്ടിക്കളിപ്പാട്ടുകൾ,* പു. 277–278.

241. എസ്. ഗുപ്തൻ നായർ, 'വിട്ടുപോയ കണ്ണികൾ', *സാഹിത്യചരിത്രം പ്രസ്ഥാനങ്ങളിലൂടെ*, പു. 708.

242. 'സച്ചിദാനന്ദം', *ജി. യുടെ കവിതകൾ,* പു. 1037.

മറ്റുദാഹരണങ്ങൾ: 'ഗീതാഞ്ജലി വിവർത്തനം മുപ്പതാം ഗീതം', ടി, പു. 1146, 'നാല്പത്തിയെട്ടാം ഗീതം', പു. 1155, 'തൊണ്ണൂറാം ഗീതം', പു. 1178.

243. *വൃത്തമഞ്ജരി,* പു. 72.

244. *വൃത്തവിചാരം,* പു. 107.

245. ടി, അടിക്കുറിപ്പ്, പു. 107.

246. 'നർത്തകി', *ചങ്ങമ്പുഴക്കവിതകൾ*, പു. 203.

247. 'ഗീതാഞ്ജലി വിവർത്തനം നൂറ്റിനാല്പത്തിരണ്ടാം ഗീതം', *ജി. യുടെ കവിതകൾ*, പു. 1209.

248. *ഇടശ്ശേരിക്കവിതകൾ*, പു. 668.

249. 'ആ മലനാടൻമങ്കമാർ', *പി. കവിതകൾ*, പു. 195

250. ടി.

251. *പി. കവിതകൾ*, പു. 90.

മറ്റുദാഹരണങ്ങൾ: 'വിദ്യാരംഭം', ടി, പു. 263, 'ദാരികനും കാളിയും', പു. 743, 'തൊഴുകൈ' പു. 1173,

252. *പി. കവിതകൾ,* അടിക്കുറിപ്പ് പു. 91.

253. 'ഗീതാഞ്ജലി വിവർത്തനം നാല്പത്തിയാറാം ഗീതം', *ജി. യുടെ കവിതകൾ*, പു. 1154.

254. *ഉള്ളൂരിന്റെ പദ്യകൃതികൾ, ഭാഗം രണ്ട്*, പു. 709.

255. *വൃത്തശില്പം*, പു. 129.

256. *ഉള്ളൂരിന്റെ പദ്യകൃതികൾ, ഭാഗം രണ്ട്*, അടിക്കുറിപ്പ്, പു. 709.

257. എൻ. കെ. ദാമോദരൻ, 'അവതാരിക', *പുലവൃത്തം*, മൂലൂർ. എസ്. പത്മനാഭപ്പണിക്കർ (ഇലവുന്തിട്ട: സരസകവി മൂലൂർ സ്മാരകക്കമ്മിറ്റി, 1999), പു. 5.

258. മൂലൂർ. എസ്. പത്മനാഭപ്പണിക്കർ, *പുലവൃത്തം*, പു. 49.

259. ടി, 'മുഖക്കുറിപ്പ്' പു. II, പുലവൃത്തം.

260. *പടേനി*, പു. 50.

261. *മലയാള വൃത്തപഠനം*, പു. 171.

262. *മലയാളത്തിലെ പഴയ പാട്ടുകൾ*, പു. 133.

263. *ജി. യുടെ കവിതകൾ*, പു. 731.

264. 'ഓർമ്മകൾ', *വൈലോപ്പിള്ളി സമ്പൂർണകൃതികൾ, വാല്യം ഒന്ന്*, പു. 339.

മറ്റുദാഹരണങ്ങൾ: 'ഉണ്ണികൾ', ടി, പു. 605, 'പഴയ മദ്യം', പു. 760.

265. *ഇടശ്ശേരിക്കവിതകൾ*, പു. 180.

266. *പി. കവിതകൾ*, പു. 84.